ISSN-0971-8400

# യോജന

ജൂൺ 2015 ഒരു വികസനപത്രിക ₹ 10

## ബദൽ വൈദ്യശാസ്ത്രം







**യോഗ: ആരോഗ്യത്തിനും രോഗ വിമുക്തിക്കും**
ഡോ. ഈശ്വർ വി. ബി.

**ആയുർവേദത്തിന്റെ വികസന വീക്ഷണം**
ഡി.സി. കട്ടോച്ച്

**ഹോമിയോപ്പതി എന്ന ശ്രേഷ്ഠ ചികിത്സ**
ഡോ. രാജ് മൻചന്ദ – ഡോ. ഹർലീൺ

International Day of Yoga 21 June
Yoga for Harmony & Peace

**ഇന്ത്യ മുന്നോട്ട്**

**നിക്ഷേപം, വളർച്ച, വികസനം**
പ്രവാകർ സാഹു, അഭിരൂപ് ഭൂനിയ

**ഉയരങ്ങൾ തേടുന്ന ഊർജ്ജ മേഖല**
കെ. ആർ. സുധാമൻ

**പ്രതീക്ഷകളുണർത്തി തൊഴിൽ മേഖല**
ദീപക് റാസ്ദാൻ

# ഇന്ത്യ / ഭാരതം 2015 : ഇ – പതിപ്പ്




രാജ്യത്തെകുറിച്ചുള്ള ആധികാരികവും വിശ്വസനീയവും പുതുമയുള്ളതുമായ വിവരങ്ങൾ തേടുന്നവർക്ക് ഇതാ ഒരു സദ് വാർത്ത. ഇന്ത്യ / ഭാരതം 2015 എന്ന പ്രശസ്തമായ റഫറൻസ് പുസ്തകത്തിന്റെ വാർഷിക പതിപ്പ് ഇ – പുസ്തകമായി, അനായാസം കമ്പ്യൂട്ടറിൽ ഡൗൺലോഡ് ചെയ്യാവുന്ന അവസ്ഥയിൽ ഇന്റർനെറ്റിൽ ലഭ്യമാക്കിയിരിക്കുന്നു. വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിനു കീഴിൽ പ്രവർത്തിക്കുന്ന പ്രസിദ്ധീകരണ വിഭാഗം കഴിഞ്ഞ 59 വർഷമായി തുടർച്ചയായി ഇംഗ്ലീഷിലും ഹിന്ദിയിലുമായി പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്ന ഈ ഗ്രന്ഥങ്ങൾ പുരോഗതിയുടെയും ക്ഷേമത്തിന്റെയും പാതയിൽ അതിവേഗം മുന്നേറുന്ന ഇന്ത്യൻ ജനത നടത്തുന്ന ബഹുമുഖ പ്രവർത്തനങ്ങളുടെ നേർസാക്ഷ്യങ്ങളാണ്. രാജ്യത്തെ മത്സര പരീക്ഷകൾക്കു തയാറെടുക്കുന്ന വിദ്യാർത്ഥികൾക്ക് ഈ സംശോധക ഗ്രന്ഥങ്ങൾ അറിവിന്റെ അക്ഷയനിധികളാണ്. ഇവ ഇപ്പോൾ ഡിജിറ്റൽ രൂപത്തിൽ കൂടുതൽ എളുപ്പത്തിൽ ലഭ്യമാക്കിയിരിക്കുകയാണ്.




കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ വകുപ്പ് മന്ത്രി ശ്രീ.അരുൺ ജെയ്റ്റ്‌ലി ഇന്ത്യ – 2015, ഭാരതം –2015 എന്നീ ഗ്രന്ഥങ്ങളുടെ പ്രകാശനം 2015 മെയ് 7 ന് ഡൽഹിയിൽ നിർവഹിച്ചു. രണ്ടു ഗ്രന്ഥങ്ങളുടെയും ഇ – പതിപ്പുകൾ തയാറാക്കുക വഴി ഡിജിറ്റൽ മാധ്യമങ്ങളുടെ അനുവാചകർക്ക് കൂടി ഇന്ത്യയെ കുറിച്ചുള്ള അറിവിന്റെ സമ്പത്ത് ഉപയോഗ യോഗ്യമാക്കിയിരിക്കുകയാണ് എന്ന് അദ്ദേഹം തദവസരത്തിൽ വ്യക്തമാക്കി. പുസ്തകങ്ങൾ ഇ – പതിപ്പുകളാക്കി പ്രസിദ്ധീകരിച്ചതിലൂടെ പ്രസാധക വ്യവസായത്തിലെ ഏറ്റവും ആധുനികമായ യുഗത്തിലേയ്ക്ക് പബ്ലിക്കേഷൻ വിഭാഗം എത്തിയിരിക്കുകയാണ് എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.




ഗൂഗിൾ, ഫ്ളിപ്പ് കാർട്ട് തുടങ്ങിയ ഇ കൊമേഴ്സ് പ്ലാറ്റ് ഫോമുകൾ വഴി 263 രൂപയ്ക്ക് പുസ്തകങ്ങൾ ലഭ്യമാണ്. രാജ്യത്തെ കുറിച്ചുള്ള ഏറ്റവും പുതിയ വിവരങ്ങൾ, ഗവൺമെന്റിന്റെ ഏറ്റവും പുതിയ ക്ഷേമ പ്രവർത്തന പദ്ധതികൾ, എല്ലാം ഞൊടിയിടയ്ക്കുള്ളിൽ നിങ്ങളുടെ മുമ്പിലെത്തും.

ജൂൺ 2015

വാല്യം 43 | ലക്കം 11

# യോജന

*ചീഫ് എഡിറ്റർ:*
**ദീപിക കച്ചൽ**

**മലയാളം പതിപ്പ്**

*സീനിയർ എഡിറ്റർ:*
**ഡോ. നീതു സോണ എം.**

*എഡിറ്റർ ഇൻ ചാർജ്:*
**ജെ. മഹേഷ് കുമാർ**





**ഈ ലക്കത്തിൽ**

## ബദൽ വൈദ്യശാസ്ത്രം


**മലയാളം പതിപ്പ്** : റ്റി.സി 25/139, ഗവൺമെന്റ് പ്രസ്സ് റോഡ്, തിരുവനന്തപുരം – 695 001, ഫോൺ : 0471 – 2323826
ഇ–മെയിൽ : yojanamal50@yahoo.co.in, yojanamalayalam@gmail.com

**വെബ്സൈറ്റ്** : www.yojana.gov.in
**ഇ–മെയിൽ** : yojanace@gmail.com

വരിസംഖ്യ/ബിസിനസ് സംബന്ധമായ വിവരങ്ങൾക്ക് : pdjucir@gmail.com

ആസൂത്രണവും വികസനവും ലക്ഷ്യമാക്കി മലയാളം, ഇംഗ്ലീഷ്, ഹിന്ദി, ബംഗാളി, തമിഴ്, അസമിയ, മറാഠി, തെലുങ്ക്, ഗുജറാത്തി, ഉറുദു, പഞ്ചാബി, കന്നട, ഒറിയ എന്നീ 13 ഭാഷകളിൽ പ്രസിദ്ധീകരിക്കുന്നത്.

ഇംഗ്ലീഷ് യോജനയുടെ വരിസംഖ്യാ സംബന്ധമായ അന്വേഷണങ്ങൾക്ക് എഴുതേണ്ട വിലാസം:

അഡ്വർടൈസിങ് ആന്റ് സർക്കുലേഷൻ മാനേജർ, ഈസ്റ്റ് ബ്ലോക്ക് – 4, ലെവൽ – 7, ആർ.കെ.പുരം, ന്യൂഡൽഹി – 110066, ഫോൺ : 26105590

വരിസംഖ്യ ഒരു വർഷം ₹ 100/–, രണ്ടു വർഷം ₹ 180, മൂന്നുവർഷം ₹ 250/–



യോജനയിൽ അച്ചടിച്ചു വരുന്ന ലേഖനങ്ങളിലെ അഭിപ്രായം ലേഖകരുടേതായിരിക്കും; അവ സർക്കാരിന്റേതാകണമെന്നില്ല. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും യോജനയ്ക്ക് ഉത്തരവാദിത്തമില്ല.

യോജനയുടെ ഉദ്ദേശ്യം വികസനത്തിന്റെ സന്ദേശം നാടെങ്ങും എത്തിക്കുകയാണ്. പക്ഷേ ഇതിൽ ഔദ്യോഗികാഭിപ്രായങ്ങൾക്കു മാത്രമല്ല സ്ഥാനം നല്കപ്പെടുക. ജനാഭിലാഷങ്ങളുടെയും നൈരാശ്യങ്ങളുടെയും കണ്ണാടി കൂടിയാണ് യോജന.


കവർ. അനിൽ തിവാരി

യോജന ജൂൺ 2015




# ലേഖനങ്ങൾ ക്ഷണിക്കുന്നു

**സമ്പദ് വ്യവസ്ഥ, ആരോഗ്യ, വിദ്യാഭ്യാസ, സാമൂഹ്യക്ഷേമ മേഖലകളിലെ പ്രവണതകൾ എന്നിവ സ്ഥിതിവിവര കണക്കുകളോടെ വിശകലനം ചെയ്യുന്ന**

## ലേഖനങ്ങൾ

**വിദഗ്ദ്ധരിൽ നിന്നും ഗവേഷണ വിദ്യാർത്ഥികളിൽനിന്നും**

## ക്ഷണിക്കുന്നു

**വിലാസം:**

**പത്രാധിപർ, യോജന, ഗവ. പ്രസ്സ് റോഡ്, തിരുവനന്തപുരം – 695 001**

**ഫോൺ നമ്പർ : 0471 – 2323826**

**ഇ–മെയിൽ:**

yojanamalayalam@gmail.com,yojanamal50@yahoo.co.in

യോജന
● ജൂൺ 2015 ● വാല്യം 43 ● ലക്കം പതിനൊന്ന്

# ഉള്ളടക്കം

## ബദൽ വൈദ്യശാസ്ത്രം

7 യോഗ: ആരോഗ്യത്തിനും രോഗവിമുക്തിക്കും
ഡോ. ഈശ്വർ വി. ബാസവറെഡ്ഡി

11 ആയുർവേദത്തിന്റെ വികസന വീക്ഷണവും ആവിർഭാവവും
ഡോ. ഡി.സി. കട്ടോച്ച്

15 ഹോമിയോപ്പതി എന്ന ശ്രേഷ്ഠ ചികിത്സ
ഡോ. രാജ് മൻചന്ദ, ഡോ. ഹർലീൺ കൗർ

19 യുനാനി – ആരോഗ്യത്തിന്റേയും രോഗ ശാന്തിയുടേയും ശാസ്ത്രം
പ്രൊഫ. റിയാസ് – ഉർ – റഹ്മാൻ

26 നിക്ഷേപം, വളർച്ച, വികസനം – പരിഷ്ക്കരണ മേഖലകൾ
പ്രവാകർ സാഹു, അഭിരൂപ് ഭുനിയ

33 ഉയരങ്ങൾ തേടുന്ന ഊർജ്ജ മേഖല
കെ. ആർ. സുധാമൻ

38 പ്രതീക്ഷകളുണർത്തി തൊഴിൽ മേഖല
ദീപക് റാസ്ദാൻ

43 ബാലാവകാശ നിയമങ്ങളുടെ അടിസ്ഥാന ശിലകൾ
അഡ്വ. നസീർ ചാലിയം

46 ഭാരത സർക്കാരും പഞ്ചായത്തീരാജ് സ്ഥാപനങ്ങളും: ഒരു ധനകാര്യ വിശകലനം.
ഡോ. സി. പ്രദീപ്

51 കില@ 25: സാമൂഹിക ശാക്തീകരണ പാഠശാല
അനിൽകുമാർ പി. വൈ

54 നിങ്ങൾക്കറിയാമോ?

## അടുത്ത ലക്കം

**ജൂലൈ 2015**

**അന്താരാഷ്ട്ര ബന്ധങ്ങളിൽ പുതിയ ചുവട് വെയ്പുകൾ**

## പത്രാധിപകുറിപ്പ്

ചുറ്റുപാടുകളോട് ഇണങ്ങാൻ കൂടുതൽ കഴിവുള്ള ജീവികൾ കാലത്തെ അതിജീവിക്കുമെന്ന് പണ്ട്, ചാൾസ് ഡാർവിൻ പരിണാമ സിദ്ധാന്തത്തിലൂടെ സ്ഥാപിക്കുകയുണ്ടായി. അതിജീവനത്തിനു വേണ്ടിയുള്ള ഈ അഭിനിവേശവും മത്സരവും മനുഷ്യരാശിയെ പുത്തൻ കണ്ടുപിടുത്തങ്ങളിലേയ്ക്കും സുസ്ഥിര ജീവിതവഴികളുടെ നവീകരണത്തിലേയ്ക്കും നയിക്കുകയായിരുന്നു.

ആശയവിനിമയത്തിന്റേയും യാത്രയുടേയും അതിവേഗത്തിലുള്ള സംവിധാനങ്ങളെ സംബന്ധിച്ചിടത്തോളം ഇത് വളരെ ശരിയാണ്. അതുപോലെ ഇപ്പോൾ ഔഷധങ്ങളും പുതിയ അതിർത്തികൾ പിടിച്ചടക്കുകയാണ്. അമൂല്യമായ മനുഷ്യ ജീവിതങ്ങളെ രക്ഷിക്കുന്ന വൈദ്യശാസ്ത്ര മേഖലയക്ക് ആധുനികമായ രോഗനിർണയ സാങ്കേതിക വിദ്യകളും ചികിത്സാ സൗകര്യങ്ങളും വളരെ വ്യത്യസ്തമായ ഒരു മാനം തന്നെ പ്രദാനം ചെയ്തിരിക്കുന്നു. അതേ സമയം ഈ നാണയത്തിന് മറുവശം കൂടി ഉണ്ട്. മനുഷ്യന്റെ, പ്രകൃതിയിലുള്ള അതിരുകടന്ന ഇടപെടലുകളും അനാരോഗ്യകരമായ ജീവിത ശൈലികളും അവന് സമ്മാനിച്ചിരിക്കുന്നത് തീരാവ്യാധികളും മാറാരോഗങ്ങളുമാണ്. ഈ രോഗങ്ങളെ ഭേദപ്പെടുത്തുന്നതിന് ആധുനിക ശാസ്ത്രം നൂതന സങ്കേതങ്ങൾ തേടിയിട്ടും അവയെ നിയന്ത്രിക്കാനോ ഇല്ലായ്മ ചെയ്യാനോ സാധിച്ചിട്ടുമില്ല. ഈ പശ്ചാത്തലത്തിലാണ് മനുഷ്യരാശി പ്രകൃതിയിലേയ്ക്ക് മടങ്ങുന്നതും, ബദൽ ഔഷധങ്ങളും ചികിത്സാരീതികളും ചിത്രത്തിലേയ്ക്ക് കടന്നു വരുന്നതും. അതുകൊണ്ട് ആയുർവേദം, ഹോമിയോപ്പതി, പ്രകൃതിചികിത്സ, യോഗ, യൂനാനി, സിദ്ധ തുടങ്ങിയ ബദൽ വൈദ്യശാസ്ത്ര രീതികൾ അനുശാസിക്കുന്നത്, ആരോഗ്യമുള്ള ശരീരവും ആരോഗ്യമുള്ള മനസും പരിപാലിക്കുന്ന, ശരീരത്തിന്റേയും മനസിന്റേയും സമഗ്രമായ ആരോഗ്യം നിലനിർത്തുന്ന, ഒരു ജീവിത ശൈലിയാണ്.

ഏതാണ്ട് 5000 വർഷങ്ങൾക്കു മുമ്പ് പുരാതന ഇന്ത്യൻ ശാസ്ത്രത്തോടൊപ്പം ആരംഭിച്ചതാണ് ആയുർവേദത്തിന്റെയും യോഗയുടെയും പ്രയാണം. സിദ്ധ, ദക്ഷിണേന്ത്യയിൽ ഏറെ പ്രചാരമുള്ള ചികിത്സാ രീതിയാണ്. യൂനാനിയാകട്ടെ പുരാതന ഗ്രീസിലെ പാരമ്പര്യ ചികിത്സാ സമ്പ്രദായവും. ഹോമിയോപ്പതിയുടെ ഉത്ഭവം 1800കളിലാണ്. ജർമ്മൻ ഭിഷഗ്വരനായ സാമുവൽ ഹനിമാനാണ് അതിന്റെ ഉപജ്ഞാതാവ്. അടുത്തകാലത്തായി ബദൽ ചികിത്സാ രീതികൾക്ക് ആഗോള തലത്തിൽ അംഗീകാരവും ജനപ്രീതിയും നേടാൻ സാധിച്ചിട്ടുണ്ട്. ഇതിനു കാരണം, ഫലപ്രദവും, ചെലവു കുറഞ്ഞതും, പാർശ്വഫലങ്ങൾ ഇല്ലാത്തതും ആണ് ഈ ചികിത്സാരീതി എന്നതു മാത്രമല്ല, പല മാറാരോഗങ്ങൾക്കും മരണം കാത്തു കഴിയുന്ന രോഗികൾക്കും ആശ്വാസം നല്കുവാൻ ഈ ചികിത്സാ രീതികൾക്ക് സാധിക്കുന്നു എന്നതു കൂടിയാണ്.

ഇന്ത്യയിൽ ഇതിനു മാത്രമായി ഒരു മന്ത്രാലയം തന്നെ പ്രവർത്തിക്കുന്നു – ആയുഷ് ആയുർവേദം, യോഗ, പ്രകൃതി ചികിത്സ, യൂനാനി, സിദ്ധ, ഹോമിയോപ്പതി (ആയുഷ്) ചികിത്സാരീതികൾ പരിശീലിപ്പിക്കുന്നതിനും അവയിൽ ഗവേഷണങ്ങൾ നടത്തുന്നതിനും ഈ മന്ത്രാലയത്തെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ആയുഷ് വിദ്യാഭ്യാസ പദ്ധതിയുടെ നിലവാരം, ഗുണമേന്മാ പരിശോധന, ഔഷധങ്ങളുടെ നിലവാര നിർണയം, ഗവേഷണ– വികസന പ്രവർത്തനങ്ങൾ, രാജ്യ– രാജ്യാന്തര തലങ്ങളിലുള്ള ബോധവത്ക്കരണം തുടങ്ങിയ ചുമതലകളാണ് ആയുഷിന്റേത്. മനുഷ്യന്റെ ശാരീരികവും മാനസികവും ആത്മീയവുമായ സുസ്ഥിതിക്ക് യോഗ വളരെ പ്രയോജനകരമെന്ന് ഐക്യരാഷ്ട്ര സഭ 2014 ഡിസംബറിൽ ചേർന്ന ജനറൽ അസംബ്ലിയിൽ പ്രമേയം പാസാക്കുകയുണ്ടായി. എല്ലാ വർഷവും ജൂൺ 21 യോഗ ദിനമായി ഐക്യരാഷ്ട്ര സഭ പ്രഖ്യാപിക്കുകയും ചെയ്തു. അതനുസരിച്ച് 2015 ജൂൺ 21 ആദ്യ അന്താരാഷ്ട്ര യോഗ ദിനമായി ആചരിക്കപ്പെടും.

ഈ പശ്ചാത്തലത്തിലാണ് യോജന മാന്യ വായനക്കാർക്ക് ഈ ബദൽ ചികിത്സാ മാർഗ്ഗങ്ങളെ കുറിച്ച്, അവയുടെ തത്വങ്ങളേയും പ്രയോജനങ്ങളേയും കുറിച്ച് ഒരു ഉൾക്കാഴ്ച നല്കാൻ തീരുമാനിച്ചിരിക്കുന്നത്. ഇപ്പോഴത്തെ കേന്ദ്രഗവൺമെന്റ് അധികാരത്തിൽ ഒരു വർഷം പൂർത്തിയാക്കുന്ന ഈ അവസരത്തിൽ, ഭരണകൂടം ഏറ്റെടുത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളെ കുറിച്ചും തൊഴിൽ അവസര സൃഷ്ടി, ദാരിദ്ര്യ നിർമ്മാർജ്ജനം, ഉള്ളവരും ഇല്ലാത്തവരും തമ്മിലുള്ള വിടവ് നികത്തൽ, ഇന്ത്യൻ സമ്പദ് വ്യവസ്ഥയുടെ വളർച്ച തുടങ്ങിയവ ജനങ്ങൾക്കിടയിൽ ഉണ്ടാക്കിയ സ്വാധീനത്തെ കുറിച്ചും ഈ ലക്കത്തിൽ ചർച്ച ചെയ്യുന്നുണ്ട്.

ബദൽ മരുന്നുകൾ വെറും ബദലല്ല, അവ ആരോഗ്യ സംരക്ഷണത്തിന്റെ അടിസ്ഥാനം തന്നെയാണ് എന്നു പറയാം. അതിനാൽ അവ ഓരോരുത്തരുടേയും ജീവിതത്തിന്റെ ഭാഗം തന്നെയാണ്. ഇതു സംബന്ധിച്ചുള്ള ഗവൺമെന്റിന്റെ നയങ്ങളാണ് ഇനി ഓരോ ഇന്ത്യൻ പൗരന്റെയും ജീവിതത്തിൽ ആരോഗ്യവും സന്തുഷ്ടിയും ഉറപ്പാക്കുക.

# യോഗ: ആരോഗ്യത്തിനും രോഗവിമുക്തിക്കും

ഡോ.ഈശ്വർ വി.ബാസവറെഡ്ഢി

മനുഷ്യ മനസും ശരീരവും തമ്മിലുള്ള ഐക്യത്തിന് ഊന്നൽ നല്കുന്നതും അതിനിഗൂഢമായ ശാസ്ത്രത്തിൽ അധിഷ്ഠിതവുമായ ആത്മീയ പരിശീലനമാകുന്നു യോഗ. ആരോഗ്യകരമായ ജീവിതത്തിന്റെ കലയും ശാസ്ത്രവുമാണിത്. യോഗയുടെ സമഗ്ര സമീപനം, രോഗപ്രതിരോധത്തിനും ആരോഗ്യ പരിപാലനത്തിനും ജീവിതശൈലിയുമായി ബന്ധപ്പെട്ട വിവിധ രോഗങ്ങളിൽ നിന്നു മുക്തി നേടുന്നതിനും വേണ്ടി ജീവിതത്തിന്റെ എല്ലാ മേഖലകളും തമ്മിൽ യോജിപ്പ് വരുത്തുന്നു. 'യുജ്' എന്ന സംസ്കൃത പദത്തിൽ നിന്നാണ് യോഗയുടെ ഉത്ഭവം. ഒന്നിക്കുക അല്ലെങ്കിൽ ഐക്യപ്പെടുക എന്നാണ് ഇതിന് അർത്ഥം. യോഗയുടെ പരിശീലനം സാർവത്രിക ബോധവുമായി വ്യക്തിയുടെ ബോധത്തെ ഐക്യപ്പെടുത്തുന്നു. അതായത് മനസും ശരീരവും തമ്മിലും മനുഷ്യനും പ്രകൃതിയും തമ്മിലുമുള്ള പൂർണമായ ലയനമാണ് ഇത് സൂചിപ്പിക്കുക. ആത്മസാക്ഷാത്ക്കാരത്തിലൂടെ എല്ലാ സഹനങ്ങളെയും മറികടന്ന് സ്വാതന്ത്ര്യത്തിന്റെ അവസ്ഥയിൽ എത്തുക, അതാണ് യോഗയുടെ ലക്ഷ്യം.

**യോഗയുടെ ഉത്ഭവവും വികാസവും:**

ആയിരക്കണക്കിനു സംവത്സരങ്ങൾക്കു മുമ്പാണ് യോഗയുടെ ഉത്ഭവം; ഒരു പക്ഷെ ആദ്യത്തെ മതമോ വിശ്വാസ സംഹിതയോ പോലും ജനിക്കുന്നതിനും മുമ്പ്. യോഗ സിദ്ധാന്ത പ്രകാരം ശിവനാണ് പ്രഥമ യോഗി അഥവാ ആദിയോഗി. ആയിരക്കണക്കിനു സംവത്സരങ്ങൾക്കു മുമ്പ് ഹിമാലയത്തിലെ കാന്തിസരോവര തടാകക്കരയിൽ വച്ച് ആദിയോഗി തന്റെ അളവറ്റ വിജ്ഞാനമത്രയും ഇതിഹാസത്തിലെ സപ്തഋഷികൾക്ക് പകർന്നു നല്കി. ഈ സന്യാസി വര്യരാണ് ഏഷ്യ, മധ്യപൂർവ രാജ്യങ്ങൾ, ആഫ്രിക്കൻ വൻകര, ദക്ഷിണ അമേരിക്ക തുടങ്ങി എല്ലാ രാജ്യങ്ങളിലും യോഗ ശാസ്ത്രം വ്യാപിപ്പിച്ചത്. ആധുനിക പണ്ഡിതർ ശ്രദ്ധിക്കുകയും അമ്പരക്കുകയും ചെയ്തിട്ടുള്ള രസകരമായ ഒരു കാര്യം ലോകമെമ്പാടുമുള്ള സംസ്കാരങ്ങളുടെ പരസ്പര സാദൃശ്യമാണ്. എന്തായാലും ഇന്ത്യയിലാണ് യോഗ അതിന്റെ പൂർണതയിൽ ആവിഷ്കൃതമായിട്ടുള്ളത്. സപ്തഋഷികളിൽ ഒരാളായ അഗസ്ത്യനാണ് ഇന്ത്യയിലുടനീളം സഞ്ചരിച്ച് ഈ സംസ്കാരവും യോഗ എന്ന ജീവിത രീതിയും രൂപപ്പെടുത്തിയത്. സിന്ധു ഗംഗാ നദീതടത്തിൽ നിന്നു കണ്ടെടുത്ത ചരിത്രാവശിഷ്ടങ്ങളും നിരവധി മുദ്രകളും സൂചിപ്പിക്കുന്നത് പ്രാചീന ഇന്ത്യയിൽ നിലവിലുണ്ടായിരുന്ന യോഗയുടെ സാന്നിധ്യമാണ്. നമ്മുടെ എല്ലാ ഗോത്ര പാരമ്പര്യങ്ങളിലും, സിന്ധു ഗംഗാ നദീതട നാഗരികതയിലും, വേദ ഉപനിഷത്തുകളിലും, ബുദ്ധ-ജൈന പാരമ്പര്യങ്ങളിലും ദർശനങ്ങളിലും, മഹാഭാരതം-രാമായണം എന്നീ ഇതിഹാസഗ്രന്ഥങ്ങളിലും, ശൈവ വൈഷ്ണവ, താന്ത്രിക വിശ്വാസങ്ങളിലും യോഗയുടെ സാന്നി

ധ്യമുണ്ട്. വേദ കാലങ്ങൾക്കും മുമ്പ് യോഗ പരിശീലിച്ചിരുന്നു. എങ്കിലും മഹർഷി പതഞ്ജലിയാണ് നിലവിലുള്ള യോഗസൂത്രങ്ങൾ ശാസ്ത്രീയമായി ക്രോഡീകരിച്ചത്. പതഞ്ജലിക്കു ശേഷവും പ്രഗത്ഭരായ യോഗാചാര്യന്മാർ അവരുടെ പരിശീലനത്തിലൂടെയും കണ്ടെത്തലുകളിലൂടെയും നിരവധി പരിഷ്കാരങ്ങൾ യോഗയിൽ കൊണ്ടുവന്നിട്ടുണ്ട്. ഇന്ന് ലോകമെമ്പാടും ലക്ഷക്കണക്കിന് ആളുകളാണ് പ്രശസ്തരായ യോഗാചാര്യന്മാരുടെ കീഴിൽ യോഗ അനുഷ്ഠിക്കുകയും അതിലൂടെ ശരീരത്തിന്റേയും മനസിന്റേയും ശാന്തി അനുഭവിക്കുകയും ചെയ്യുന്നത്.

**ആരോഗ്യത്തിനും രോഗവിമുക്തിക്കും യോഗാനുഷ്ഠാനം**

യമം, നിയമം, ആസനം, പ്രാണയാമം, പ്രത്യാഹാരം, ധാരണ, ധ്യാനം, സമാധി/സംയമം, ബന്ധം, മുദ്ര, സത്ക്കർമം, യുക്താഹാരം, യുക്ത കർമ്മം, മന്ത്രജപം തുങ്ങിയവയാണ് വ്യാപകമായി ചെയ്യപ്പെടുന്ന യോഗ സാധനകൾ.

യമങ്ങൾ എന്നാൽ നിയന്ത്രണങ്ങൾ. നിയമങ്ങൾ എന്നാൽ ചെയ്തികൾ. യോഗ സാധനയുടെ മുൻ ഉപാധികളായിട്ടാണ് ഇവ രണ്ടും പരിഗണിക്കപ്പെടുക. മനസിനേയും ശരീരത്തേയും ഏകാഗ്രമാക്കുന്നതിനാണ് ആസനങ്ങൾ അനുഷ്ഠിക്കുന്നത്. അത് ശരീരത്തിന്റെ വിവിധ തരത്തിലുള്ള നിലകളാണ്. ആരോഗ്യകരമായ ജീവിതത്തിന് യോഗാസനങ്ങൾ വ്യാപകമായി പരിശീലിക്കപ്പെടുന്നു.

പ്രാണയാമം ശ്വാസോഛ്വാസ നിയന്ത്രണമാണ്. നാം ബോധപൂർവം ശ്വാസം ഉള്ളിലേയ്ക്ക് വലിക്കുകയും പുറത്തേയക്ക് തള്ളുകയും ചെയ്യുന്ന പ്രക്രിയ. ഇതു പരിശീലിക്കുക വഴി മനസിനെ നിയന്ത്രിക്കുവാനുള്ള കഴിവ് സ്വായത്തമാക്കാം. തുടക്കത്തിൽ മൂക്കിലൂടെയും വായിലൂടെയും ശരീരത്തിലെ ഇതര രന്ധ്രങ്ങളിലൂടെയും ശ്വാസ നിശ്വാസ പ്രക്രിയയെ അനുഭവിക്കുവാൻ പരിശീലിക്കുന്നു. പിന്നീട് ഇതിനെ നിയന്ത്രിക്കാൻ പഠിക്കുന്നു. ക്രമേണ ഉള്ളിലേയ്ക്ക് വലിക്കുന്ന ജീവ വായുവിനെ ശരീരത്തിന്റെ ഓരോ ഭാഗങ്ങളിൽ കൂടിയും സഞ്ചരിപ്പിക്കാനുള്ള ശേഷി സ്വായത്തമാക്കുന്നു.

പ്രത്യാഹാരം മനസിനെ ബാഹ്യ വസ്തുക്കളുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന ഏഴ് ഇന്ദ്രിയങ്ങളിൽ നിന്നും പിൻവലിക്കലാണ്. ധാരണ ശരീരത്തിന്റേയും മനസിന്റേയും ശ്രദ്ധയാണ്. ഇതിനെയാണ് സാധാരണ ഏകാഗ്രത എന്നു പറയുന്നത്. മനസിനേയും ശരീരത്തേയും ഏകാഗ്രമാക്കുന്നതാണ് ധ്യാനാവസ്ഥ. സമാധിയാണ് നിർവാണം.

പ്രാണയാമവുമായി ബന്ധപ്പെട്ട പ്രവൃത്തികളാണ് ബന്ധങ്ങളും മുദ്രകളും. ഇവ യോഗയുടെ കുറെക്കൂടി ഉയർന്ന തലത്തിലുള്ള കർമ്മങ്ങളാണ്. ഇവ മനസിനെ കൂടുതൽ ഏകാഗ്രമാക്കി നിർവാണ അവസ്ഥയിൽ എത്തിക്കും. സത് കർമ്മങ്ങളാണ് ശരീരത്തിൽ അടിഞ്ഞുകൂടിയിട്ടുള്ള വിഷം നിർവീര്യമാക്കുന്നത്. ഇതിന് ഒരു വൈദ്യശാസ്ത്ര സ്വഭാവമുണ്ട്.

ആരോഗ്യമുള്ള ജീവിതത്തിനാവശ്യമായ ശരിയായ ഭക്ഷണ രീതിയാണ് യുക്താഹാരം. ധ്യാനത്തിന്റെ പരിശീലനം നമ്മെ ആത്മ സാക്ഷാത്ക്കാരത്തിലേയ്ക്കും അതിലൂടെ യോഗ സാധനയിലേയ്ക്കും നയിക്കും. ആസനങ്ങൾ, പ്രാണയാമം, ധ്യാനം എന്നിവയുടെ അനുഷ്ഠാനം ദിനചര്യയാക്കിയാൽ ശരീരത്തെ ആരോഗ്യമുള്ളതായി പരിപാലിക്കാം; രോഗങ്ങളെ ഒരു പരിധി വരെ അകറ്റി നിർത്തുകയും ചെയ്യാം.

**യോഗയും ജീവിത ശൈലിയും:**

ജീവിത ശൈലി എന്നാൽ ആളുകളുടെ ജീവിത രീതിയാണ്. ഓരോ വ്യക്തിയുടേയും ആരോഗ്യം, രോഗം എന്നിവയുമായി ഇതിന് വലിയ ബന്ധമുണ്ട്. ജീവിത ശൈലി ചെറുപ്പത്തിൽ തന്നെ വികസിക്കുന്നതാകയാൽ ശൈശവത്തിൽ തന്നെ ആരോഗ്യകരമായ ജീവിത ശൈലി പരിശീലിക്കേണ്ടതാകുന്നു. ഒരാളുടെ ജീവിത ശൈലിയെ നിർണയിക്കുന്നത് വിവിധ ഘടകങ്ങളാണ്. ഒന്ന് സാമ്പത്തികാവസ്ഥ. ഇത് ദരിദ്രരിൽ പോഷകാഹാര കുറവും സമ്പന്നരിൽ പൊണ്ണത്തടിയും സൃഷ്ടിക്കും. സമൂഹത്തിലെ സാംസ്കാരിക മൂല്യങ്ങൾ

ജനങ്ങളുടെ ആഹാര താല്പര്യങ്ങളെ നിർണയിക്കും. പുകവലിയും മദ്യപാനവും പോലെ മടിയും ഹൃദ് രോഗങ്ങളെയും കരൾ രോഗങ്ങളെയും ക്ഷണിച്ചു വരുത്തും. ആരോഗ്യകരമായ ആഹാര ക്രമം, ശാരീരിക വ്യായാമം, നല്ല ശീലങ്ങൾ, വിശ്രമം തുടങ്ങിയവയാണ് ആരോഗ്യകരമായ ജീവിത ശൈലിയുടെ പ്രധാന ഘടകങ്ങൾ.

പൂർണവും സമഗ്രവുമായ ജീവിത ശൈലിയാണ് യോഗ. യോഗയുടെ തത്വങ്ങൾ അനുയോജ്യമായ ആരോഗ്യ അവസ്ഥകൾ വികസിപ്പിക്കുന്നതിന് സഹായകരമാണ്. ശരീരത്തിന്റേയും മനസിന്റേയും സമ്മർദ്ദത്തെ നിയന്ത്രിക്കുന്നതിന് യോഗ അത്യുത്തമമത്രെ.

യോഗ ചികിത്സ താഴെ പറയുന്ന സിദ്ധാന്തങ്ങളെ അടിസ്ഥാനമാക്കിയാണ് നിലകൊള്ളുന്നത്.

- പതഞ്ജലിയുടെ യോഗസൂത്രങ്ങളായ ചിത്തവൃത്തി നിരോധനം, ക്രിയാ യോഗം, അഷ്ടാംഗം.
- ഉപനിഷത്തുകളിൽ പരാമർശിക്കുന്ന പഞ്ചകോശങ്ങൾ.
- പതഞ്ജലിയുടെ യോഗസൂത്രത്തിലും ഹഠയോഗത്തിലും കാണുന്ന വിവിധ ശുദ്ധികൾ.
- ഹഠയോഗത്തിലും കുണ്ഠലിനി യോഗയിലും പരാമർശിക്കുന്ന വിവിധ വായുക്കൾ, പ്രാണനുകൾ, പത്മാസനങ്ങൾ, ചക്രങ്ങൾ, പ്രാണായാമം, മുദ്രകൾ, ദൃഷ്ടികൾ.
- പതഞ്ജലി യോഗ സൂത്ര, മന്ത്ര യോഗ, ഹഠയോഗ പ്രകാരമുള്ള മനോ നിയന്ത്രണം
- ഭഗവത്ഗീതയിൽ പരാമർശിക്കുന്ന കർമ - ജ്ഞാന ഭക്തി.
- തന്ത്രയോഗത്തിലെ ചില ഘടകങ്ങൾ

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ആരോഗ്യ പരിപാലനത്തിനുള്ള ഒരു ബദൽ ചികിത്സാ രീതിയായി യോഗ നിലനിൽക്കുന്നു. യോഗ പരിശീലിക്കുന്നവരുടെ സംഖ്യ അതിശയകരമായി വർധിച്ചു വരികയാണ്. യോഗകൊണ്ടുള്ള ഏറ്റവും വലിയ പ്രയോജനം രക്ത സമ്മർദ്ദം നിയന്ത്രണ വിധേയമാകുന്നു എന്നതത്രേ. നിരവധി പഠനങ്ങൾ ഇതു തെളിയിച്ചിട്ടുണ്ട്. ഹൃദ്രോഗം, അൾസർ എന്നിവയും യോഗയിലൂടെ നിയന്ത്രിക്കാൻ സാധിക്കുന്നു. ടൈപ്പ് 2 പ്രമേഹത്തെയും യോഗ കൊണ്ട് നിയന്ത്രിക്കാൻ സാധിക്കുന്നു. പ്രമേഹരോഗികൾക്ക് അവരുടെ മരുന്നുകൾ കുറയ്ക്കാൻ യോഗ ഉത്തമമാണ്. യോഗ ചെയ്താൽ പ്രമേഹ രോഗികൾക്ക് ഹൃദ് രോഗത്തെ ഭയപ്പെടേണ്ടതില്ല. ജീവിത ശൈലീ രോഗങ്ങളെ തടഞ്ഞു നിർത്താൻ യോഗ ഉത്തമമാണ് എന്ന് വിവിധ മെഡിക്കൽ ജേണലുകളിൽ വന്ന പ്രബന്ധങ്ങൾ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ശാരീരികവും മാനസികവുമായ ധാരാളം പ്രയോജനങ്ങൾ യോഗയിലൂടെ ലഭ്യമാണ് എന്ന് വൈദ്യശാസ്ത്ര ഗവേഷണങ്ങൾ വ്യക്തമാക്കുന്നു.

**യോഗയുടെ പ്രവർത്തനം**

മനുഷ്യരിൽ യോഗ ശരീരത്തിനും മനസിനും ആവശ്യമായ ഒരു ഔഷധമായിട്ട് പ്രവർത്തിക്കുന്നത് ഇപ്രകാരമാണ്.

1. മനുഷ്യ ശരീരത്തിൽ അടിഞ്ഞുകൂടുന്ന വിഷങ്ങളെ വിവിധ ശുദ്ധിക്രിയകളും സൂക്ഷ്മവ്യായമങ്ങളും വഴി നിർമ്മാർജ്ജനം ചെയ്യുന്നു.
2. കൃത്യമായ പഥ്യാഹാരക്രമം പാലിച്ചുകൊണ്ട് യോഗ ചെയ്താൽ ശരീരത്തിന് എല്ലാ അർത്ഥത്തിലുമുള്ള പുനരുജ്ജീവനം ലഭിക്കും.
3. വിവിധ ആസനങ്ങളിലൂടെ ശരീരത്തെ മുഴുവൻ ദൃഢമാക്കുന്നു. അതു വഴി ശരീരത്തിന്റെ സന്തുലിതാവസ്ഥ നിലനിർത്തുന്നു.
4. ശ്വാസോച്ഛ്വാസ നിയന്ത്രണത്തിലൂടെ ശ്വസന പ്രക്രിയയെ ശരീരത്തിൽ കൂടുതൽ ഉർജ്ജം ലഭ്യമാക്കാനുള്ള സംവിധാനമാക്കുന്നു.
5. ശരീരത്തിന്റെ ചലനങ്ങളേയും മാനസിക വ്യാപാരങ്ങളേയും തമ്മിൽ സമന്വയിപ്പിക്കുന്നു.

6. മനസിനെ ശരീരത്തിലെ വിവിധ അവയവങ്ങളിലൂടെ നമ്മുടെ ഇഷ്ടം പോലെ സഞ്ചരിപ്പിക്കാൻ ശീലിപ്പിക്കുന്നു. ആന്തരികമായി ശാന്തി നിലനിർത്താൻ സഹായിക്കുന്നു. മാനസിക – ശാരീരിക സന്തുലിതാവസ്ഥ നിലനിർത്തുന്നു.

7. ശാരീരികവും മാനസികവുമായ വ്യായാമങ്ങളിലൂടെ ശരീര – വികാര – മാനസിക സങ്കീർണതകൾ, ആന്തരികവും ബാഹ്യവുമായ സമ്മർദ്ദങ്ങൾ എന്നിവയെ ചെറുത്തു നില്ക്കാൻ യോഗ ശേഷി നല്കുന്നു. ഇതുവഴി ജീവിതത്തിന്റെ നിലവാരവും ഉയരുന്നു.

8. ആത്മവിശ്വാസവും ആന്തരിക സൗഖ്യവും ഉണ്ടാകുന്നു. ജീവിതത്തോട് ശരിയായ മനോഭാവം നമ്മിൽ വളരുന്നു.

9. യോഗ ശീലിക്കുന്നതോടെ ശരീരത്തിലെ എല്ലാ അവയവങ്ങളും സാധാരണ അവസ്ഥയിൽ പ്രവർത്തിക്കുന്നു. രോഗപ്രതിരോധ, ആരോഗ്യ പുനസ്ഥാപന ശേഷികൾ ശരീരത്തിനു ലഭിക്കുന്നു എന്നു മാത്രമല്ല, ആരോഗ്യവുമായി ബന്ധപ്പെട്ട്ജീവിതത്തിൽ ഉണ്ടാകുന്ന എല്ലാ വെല്ലുവിളികളേയും മറികടക്കാൻ യോഗ നമ്മെ പ്രാപ്തരാക്കുകയും ചെയ്യുന്നു. ആധുനിക ആരോഗ്യ സംരക്ഷണത്തിൽ സാക്ഷാത്തായ ആരോഗ്യമെന്ന സങ്കല്പമാണ് യോഗയുടെ ഏറ്റവും പ്രധാന സംഭാവന. പൊതുജനാരോഗ്യ മേഖലയിൽ യോഗ രോഗത്തെ പ്രതിരോധിക്കുക മാത്രമല്ല ആരോഗ്യത്തെ വർധിപ്പിക്കുകയും ചെയ്യുന്നു. ഏറ്റവും പ്രധാന വസ്തുത യോഗ ചെലവു കുറഞ്ഞതും ഏതു ചികിത്സാ പദ്ധതിയ്ക്കു ഒപ്പം പ്രയോഗിക്കാവുന്നതുമാണ്.

**യോഗയും ആയുർവേദവും:**

യോഗയും ആയുർവേദവും ഇണപിരിയാത്ത സഹോദരിമാരാണ്. വേദജ്ഞാനത്തിൽ നിന്നാണ് രണ്ടിന്റെയും ഉത്ഭവം. ആയുർവേദവും യോഗയും ത്രിഗുണ തത്വങ്ങളിൽ ( സത്വ, രജ, തമോ) ഗുണങ്ങളിലും പഞ്ചമഹാഭൂതങ്ങളിലും ( വായു, അഗ്നി, ജലം, ആകാശം, ഭൂമി) അധിഷ്ഠിതമാണ്. ഭക്ഷണവും മരുന്നും എങ്ങിനെ മനുഷ്യ ശരീരത്തിൽ പ്രവർത്തിക്കുന്നു എന്നതാണ് യോഗയുടെയും ആയൂർവേദത്തിന്റെയും പ്രധാന പഠന വിഷയം. ഇവ പരസ്പര പൂരകവും ആണ്. ശരീരത്തിന്റെ ആരോഗ്യം മനസിന്റെ സന്തുലിതാവസ്ഥയുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നതാണ് രണ്ടിന്റെയും അടിസ്ഥാന തത്വം. ശരീരത്തിലെ 72,000 നാഡികൾ, ഏഴ് ചക്രങ്ങൾ (ഉർജ്ജ കേന്ദ്രം) പഞ്ചകോശങ്ങൾ, കുണ്ടലിനി ശക്തി എന്നിവയിലാണ് മനുഷ്യ ശരീരത്തിന്റെ ശരീര ശാസ്ത്രം മുഴുവൻ അടങ്ങിയിരിക്കുന്നത്. ശരീരത്തിന്റേയും മനസിന്റേയും ആരോഗ്യത്തിന് ആയൂർവേദ ചികിത്സയിലെ പ്രധാന നിർദ്ദേശങ്ങളാണ് ആസനങ്ങൾ.

**ഉപസംഹാരം**

ഇന്ന് ആരോഗ്യ പരിരക്ഷണ മേഖലയിൽ ആധുനിക വൈദ്യശാസ്ത്രമാണ് മുന്നേറുന്നത്. പക്ഷേ ജീവൻ രക്ഷാ ഔഷധങ്ങളുടെ വില സാധാരണക്കാർക്കും പാവപ്പെട്ടവർക്കും താങ്ങാൻ സാധിക്കുന്നതിനും അപ്പുറത്തായിരിക്കുന്നു. മറുവശത്ത് സുരക്ഷിതവും ഫലപ്രദവും ചെലവു കുറഞ്ഞതും, എല്ലായിടത്തും ലഭ്യവുമായ ആരോഗ്യ പരിപാലന രീതികളാണ് സമൂഹത്തിന് വേണ്ടത്. യോഗയുടെ അതിപുരാതനമായ ആരോഗ്യ പരിപാലന സംവിധാനവും തനത് വിജ്ഞാനവും, ശേഷിയും മൂലം വികസ്വര രാജ്യങ്ങളിൽ ബദൽ ചിതിസാ പദ്ധതി എന്ന നിലയ്ക്ക് യോഗയ്ക്ക് കൂടുതൽ സ്വീകാര്യത നല്കുന്നു. വ്യാവസായികമായി പുരോഗതി നേടിയ രാജ്യങ്ങളും ചില പാശ്ചാത്യ നാടുകളും ഇപ്പോഴും യോഗയ്ക്ക് എന്തോ ഒരു നിഗൂഢത കല്പ്പിക്കുന്നുണ്ട്. ഒരു ചികിത്സാ പദ്ധതി എന്ന നിലിൽ യോഗയെ ഇനിയും വേണ്ടത്ര മനസിലാക്കിയിട്ടില്ല എന്നു വേണം കരുതാൻ. കൂടുതൽ ഗവേഷണങ്ങൾ ഈ മേഖലയിൽ ഇനിയും നടക്കേണ്ടിയിരിക്കുന്നു. എന്നിരുന്നാലും വർത്തമാന കാലത്തിൽ ഏറ്റവും അഭിലഷണീയവും പരമ്പരാഗതവുമായ ആരോഗ്യ പരിപാലന സംവിധാനം യോഗ തന്നെയാകുന്നു.

**ഡൽഹിയിലെ മൊറാർജി ദേശായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് യോഗയുടെ ഡയറക്ടറാണ് ലേഖകൻ**

# ആയുർവേദത്തിന്റെ വികസന വീക്ഷണവും ആവിർഭാവവും

ഡോ. ഡി. സി. കട്ടോച്ച്

പ്രകൃതിക്ക് അനുയോജ്യമായ ഒരു ചികിത്സാ രീതി എന്ന നിലയിൽ ആയുർവേദത്തിന്റെ ഉത്ഭവം വേദ സാഹിത്യത്തിൽ ഉൾക്കൊണ്ടതാണ്. അയ്യായിരത്തോളം വർഷങ്ങൾക്ക് മുമ്പ് ആയുർവേദത്തിന്റെ വേരുകൾ അഥർവവേദത്തിൽ ഉള്ളതാണെന്നാണ് വിശ്വാസം. 'അഞ്ചാമത്തെ വേദം' അല്ലെങ്കിൽ 'ജീവന്റെ ശാസ്ത്രം' എന്ന് അതിനെ കരുതിപ്പോന്നു. തുടക്കത്തിൽ ഒരു തലമുറയിൽ നിന്ന് അടുത്ത തലമുറയിലേക്ക് വായ്മൊഴിയായി പകർന്ന ആയുർവേദം ക്രിസ്തുവിന് 1000 വർഷം മുമ്പ് ചരക സംഹിത, ശുശ്രൂത സംഹിത എന്നീ ബൃഹത് സംഗ്രഹങ്ങളിലൂടെ ലിഖിത രൂപത്തിലായി. ചരക സംഹിതയിലും ശുശ്രുത സംഹിതയിലും അടിസ്ഥാനമായ മറ്റ് രണ്ട് ആയുർവേദ സംഗ്രഹങ്ങളായ അഷ്ടാംഗ സംഗ്രഹം, അഷ്ടാംഗ ഹൃദയം എന്നിവ ഏറെക്കാലം കഴിഞ്ഞ് രചിക്കപ്പെട്ടവയാണ്. ബി.സി. ഒന്നാം സഹസ്രാബ്ദത്തിന്റെ അന്ത്യത്തോടെ ആയുർവേദം രണ്ട് സുപ്രധാന സമ്പ്രദായങ്ങളായി തിരിഞ്ഞു. ആത്രേയ സമ്പ്രദായം-ഭിഷഗ്വരന്മാരുടേത്, ധന്വന്തരി സമ്പ്രദായം-ശാസ്ത്രക്രിയകൾ സംബന്ധിച്ചത് എന്നിവയാണവ. ഭാഗ്യവശാൽ ആയുർവേദത്തിലെ എല്ലാ പ്രധാന പുസ്തകങ്ങളും ഇന്ന് ലഭ്യമാണ്. 1940 ലെ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക് നിയമത്തിന്റെ ഒന്നാം പട്ടികയിലാണ് അവ ഉൾപ്പെടുത്തിയിരിക്കുന്നത്.

ആയുർവ്വേദം അനുസരിച്ച് മനുഷ്യശരീരം പ്രപഞ്ചത്തിന്റെ ഒരു ചെറു രൂപം തന്നെയാണ്. ഭൂമി, ജലം, അഗ്നി, വായു ആകാശം എന്നീ പഞ്ചഭൂതങ്ങളും ചേതന അഥവാ ആത്മാവ് എന്ന പരമ പ്രധാനമായ ജീവന്റെ സൂചകവും അടങ്ങിയതാണ് ശരീരം. പ്രപഞ്ചനിയമങ്ങൾ അനുസരിച്ച് പ്രപഞ്ചവും മനുഷ്യശരീരവും തമ്മിൽ ബന്ധവും സാമ്യവും ഉണ്ട്. വാതം, പിത്തം, കഫം എന്നീ ത്രിദോഷങ്ങളാണ് ശരീര സംവിധാനത്തിലെ സത്ത. ഇവ സന്തുലനം പാലിക്കുമ്പോൾ ആരോഗ്യവും അത് തെറ്റുമ്പോൾ രോഗാവസ്ഥയും ഉണ്ടാകുന്നു. ശരീരത്തിലെ ഘടനാപരമായ വസ്തുക്കളെ ധാതുക്കൾ എന്നു വിളിക്കുന്നു. രസം, രക്തം, മാംസം, മേദസ്സ്, അസ്ഥി, മജ്ജ, ശുക്ളം എന്നിവയാണ് ധാതുക്കൾ. ശരീരത്തിലെ പരിണാമപരമായ പ്രവർത്തനങ്ങൾ അഗ്നിയുടെയും സ്രോതസുകളുടെയും നിയന്ത്രണത്തിലാണ്. ഇങ്ങനെ മലം, മൂത്രം, വിയർപ്പ് തുടങ്ങിയ വിസർജ്ജ്യ വസ്തുക്കൾ ഉണ്ടാകുന്നു. ദോഷം, ധാതു, മലം എന്നിവയുടേയും ആത്മാവ്, മനസ്സ്, ഇന്ദ്രിയങ്ങൾ എന്നിവയുടേയും സന്തുലനം ആരോഗ്യജീവിതത്തിലേക്കും മറിച്ചുള്ളത് അനാരോഗ്യത്തിലേക്കും നയിക്കും. രോഗനിർണ്ണയം, ചികിത്സാ എന്നിവ സംബന്ധിച്ച് ആയുർവേദം പ്രത്യേക സമീപനം സ്വീകരിക്കുന്നു. തത്വത്തിൽ, ആയുർവ്വേദം അനുസരിച്ച് രോഗനിർണ്ണയം എന്നത് രോഗത്തിനിടയാക്കുന്ന കാരണങ്ങളെ സമ്പൂർണ്ണമായി മനസ്സിലാക്കുകയാണ്. രോഗാവസ്ഥയെ തകർത്ത് ദോഷം, ധാതു, മലം എന്നിവയുടെ സന്തുലനം പുന: സ്ഥാപിക്കുകയും രോഗാവസ്ഥയ്ക്ക് മുമ്പുണ്ടായിരുന്ന സ്ഥിതിയിലേക്ക് ശരീരത്തെ നയിക്കുകയുമാണ് ആയുർവ്വേദം ചെയ്യുന്നത്. രോഗത്തേയും അതോടൊപ്പം രോഗിയേയും ഒരുപോലെ പരിശോധിച്ചാണ് ഇവിടെ രോഗത്തിന്റെയും രോഗിയുടെയും ബലം നിർണ്ണയിക്കുന്നത്. രോഗകാരണങ്ങൾ വഷളാകാതെ നോക്കി ചികിത്സാരീതികൾ നടപ്പാക്കും. മരുന്നും സാന്ത്വനവും ഭക്ഷണക്രമവും പഞ്ചകർമ്മ രീതിയിലൂടെയുള്ള ദേഹശുദ്ധി ആവശ്യമായ മുൻകരുതലുകളും ജീവിത ചര്യയിലുള്ള മാറ്റങ്ങളും

കൊണ്ട് അസുഖത്തെ കീഴടക്കുന്നതോടൊപ്പം ആരോഗ്യാവസ്ഥയും സ്വായത്തമാക്കാം. ഓരോ രോഗിയുടേയും കാര്യത്തിലുള്ള പ്രത്യേക സമീപനം ആയുർവേദ ചികിത്സയിലുള്ള സവിശേഷതയാണ്.

എല്ലാ വസ്തുക്കൾക്കും ഔഷധ മൂല്യം ഉണ്ടെന്നാണ് ആയുർവേദത്തിന്റെ വിശ്വാസം. വേണ്ടതായ രീതിയിലും യുക്തിയിലും ഉപയോഗിക്കണമെന്ന് മാത്രം. സസ്യങ്ങൾ, മൃഗങ്ങൾ, ധാതുസമ്പത്ത് എന്നിവയിൽ നിന്ന് എടുക്കുന്നതാണ് ആയുർവേദത്തിലെ അസംസ്കൃത വസ്തുക്കൾ. ഇത് പലമാർഗ്ഗങ്ങളിലൂടെ സംസ്കരിച്ച് നിശ്ചിത അളവിലുള്ള ഔഷധകൂട്ട് തയ്യാറാക്കുന്നു. ഘടക വസ്തുക്കൾക്കനുസരിച്ച് ആയുർവേദ മരുന്നുകളെ ഹെർബൽ, ഹെർബോ മിനറൽ, മിനറൽ എന്ന് തരംതിരിച്ചിട്ടുണ്ട്. മിനറൽ അഥവാ ധാതു പദാർത്ഥങ്ങളെ അടിസ്ഥാനമാക്കിയ മരുന്നുകൾ രസൗഷധികൾ എന്ന വിഭാഗത്തിൽ പെടുന്നു. ഉത്പാദന ഘട്ടത്തിൽ ഇവ പ്രത്യേക സംസ്കരണ രീതികളിൽ കൂടി കടന്നു പോകുന്നുണ്ട്. അവയുടെ സുരക്ഷിതത്വവും ഫലപ്രാപ്തിയും ഉറപ്പു വരുത്താനാണിത്. ആയുർവ്വേദ ഗ്രന്ഥങ്ങളിൽ നിരവധി മരുന്നുകൂട്ടുകൾ വിശദമായി പ്രതിപാദിക്കപ്പെടുന്നു. ഇവയിൽ പ്രധാനപ്പെട്ടവ ദേശീയ തലത്തിൽ കേന്ദ്രീകരിച്ചിട്ടുണ്ട്. പല രോഗങ്ങൾക്കും പ്രതിവിധി ആയുർവ്വേദം പറയുന്നുണ്ടെങ്കിലും പഴക്കം ചെന്ന രോഗങ്ങളുടെ ചികിത്സയും പഞ്ചകർമ്മം പോലെയുള്ള ചികിത്സകളും മറ്റുമാണ് അതിന്റെ ശക്തി.

സ്വാതന്ത്ര്യത്തിന് മുമ്പ് തന്നെ ആയുർവേദത്തിന് ഏറെ ജനപ്രീതി നേടാനായി. പല പ്രതികൂല ഘട്ടങ്ങളേയും അത് തരണം ചെയ്യുകയും ചെയ്തു. സ്വതന്ത്ര ഭാരതത്തിൽ ആയുർവേദം ഔദ്യോഗിക അംഗീകരം നേടിയ ആരോഗ്യ രക്ഷാ സംവിധാനവും രാജ്യത്തെ ആരോഗ്യ ശൃംഖലയുടെ അവിഭാജ്യ ഘടകവുമാണ്. ആയുർവേദത്തിനും മറ്റ് ആയുഷ് സമ്പ്രദായങ്ങൾക്കും പിന്തുണ നൽകുന്ന നയങ്ങളാണ് രാജ്യത്ത് നടപ്പിൽ വന്നതും. 1983 ലെ ദേശീയ ആരോഗ്യ നയം, 2000 ലെ ദേശീയ ജനസംഖ്യാ നയം, 2007 ലെ ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യം എന്നിവയിൽ പ്രത്യേക പരിഗണനയുടെ സഹായത്തോടെ ആയുർവേദരംഗം ഇവിടെ വികസിച്ചു. 1995 ൽ ആയുഷ് വകുപ്പ് (ആയുർവേദം, യുനാനി, സിദ്ധ, ഹോമിയോപ്പതി) സ്ഥാപിക്കുകയും 2002 ൽ ഇന്ത്യൻ ചികിത്സാ സമ്പ്രദായങ്ങൾക്കും ഹോമിയോപ്പതിക്കുമായി ദേശീയ നയം പ്രഖ്യാപിക്കുകയും ചെയ്തതോടെ ആയുർവേദത്തിന്റെ വളർച്ചയ്ക്കും വികസനത്തിനും ആവശ്യമായ പരിപാടികൾ നടപ്പിലാക്കാൻ സാധിച്ചു. അനുകൂലമായ നയങ്ങളും വർദ്ധിച്ചുവന്ന ബജറ്റ് വിഹിതവും പഞ്ചവത്സര പദ്ധതിക്കാലങ്ങളിൽ തന്ത്രങ്ങളും പദ്ധതികളും ആവിഷ്ക്കരിച്ചു നടപ്പാക്കാൻ സഹായകമായി. ആയുർവേദ മേഖലയുടെ അടിസ്ഥാന സൗകര്യം, പ്രവർത്തന ശേഷി, സേവനങ്ങൾ, നവീന സാങ്കേതിക വിദ്യയുടെ ഉപയോഗം എന്നിവ മെച്ചപ്പെടുത്താൻ ഇവ ഉപകരിച്ചു. സ്ഥാപനങ്ങളുടെ വർദ്ധിച്ച ശൃംഖല, ഗുണമേന്മ ഉറപ്പുവരുത്താൻ ആയുർവേദ സേവനങ്ങളുടെ വികസനവും സാമീപ്യവും, ആയുർവേദത്തിന്റെ ശേഷിയെക്കുറിച്ച് വിപുലമായ അവബോധം തുടങ്ങിയവ നേടാനായത് ഇതിന്റെയൊക്കെ ഫലമായാണ്. ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യത്തിന് കീഴിൽ ആയുഷ് വിഭാഗങ്ങളെ ഉൾപ്പെടുത്തി മുഖ്യധാരയിലേക്ക് കൊണ്ടുവന്നത് മറ്റൊരു നേട്ടമായി. ആരോഗ്യപ്രശ്നങ്ങൾ നേരിടുന്നതിൽ ആയുർവേദത്തിനുള്ള കഴിവിനെപ്പറ്റി വർദ്ധിച്ചുവരുന്ന അംഗീകാരം -പകർച്ചവ്യാധികളല്ലാത്ത രോഗങ്ങളുടെ ചികിത്സയും സാർവ്വത്രിക ആരോഗ്യ സംവിധാനങ്ങളിൽ അതിനുള്ള പങ്കും-സംബന്ധിച്ച ഗവേഷണ, വികസന പ്രവർത്തനങ്ങൾക്ക് കൂടുതൽ തുക മാറ്റി വയ്ക്കാനും പിന്തുണ നൽകാനും ഗവൺമെന്റിന് പ്രേരണയും ധൈര്യവും പകർന്നു.

ഇന്ത്യൻ മെഡിസിൻ കേന്ദ്ര കൗൺസിലാണ് ആയുർവ്വേദ വിദ്യാഭ്യാസം, ചികിത്സ എന്നിവയുടെ നിയന്ത്രണ സ്ഥാപനം. 1970 ലെ കൗൺസിൽ നിയമം അനുസരിച്ച് നിലവിൽ വന്ന സ്റ്റാറ്റ്യൂട്ടറി സ്ഥാപനമാണിത്. ആയുർവേദ വിദ്യാഭ്യാസത്തിന്റെ നിലവാരം നിശ്ചയിക്കാനും, പുതുക്കാനും, നടപ്പാക്കാനും, കോളേജുകളിലെ അടി

സ്ഥാന സൗകര്യം പരിശോധിക്കാനും കൗൺസിൽ ചുമതലപ്പെട്ടിരിക്കുന്നു. ഇന്ന് ബിരുദ ബിരുദാനന്തര തലത്തിൽ ആയുർവേദ പഠനം ചിട്ട യായി ക്രമപ്പെടുത്തിയിരിക്കുന്നു. അഞ്ചര വർഷം ദൈർഘ്യമുള്ള ബി.എ.എം.എസ്. കോഴ്സും മൂന്ന് വർഷത്തെ ബിരുദാനന്തര കോഴ്സും 22 വിഭാഗ ങ്ങളിലായി അംഗീകൃത കോളേജുകളിൽ നടത്ത പ്പെടുന്നുണ്ട്. ഗവേഷണ പരിപാടികളും ഹ്രസ്വ-മ ധ്യകാല അനൗപചാരിക കോഴ്സുകളും ആയുർവേദ സ്ഥാപനങ്ങളിൽ നടത്തിവരുന്നുണ്ട്. കേന്ദ്ര കൗൺസിൽ നിയമം 2003 ൽ ഭേദഗതി ചെയ്തതോടെ രാജ്യത്ത് കേന്ദ്ര ഗവൺമെന്റിന്റെ മുൻകൂർ അനുമതി ഇല്ലാതെ ആയുർവേദ പഠന ത്തിന് കോളേജോ കോഴ്സോ തുടങ്ങാനാവില്ല. അതുപോലെ കേന്ദ്ര ഇന്ത്യൻ മെഡിസിൻ കൗൺ സിലുമായി കൂടിയാലോചിച്ച് ആയുർവേദ യോഗ്യ തകൾ നിശ്ചയിക്കാൻ കേന്ദ്ര ഗവൺമെന്റിന് അധി കാരവും ഉണ്ട്. വർദ്ധിച്ചുവരുന്ന ആവശ്യം നേരി ടാൻ അലോപ്പതി ഡോക്ടർമാർക്കും വിദേശ ഡോക്ടർമാർക്കും ആയുർവേദത്തിൽ പരിചയ പഠന കോഴ്സ് വികസിപ്പിച്ച് നടപ്പാക്കാൻ നടപടി കൾ തുടങ്ങിയിട്ടുണ്ട്. ആയുർവേദ മരുന്നുകളുടെ ഉത്പാദനവും ഗുണനിലവാരവും 1940ലെ ഡ്രഗ്സ് ആൻഡ് കോസ്മെറ്റിക് ആക്ട്, ബന്ധപ്പെട്ട ചട്ട ങ്ങൾ എന്നിവ മുഖേന നിയന്ത്രിച്ചിട്ടുണ്ട്. ഔഷധ ഉത്പാദകർ സംസ്ഥാന ഗവൺമെന്റുകൾ നിയമിച്ച ലൈസൻസിംഗ് അതോറിറ്റികളിൽ നിന്നും മികച്ച ഉത്പാദന രീതി സംബന്ധിച്ച് അനുമതി നേടണം എന്നത് നിർബന്ധമാണ്. വിവിധ ഇനം മരുന്നുക ളുടെ ഗുണനിലവാരം സസ്യഭാഗങ്ങളുടെ അടയാ ളപ്പെടുത്തൽ, ഉപയോഗ കാലാവധി പരസ്യപ്പെടു ത്തൽ, കേടുകൂടാതെ സൂക്ഷിക്കാൻ സഹായി ക്കുന്ന വസ്തുക്കളുടെ ഉപയോഗം എന്നിവ നിയ ന്ത്രിക്കാൻ അടുത്ത കാലത്തായി നിയമ ഭേദ ഗതികൾ കൊണ്ടു വന്നിട്ടുണ്ട്.

അലോപ്പതി ചികിത്സയും ഭാരതീയ ചികി ത്സാരീതികളും ഉൾക്കൊള്ളുന്ന വൈവിധ്യമാർന്ന ആരോഗ്യ സംവിധാനങ്ങളാണ് നമ്മുടെ രാജ്യത്ത് നിലവിലുള്ളത്. രാജ്യത്തുണ്ടാകുന്ന സാമൂഹ്യ സാമ്പത്തിക മാറ്റങ്ങളും മാറി വരുന്ന ജീവിത രീതി കളും ഉയർന്ന ജനസംഖ്യാ വളർച്ചയും പരിമിത വിഭവ ലഭ്യതയും ഇന്ത്യൻ ആരോഗ്യ രക്ഷാ സംവി ധാനത്തെ സങ്കീർണ്ണമാക്കി മാറ്റി എന്നു പറയാം. ആരോഗ്യരംഗത്തെ ലക്ഷ്യങ്ങൾ നേടാൻ ഇത് ഏറെ വെല്ലുവിളിയും ഉയർത്തുന്നു. ഈ സാഹ ചര്യത്തിൽ രോഗം തടയൽ, പ്രാഥമിക ആരോഗ്യ രക്ഷ, പഴകിയ രോഗങ്ങളുടെ ചികിത്സ എന്നീ രംഗ ങ്ങളിൽ ആയുർവ്വേദം വേറിട്ടു നിൽക്കുന്നു. കഴിഞ്ഞ വർഷങ്ങളിലായി ആയുർവേദ ചികിത്സ കരുടെ എണ്ണം 3,99, 400 ആയും ഡിസ്പെൻസറി കൾ 15152 ആയും പൊതുമേഖലാ ആശുപത്രികൾ 2838 ആയും വർദ്ധിച്ചു. ബിരുദ പഠനത്തിന് സൗക ര്യമുള്ള 260 കോളേജുകളും അവയിൽ പ്രതി വർഷം 13152 സീറ്റുകളും ഇപ്പോൾ രാജ്യത്തുണ്ട്. 100 ബിരുദാനന്തര സ്ഥാപനങ്ങളിലായി 2500പേർക്ക് ഓരോ വർഷവും ഉപരി പഠനം നട ത്താം. ഉത്പാദന യൂണിറ്റുകളാകട്ടെ 7835 എണ്ണം ഉണ്ട്. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങൾ, ജില്ലാ ആശുപത്രികൾ എന്നിവയിലെല്ലാം ആയുർവേദ ചികിത്സയും ലഭ്യ മാക്കിയിട്ടുണ്ട്. ഇങ്ങനെ 18128 ആരോഗ്യ കേന്ദ്ര ങ്ങളിൽ ആയുഷ് ചികിത്സാ-പ്രധാനമായും ആയുർവേദം ലഭ്യമാണ്. ഇതിനെല്ലാം പുറമേ ആയുർവേദ ശാസ്ത്ര ഗവേഷണത്തിന് ദേശീയ ഇൻസ്റ്റിറ്റ്യൂട്ടുകൾ , ഗവേഷണ കൗൺസിൽ തുട ങ്ങിയവ നിലവിലുണ്ട്. ന്യൂഡൽഹിയിൽ അഖി ലേന്ത്യാ ആയുർവ്വേദ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്ന തോടെ ഗവേഷണ വികസന പ്രവർത്തനങ്ങളും ഇന്റർ ഡിസിപ്ലിനറി പഠനവും മെച്ചപ്പെടും.

രാജ്യത്തെമ്പാടുമായി 30 ഫീൽഡ് കേന്ദ്ര ങ്ങളോടുകൂടി പ്രവർത്തിക്കുന്ന കേന്ദ്ര ആയു ർവ്വേദ ശാസ്ത്ര കൗൺസിലാണ് ആയുർവ്വേദ രംഗത്തെ ഗവേഷണ പ്രവർത്തനങ്ങൾ ഏകോപി പ്പിക്കുന്നത്. ചികിത്സ, ഔഷധം, ഔഷധ ശാസ്ത്രം, ഔഷധ സസ്യങ്ങളുടെ സർവേ തുട ങ്ങിയ ഗവേഷണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക, ആയുർവേദ ഔഷധങ്ങളുടെ സുരക്ഷാ നിലവാരവും ഗുണനിലവാരവും നിശ്ചയിക്കുക എന്നിവ കൗൺസിലിന്റെ ചുമതലകളിൽ പെടും.

ഇന്ത്യൻ ചികിത്സാ രീതികളും ഹോമിയോ

പ്പതിയും സംബന്ധിച്ച് ദേശീയ നയം 2002 ലാണ് നിലവിൽ വന്നത്. ആധുനിക സംവിധാനത്തിൽ ഇന്ത്യൻ ചികിത്സാ രീതികളും ഇണക്കി ചേർക്കുന്നതിന് നയം ഊന്നൽ നൽകി. ആരോഗ്യം, മാനവ വികസനം എന്നിവയ്ക്കായി സമ്പൂർണ്ണ സംയോജനം സാധ്യമാക്കേണ്ടതിന്റെ ആവശ്യകതയും നയത്തിൽ എടുത്തുകാട്ടി. അങ്ങനെ ദേശീയ അന്തർ ദേശീയ തലത്തിൽ ജനങ്ങളുടെ ആരോഗ്യകരമായ ആവശ്യങ്ങൾ നിറവേറ്റുന്നതിന് കേന്ദ്ര ആയുഷ് മന്ത്രാലയം ചുമതലപ്പെട്ട ഏഴ് മേഖലകൾ ആണുള്ളത്. ഈ മുൻഗണനാ മേഖലകൾ ഇവയാണ്: ആരോഗ്യ സേവനങ്ങൾ, മാനവശേഷി വികസനം, ഗവേഷണം, ഔഷധപ്രയോഗം, വിവര വിദ്യാഭ്യാസ വ്യാപനം, അന്താരാഷ്ട്ര സഹകരണം, ഔഷധ സസ്യങ്ങൾ. ആവശ്യം കണ്ടറിഞ്ഞുള്ള ആസൂത്രണവും പദ്ധതി തയ്യാറാക്കലും ആയുഷിന്റെ വികസനത്തിന് വഴിതെളിച്ചു. വർദ്ധിച്ചുവരുന്ന ആഗോള ആവശ്യവും പാരമ്പര്യ വൈദ്യത്തിന് ഉഭയകക്ഷി, ബഹുരാഷ്ട്ര തലത്തിൽ ലഭിക്കുന്ന വേദികളും ആയുർവേദത്തിന് അന്താരാഷ്ട്ര സഹകരണത്തിന് അവസരമൊരുക്കി. ഈ ലക്ഷ്യം നേടാനായി ആയുഷ് മന്ത്രാലയം വിദഗ്ധരേയും ഉദ്യോഗസ്ഥരേയും ഇതര രാജ്യങ്ങളുമായി പങ്ക് വയ്ക്കാൻ പരിപാടി നടപ്പാക്കിയിട്ടുണ്ട്. വിദേശ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ, അന്താരാഷ്ട്ര പ്രദർശനങ്ങളിൽ ഇന്ത്യൻ കമ്പനികളുടെ പങ്കാളിത്തം, ട്രേഡ് ഫെയറുകൾ, റോഡ് ഷോകൾ തുടങ്ങിയവ സംഘടിപ്പിക്കാനും മന്ത്രാലയം മുന്നിട്ടിറങ്ങി. ഈ പരിപാടിയുടെ വിജയത്തോടെ മലേഷ്യ, ട്രിനിഡാഡ്-ടൊബാഗോ, മെക്സിക്കോ, ഇന്തോനേഷ്യ, മൗറീഷ്യസ് , ക്യൂബ, റഷ്യ, ഹംഗറി തുടങ്ങിയ രാജ്യങ്ങളിലെ ഇന്ത്യൻ സ്ഥാനപതി കാര്യലയങ്ങളിൽ ആയുഷ് ഇൻഫോർമേഷൻ വിഭാഗങ്ങൾ തുടങ്ങാനായി. 2005 -2006 മുതൽ ആയുഷ് (ആയുർവേദ , സിദ്ധ, യുനാനി, ഹോമിയോപ്പതി) പഠനത്തിനും ഗവേഷണത്തിനുമായി 115 വിദേശ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ അനുവദിച്ചു. വെസ്റ്റ് ഇൻഡീസ്, ട്രിനിഡാഡ്- ടൊബാഗോ, ഹംഗറി തുടങ്ങിയ രാജ്യങ്ങളിലെ സർവ്വകലാശാലകളിൽ ആയുർവേദ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. സ്ലോവേനിയയിലും ഇന്തോനേഷ്യയിലും ഇത്തരം ചെയറുകൾ പരിഗണനയിലാണ്. മറ്റു ചില രാജ്യങ്ങളുമായി ഉഭയ കക്ഷി പാരമ്പര്യ ചികിത്സാ സഹകരണത്തിനും നടപടികൾ പുരോഗമിച്ചു വരുന്നു. ലോകാരോഗ്യ സംഘടനയുമായുള്ള സഹകരണത്തെ തുടർന്ന് 2010 ൽ രണ്ട് ആയുർവേദ പ്രസിദ്ധീകരണങ്ങൾ പുറത്തിറക്കി. ജാംനഗറിലെ ആയുർവേദ പോസ്റ്റ് ഗ്രാജ്വേറ്റ് അധ്യാപന ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സേവനം ആയുർവേദത്തെ ആന്താരാഷ്ട്ര തലത്തിൽ പ്രതിഷ്ഠിക്കുന്നതിന് സഹായകമായി. പലരാജ്യങ്ങളിലും ആയുർ വേദത്തിന്റെ കീർത്തിയെത്തിയെങ്കിലും അതിന്റെ ഉപയോഗം, ഗുണനിലവാരം, സുരക്ഷിതത്വം എന്നിവ സംബന്ധിച്ച് ആഗോളതലത്തിൽ പല തെറ്റായ ധാരണകളും നിലവിലുണ്ട്. ഒരു ചികിത്സാ രീതി എന്ന നിലയിൽ ആയുർവേദത്തിന് പല രാജ്യങ്ങളിലും അംഗീകാരമില്ല. അതുകൊണ്ടുതന്നെ അത് പിന്തുടരാനും വ്യാപിപ്പിക്കാനും നിയമപരമായ തടസ്സങ്ങളും വരുന്നു. ഇത്തരം പ്രതിസന്ധികൾ തരണം ചെയ്യാൻ ആഗോള സഹകരണം വർദ്ധിപ്പിക്കുകയാണ് ഗവൺമെന്റിന്റെ ശ്രമം.

ജനമധ്യത്തിൽ ആയുർവേദത്തിനുള്ള സ്വീകാര്യത വർദ്ധിക്കുകയാണെങ്കിലും സുരക്ഷ, ഫലപ്രാപ്തി, ഗുണമേന്മ എന്നിവയിൽ അത് അന്താരാഷ്ട്ര നിലവാരം പാലിക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടത് അനിവാര്യമാണ്. ആയുർവേദ ഔഷധങ്ങളുടെ ലഭ്യതയും ഔഷധ ശാസ്ത്രവുമായി ബന്ധപ്പെട്ട കാര്യങ്ങളും തെളിയിച്ച് മറ്റു മരുന്നുകളെപ്പോലെ കയറ്റുമതി ചെയ്യുക എന്നതാണ് വെല്ലുവിളി. ചികിത്സാ അവകാശ വാദങ്ങൾ ശാസ്ത്രീയമായി തെളിയിക്കുക, ചികിത്സാ രീതികൾക്ക് നിശ്ചിത നിലവാരവും രൂപവും നിശ്ചയിക്കുക, പാരമ്പര്യ ആയുർവേദ വിജ്ഞാനത്തെ മോഷണത്തിൽ നിന്ന് സംരക്ഷിക്കുക എന്നിവയാണ് ഇനി മുന്നിലുള്ള പ്രധാന ദൗത്യങ്ങൾ.

**ലേഖകൻ ആയുഷ് മന്ത്രായലത്തിനു കീഴിൽ ഉപദേശകനായി പ്രവർത്തിക്കുന്നു**

# ഹോമിയോപ്പതി എന്ന ശ്രേഷ്ഠ ചികിത്സ

ഡോ. രാജ് മൻചന്ദ, ഡോ. ഹർലീൺ കൗർ

**രാജ്യത്ത് നിലവിൽ രണ്ടര ലക്ഷം ഹോമിയോ ഡോക്ടർമാർ ഉണ്ട്. ഹോമിയോ ചികിത്സ തേടിയെത്തുന്ന രോഗികളുടെ സംഖ്യയും വർധിച്ചു വരുന്നു. ഈ മേഖലയിലെ വർധിക്കുന്ന ആവശ്യം പരിഗണിച്ച് ഇന്ത്യാ ഗവൺമെന്റ് രാജ്യത്തുടനീളം ഹോമിയോ ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് വിപുലമായ അടിസ്ഥാന സംവിധാനങ്ങളും സാങ്കേതിക പിന്തുണയുമാണ് ഏർപ്പെടുത്തിയിട്ടുള്ളത്.**

**വൈ**ദ്യശാസ്ത്രം അതിവേഗം മാറ്റങ്ങൾക്കു വിധേയമായിക്കൊണ്ടിരിക്കുന്ന വർത്തമാനകാല സാഹചര്യത്തിൽ പുതിയ ആശയങ്ങൾ ആധുനിക ശാസ്ത്രത്തെ പരമ്പരാഗത രീതികളോട് കൂടുതൽ അടുപ്പിക്കുകയാണ്. വ്യവസ്ഥാപിത ചികിത്സാരീതികൾ ആത്മപരിശോധന നടത്തുകയും മനുഷ്യരുടെ ആരോഗ്യത്തെ കുറിച്ചും രോഗനിർണയത്തെ കുറിച്ചുമുള്ള അതിന്റെ കാഴ്ച്ചപ്പാടുകൾ മാറ്റുകയും ചെയ്തതോടെ സമഗ്ര ചികിത്സ, ജീവിത ദൈർഘ്യത്തെ കുറിച്ചുള്ള പഠനങ്ങൾ തുടങ്ങിയവ അംഗീകരിക്കപ്പെടുന്നു എന്നു മാത്രമല്ല, അനുകരണീയവുമായിരിക്കുന്നു.

കഴിഞ്ഞ 200 വർഷങ്ങളായി രോഗി എന്ന വ്യക്തിയെ സൗമ്യമായും സമഗ്രമായും പൂർണമായും ചികിത്സിക്കുന്ന രീതിയാകുന്നു ഹോമിയോപ്പതി. ലോകത്തിൽ ഇന്നു നിലവിലുള്ള രണ്ടാമത്തെ ഏറ്റവും വലിയ ചികിത്സാ പദ്ധതിയാണിത്. 18-ാം നൂറ്റാണ്ടിൽ നിലനിന്നിരുന്ന പ്രാകൃതമായ യാഥാസ്ഥിതിക ചികിത്സാരീതികളെ തള്ളിക്കളഞ്ഞുകൊണ്ടാണ് ഹോമിയോപ്പതി ഉത്ഭവിക്കുന്നത് തന്നെ. ചികിത്സയുടെ ഭാഗമായി അന്നത്തെ വൈദ്യന്മാർ ശരീരത്തിൽ അട്ടകളെ കടിപ്പിച്ചും മുറിവുണ്ടാക്കി രക്തം വാർന്നു കളഞ്ഞും രോഗികൾക്ക് വീണ്ടും കടുത്ത വേദന നല്കുന്നത് ഡോ. ഹനിമാൻ എന്ന പ്രശസ്ത ജർമൻ ഭിഷഗ്വരനെ ചിന്തിപ്പിച്ചു. അദ്ദേഹം വൈദ്യവൃത്തി ഉപേക്ഷിച്ച് ജീവിക്കാൻ വേണ്ടി പരിഭാഷകൻ, ഔഷധവ്യാപാരി തുടങ്ങിയ തൊഴിൽ ആരംഭിച്ചു. പക്ഷെ രോഗികളുടെ നിലയ്ക്കാത്ത നിലവിളി അദ്ദേഹത്തിലെ ഭിഷഗ്വരനെ വിശ്രമിക്കാൻ അനുവദിച്ചില്ല. ആ സമയത്ത് ഡോ.ഹനിമാൻ, വില്യം കുല്ലൻസിന്റെ മറ്റിരിയ മെഡിക്ക എന്ന പുസ്തകം പരിഭാഷപ്പെടുത്തുകയായിരുന്നു. അതിൽ ഒരു അധ്യായത്തിൽ സിങ്കോണയുടെ ഔഷധഗുണങ്ങളാണ് വിവരിച്ചിരുന്നത്. മലമ്പനി ഭേദപ്പെടുത്താനുള്ള ശേഷി സിങ്കോണയ്ക്ക് ഉണ്ടെന്ന അറിവാണ് പിന്നീട് വൈദ്യശാസ്ത്ര ചരിത്രത്തിലെ പുതിയ അധ്യായമായി മാറിയത്. അങ്ങനെ ശാസ്ത്ര പരീക്ഷണങ്ങളിൽ മാത്രം അധിഷ്ഠിതമായ രീതികളിലും സങ്കല്പങ്ങളിലും നിന്ന് നിർദ്ധാരണം ചെയ്ത ശാസ്ത്രീയ ചികിത്സാരീതിയായി ഹോമിയോപ്പതി ഉത്ഭവിക്കുകയായിരുന്നു.

**തത്വങ്ങൾ**

രണ്ടു പ്രധാന തത്വങ്ങളാണ് ഹോമിയോപതിക്ക് അടിസ്ഥാനം. ഇതിൽ ആദ്യത്തേത് “സിമിലിയ സിമിലിബസ്ക്യൂറന്റർ”, അല്ലെങ്കിൽ സമം സമം കൊണ്ടു ഭേദപ്പെടുന്നു. അതായത് രോഗിയിൽ പ്രത്യക്ഷപ്പെടുന്ന ലക്ഷണങ്ങൾക്കു സമാനമായ ലക്ഷണങ്ങൾ ആരോഗ്യ ശരീരത്തിലാവിഷ്കരിച്ച്, ഔഷധവസ്തുവിന്റെ ലഘുമാത്രകൊണ്ട് രോഗല

ക്ഷണങ്ങൾ നീക്കം ചെയ്ത് രോഗിയുടെ പൂർവ്വാരോഗ്യസ്ഥിതി വീണ്ടെടുക്കുവാൻ കഴിയുമെന്നതാണ് സമാനൗഷധസിദ്ധാന്തം. ഇതിനെ നയിക്കുന്നത് രണ്ടാമത്തെ സിദ്ധാന്തമാണ്. അത് ശരീരത്തിന്റെ തന്നെ രോഗശമന ശക്തിയാണ്. അതായത് രോഗാവസ്ഥയിൽ എന്താണ് ചെയ്യുന്നത് എന്ന് ഓരോ ശരീരത്തിനും അറിയാം. അപ്പോൾ രോഗത്തിൽ നിന്ന് മുക്തി നേടാനുള്ള ആഹ്വാനവും ശരീരത്തിനുള്ളിൽ നിന്നു തന്നെ ഉണ്ടാകുന്നതാണ്.

മൂന്നാമത്തെ സിദ്ധാന്തം, ഏറ്റവും ലഘുവായ അളവിൽ മാത്രം മരുന്നുകൾ നല്കുക. അതുകൊണ്ടാണ് ഹോമിയോപ്പതിയിൽ രോഗവർധനവോ ദോഷഫലങ്ങളോ ഉളവാക്കാതെ, രോഗശമനത്തിനു ശരീരത്തെ പ്രേരിപ്പിക്കുന്നതിനു മാത്രം ആവശ്യമായ ഔഷധത്തിന്റെ ഏറ്റവും കുറഞ്ഞ അളവ് (ലഘുമാത്ര) നല്കുന്നത്.

ഇതു കൂടാതെയും ചില അടിസ്ഥാന തത്വങ്ങൾ ഹോമിയോപ്പതിയിൽ ഉണ്ട്. ഔഷധവസ്തുവിന്റെ ലഘുമാത്രകൊണ്ട് രോഗലക്ഷണങ്ങൾ നീക്കം ചെയ്ത് രോഗിയുടെ പൂർവ്വാരോഗ്യസ്ഥിതി വീണ്ടെടുക്കൽ, പഴകിയ രോഗങ്ങളോടുള്ള സമീപനം, ഔഷധവസ്തുക്കളെ ഹോമിയോ മരുന്നുകളാക്കി രൂപാന്തരപ്പെടുത്തൽ, മനുഷ്യ ശരീരത്തിൽ ഹോമിയോ മരുന്നുകളുടെ ഫലപ്രദമായ പ്രയോഗം തുടങ്ങിയവയാണ് അവ.

**ഹോമിയോപതിയുടെ പദവി**

ലോകമെമ്പാടും ഇന്ന് അനേകായിരം ഹോമിയോപ്പതി ഡോക്ടർമാരുണ്ട്. അടുത്തകാലങ്ങളിൽ ഇതിന്റെ ജനകീയത വളരെ ഉയർന്നിട്ടുമുണ്ട്. അതിനു കാരണം ഈ ചികിത്സാ പദ്ധതിയുടെ പരമ്പരാഗതമായ നന്മകളും ഗവേഷണങ്ങളിലൂടെ ഉണ്ടായിരിക്കുന്ന പുരോഗതിയുമാണ്. ഇപ്പോൾ ജീവൻ രക്ഷാ ഔഷധങ്ങൾ ഉപയോഗിച്ചുള്ള ചികിത്സകളേക്കാൾ സമഗ്രവും വ്യക്ത്യാധിഷ്ഠിതവുമായ ചികിത്സ ആളുകൾ ഇഷ്ടപ്പെട്ടു തുടങ്ങിയിരിക്കുന്നു. അമേരിക്ക, ബ്രസീൽ, ദക്ഷിണാഫ്രിക്ക, യൂറോപ്പ്, ഇംഗ്ലണ്ട്, ഫ്രാൻസ്, ജർമ്മനി, നോർവെ, ഓസ്ട്രേലിയ, സ്വിറ്റ്സർലണ്ട് തുടങ്ങിയ രാജ്യങ്ങളിലെല്ലാം ഹോമിയോപ്പതി ഡോക്ടർമാരുടെയും ഹോമിയോ ചികിത്സ തേടിയെത്തുന്ന രോഗികളുടെയും സംഖ്യ നാൾക്കുനാൾ വർധിക്കുന്നതായി ഈയിടെ പ്രസിദ്ധീകൃതമായ ഒരു മെഡിക്കൽ ലേഖനം വെളിപ്പെടുത്തുന്നു. ഇക്കൂട്ടത്തിൽ ഇന്ത്യയാണ് മുന്നിൽ. രാജ്യത്ത് നിലവിൽ രണ്ടര ലക്ഷം ഹോമിയോ ഡോക്ടർമാർ ഉണ്ട്. ഹോമിയോ ചികിത്സ തേടിയെത്തുന്ന രോഗികളുടെ സംഖ്യയും വർധിച്ചു വരുന്നു. ഈ മേഖലയിലെ വർധിക്കുന്ന ആവശ്യം പരിഗണിച്ച് ഇന്ത്യാ ഗവൺമെന്റ് രാജ്യത്തുടനീളം ഹോമിയോ ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് വിപുലമായ അടിസ്ഥാന സംവിധാനങ്ങളും സാങ്കേതിക പിന്തുണയുമാണ് ഏർപ്പെടുത്തിയിട്ടുള്ളത്.

ഇന്ത്യയിൽ ഇന്ന് 187 ഹോമിയോ മെഡിക്കൽ കോളജുകളുണ്ട്. അഞ്ചര വർഷത്തെ കഠിനമായ പരിശീലനത്തിനു ശേഷം ഇവർക്ക് ഹോമിയോപ്പതിയിൽ ബിഎച്ച്എംഎസ് ബിരുദം നല്കുന്നു. ഇതു കൂടാതെ ബിരുദാനന്തര പരിശീലന സൗകര്യമുള്ള 42 മെഡിക്കൽ കോളേജുകൾ വേറെയുമുണ്ട്. ഇവിടെ എംഡി, പിഎച് ഡി തുടങ്ങിയ ഉപരിപഠനങ്ങൾക്കുള്ള സംവിധാനമാണ് ഒരുക്കിയിട്ടുള്ളത്.

ഇന്ത്യയിൽ ആരോഗ്യ പരിപാലന രംഗത്ത് ഹോമിയോപ്പതി ഡോക്ടർമാരുടെ സേവനം സ്തുത്യർഹമാണ്. രാജ്യത്തുടനീളം ഇന്ന് വിവിധ സംസ്ഥാനങ്ങളിലായി 215 ഹോമിയോ ആശുപത്രികളും 6812 ഡിസ്പൻസറികളും പ്രവർത്തിക്കുന്നു. ഇതു കൂടാതെ കേന്ദ്ര ഗവൺമെന്റിന്റെ കീഴിൽ 35 ഉം കേന്ദ്ര ആരോഗ്യ പദ്ധതിയുടെ 39 ഉം റെയിൽവെ മന്ത്രാലയത്തിനു കീഴിൽ 129 ഉം ഡിസ്പൻസറികൾ പ്രവർത്തിക്കുന്നു. തെർമ്മൽ പവർ കോർപ്പറേഷനുകൾ, ദേശീയ അലൂമിനിയം കോർപ്പറേഷൻ, കേന്ദ്ര സായുധ സേന വിഭാഗം, അതിർത്തി സംരക്ഷണ സേന എന്നീ വിഭാഗങ്ങളിലും ഹോമിയോ ചികിത്സ ലഭ്യമാണ്. എന്നിരിക്കിലും രാജ്യത്ത് ഏറ്റവും കൂടുതൽ ഹോമിയോ ഡോക്ടർമാർ സ്വന്തമായോ സ്വകാര്യ

ക്ലിനിക്കുകളിലോ ആണ് സേവനം ചെയ്യുന്നത്. ഓരോ സ്ഥാപനത്തിലും ഓരോ നിരക്കാണ് എന്നു മാത്രം. ചില വൻകിട അലോപ്പതി ആശുപത്രികളിലും ഗവൺമെന്റ് മേഖലയിലുള്ള ആശുപത്രികളിലും ഇന്ന് ഹോമിയോ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

**പ്രയോജനങ്ങൾ**

ഒരിക്കൽ ചികിത്സതേടിയവർ വീണ്ടും ഹോമിയോപ്പതിയിലേയ്ക്ക് ആകൃഷ്ടരാകുന്നതിന് പല കാരണങ്ങളുണ്ട്. പാർശ്വഫലങ്ങളില്ലാത്ത വളരെ വ്യക്തിപരമായ ചികിത്സ, അതിശ്രേഷ്ഠമായ മരുന്നുകൾ, ഉപയോഗിക്കാൻ വളരെ എളുപ്പം, ഏതു പാവപ്പെട്ടവർക്കും താങ്ങാൻ സാധിക്കുന്ന വില നിലവാരം, ഇതൊക്കെയാണ് ഹോമിയോപ്പതിയെ സാധാരണക്കാരന്റെ ചികിത്സാ രീതിയാക്കി മാറ്റിയത്.

അലോപ്പതിയെ അപേക്ഷിച്ച് അഞ്ചിൽ ഒന്നു മാത്രമെ ഹോമിയോ ചികിത്സയ്ക്കു രോഗിക്കു ചെലവുണ്ടാകുന്നുള്ളു. മരുന്ന് മധുരമുള്ളതാകയാൽ കൊച്ചു കുട്ടികൾ മുതൽ വൃദ്ധർ വരെ ഒരു മടിയും കൂടാതെ ഇത് ഉപയോഗിക്കുന്നു. ചികിത്സയിൽ ഉപയോഗിക്കുന്നതിനു മുമ്പ് എല്ലാ ഔഷധങ്ങളും മനുഷ്യ ശരീരത്തിൽ പരീക്ഷിച്ച് ഫലപ്രദമെന്ന് തെളിയിച്ചിട്ടുള്ളതാകുന്നു. അതുകൊണ്ട് ഉപയോഗിക്കുന്നതിന് ഭയാശങ്കകൾ വേണ്ട.

എല്ലാ യഥാർത്ഥ ഹോമിയോപ്പതി മരുന്നുകളുടെയും ഉപയോഗം അതിന്റെ പ്രഗത്ഭരായ മുൻഗാമികൾ അവരുടെ അറിവുകൊണ്ട് ശേഖരിച്ചു വച്ചിട്ടുള്ളതാകയാൽ ഇവയൊന്നും ബൗദ്ധിക സ്വത്തവകാശ പരിധിയിൽ വരുന്നില്ല.

ഡൽഹിയിൽ ഗവൺമെന്റ് ഹോമിയോ ആശുപത്രികൾ കേന്ദ്രീകരിച്ച് രോഗികൾക്കിടയിൽ (2001 -2011) നടത്തിയ ഒരു പഠനമനുസരിച്ച്, ഒരു ദശകത്തിനുള്ളിൽ ഹോമിയോപ്പതിയുടെ ജനപ്രീതി 58 ശതമാനം കണ്ട് ഉയർന്നിരിക്കുന്നു. മാത്രവുമല്ല, ത്വക്, ശ്വാസകോശം, സ്ത്രീരോഗങ്ങൾ, ദഹനസംബന്ധമായ രോഗങ്ങൾ, പകർച്ചവ്യാധികൾ എന്നിവയ്ക്ക് ഹോമിയോപ്പതിയെയാണ് ആളുകൾ കൂടുതലായും സമീപിക്കുന്നത് എന്നും ഈ പഠനം വെളിപ്പെടുത്തി. മറ്റൊരു നിരീക്ഷണം ഈ ചികിത്സ തേടിയെത്തുന്നവരിൽ ഏറ്റവും കൂടുതൽ സ്ത്രീകളും കുട്ടികളുമാണ് എന്നതാണ്. മധ്യവയസ്കരായ (25-44), നല്ല സാമ്പത്തിക ശേഷിയുള്ള, അഭ്യസ്തവിദ്യരായ രോഗികളാണ് ഹോമിയോ ചികിത്സ ഏറ്റവും ഇഷ്ടപ്പെടുന്നത് എന്നതാണ് മറ്റൊരു നിരീക്ഷണം.

എന്നാൽ ഏതു വൈദ്യശാസ്ത്രത്തിനും എന്ന പോലെ ഹോമിയോപ്പതിക്കും അതിന്റേതായ പരിമിതികൾ ഉണ്ട്. അത്യാഹിത സന്ദർഭങ്ങളിൽ ഹോമിയോപ്പതിയുടെ പ്രസക്തി വളരെ പരിമിതമാണ്. ശസ്ത്രക്രിയ ഒഴിവാക്കാനാവാത്ത സന്ദർഭങ്ങളിലും, ശാരീരിക അവയവങ്ങൾ പ്രവർത്തനരഹിതമാകുമ്പോഴും ഹോമിയോപ്പതിക്ക് ഒന്നും ചെയ്യാനില്ല. ക്യാൻസർ, എയ്ഡ്സ് തുടങ്ങി പ്രതിരോധ ശേഷി പൂർണമായും നഷ്ടപ്പെട്ട രോഗികൾക്കും ഹോമിയോപ്പതി കൊണ്ട് വലിയ പ്രയോജനം ഇല്ല.

**ഗവേഷണം**

ഹോമിയോപ്പതി ചികിത്സാ രംഗത്ത് നിരവധി ഗവേഷണ പഠനങ്ങൾ നടക്കുന്നുണ്ട്. 1975 മുതൽ 2002 വരെ ചികിത്സയുടെ അടിസ്ഥാനത്തിൽ വിവിധ രോഗികളിൽ നടത്തിയ പരീക്ഷണങ്ങളിൽ, 93 ൽ 50 പഠനങ്ങളിലും ഹോമിയോപ്പതി അനുകൂല പ്രതികരണങ്ങൾ ഉളവാക്കുന്നതായി കണ്ടു. പ്രത്യേകിച്ച്, സ്ത്രീകൾക്കും കുട്ടികൾക്കും ഉണ്ടാകുന്ന രോഗങ്ങളിലും വിവിധ ത്വക് രോഗങ്ങളിലും ശ്വാസകോശ സംബന്ധമായ അലർജിയിലും ഹോമിയോപ്പതി വളരെ ഫലപ്രദമെന്ന് റാൻഡമൈസ്ഡ് കൺട്രോൾ ട്രയൽ വഴി സ്ഥിരീകരിക്കുകയുണ്ടായി.

എന്നിരുന്നാലും റാൻഡമൈസ്ഡ് കൺട്രോൾ ട്രയൽ ഹോമിയോപ്പതി ചികിത്സയുടെ യഥാർത്ഥ ഫലസിദ്ധി കൃത്യമായി നല്കുന്നില്ല. ഇവ മിക്കതും രോഗികളെ നിരീക്ഷിച്ച് ശേഖരിച്ച വിവരങ്ങളാണ്. ഹോമിയോപ്പതി ഒരു സമഗ്ര ചികിത്സാ പദ്ധതിയായതിനാൽ ആത്മനിയന്ത്രണത്തിലധിഷ്ഠിതമാണ്.

അതു വഴി മാത്രമെ രോഗത്തെ നിയന്ത്രിക്കാനുള്ള പ്രതിരോധ ശേഷി ശരീരത്തിന് ആർജ്ജിക്കാനാവൂ.

ഹോമിയോപ്പതിയുടെ കേന്ദ്ര തത്വം എന്നു പറയുന്നത് വ്യക്തിഗത ചികിത്സയും ഔഷധങ്ങളുമാണ്. ഓരോ ഔഷധവും പ്രയോഗാവസ്ഥയിൽ തനതായ രോഗികളിൽ മാനസികവും ശാരീരികവുമായ ലക്ഷണങ്ങൾ സൃഷ്ടിക്കുന്നു. ഹോമിയോ ഔഷധം തിരഞ്ഞെടുക്കുന്നതും ഈ ലക്ഷണങ്ങളെ അടിസ്ഥാനമാക്കിയാണ്. സാധാരണ ചികിത്സയിൽ രോഗപൂർവ നിഗമന ഗവേഷണം വളരെ പ്രധാനപ്പെട്ടതാണ്. ഫാർമക്കോജീനോമിക്സിന്റെ ആവിർഭാവത്തോടെയാണ് ഇതിനു കൂടുതൽ പ്രചാരം സിദ്ധിച്ചത്. ചികിത്സയിൽ മരുന്നു മാത്രമല്ല, വ്യക്തിയും പ്രധാന ഘടകമാണ്.

ഹോമിയോപ്പതിയിൽ ഗവേഷണവും വികസനവും നടപ്പാക്കുക എന്ന ലക്ഷ്യത്തോടെ 1978 ൽ ആരോഗ്യമന്ത്രാലയത്തിനു കീഴിൽ സ്ഥാപിതമായ സ്വയംഭരണ അധികാരമുള്ള സമിതിയാണ് കേന്ദ്ര ഹോമിയോപ്പതി ഗവേഷണ കൗൺസിൽ. അന്നു മുതൽ ഈ കൗൺസിൽ വിവിധ ഗവേഷണ പ്രവർത്തനങ്ങളിൽ വ്യാപൃതമാണ്. ഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന കൗൺസിലിനു രാജ്യത്തുടനീളം 29 ശാഖകൾ ഉണ്ട്.

ഔഷധ സസ്യങ്ങളുടെ കണക്കെടുപ്പ്, കൃഷി, ശേഖരണം, മരുന്നുകളുടെ നിലവാര നിർണയം, ഔഷധങ്ങളുടെ പരീക്ഷണം, വൈദ്യശാസ്ത്ര പ്രമാണീകരണവും ഗവേഷണവും,പ്രമാണങ്ങളുടെ ശേഖരണവും വിജ്ഞാനവ്യാപനവും, പകർച്ചവ്യാധി നിയന്ത്രണം, സംയോജിത ഗവേഷണം, തുടങ്ങിയവയാണ് കേന്ദ്ര ഹോമിയോപ്പതി ഗവേഷണ കൗൺസിലിന്റെ പ്രധാന പ്രവർത്തന മേഖലകൾ.

ഇത്തരത്തിലുള്ള ഗവേഷണ മുന്നേറ്റങ്ങൾക്കിടയിലും ഔഷധ സുരക്ഷ, അവയുടെ ഫലപ്രാപ്തി തെളിയിക്കുന്ന പഠനങ്ങൾ, വളരെ നേർപ്പിച്ച മരുന്നുകൾ ഉപയോഗിച്ച് നടത്തുന്ന പരീക്ഷണങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ടു ഹോമിയോപ്പതി നിരവധി വെല്ലുവിളികൾ നേരിടുന്നുണ്ട്. പല മരുന്നുകളും വൈദ്യശാസ്ത്ര തലത്തിൽ എത്തുന്നതിനു മുമ്പേ തന്നെ അവയുടെ നിർണായകമായ മൂല്യനിർണയം നടത്തേണ്ടതുണ്ട്. ഉത്തരങ്ങളില്ലാത്ത നിരവധി ചോദ്യങ്ങൾക്കു മുന്നിൽ നിന്നുകൊണ്ടാണ്, തെളിവുകളുടെ അടിസ്ഥാനത്തിലുള്ള ശാസ്ത്ര മൂല്യത്തിനും അതിന്റെ അംഗീകാരത്തിനുമായി ഹോമിയോപ്പതിയിലെ ഗവേഷണങ്ങൾ പലപ്പോഴും മുന്നേറുക.

**രത്നച്ചുരുക്കം**

ലോകവ്യാപകമായി ഹോമിയോപ്പതിക്ക് വൻ ജനപ്രീതി കൈവന്നുകൊണ്ടിരിക്കുന്നു എന്നത് ഒരു വസ്തുതയാണ്. രോഗശമനത്തിനായി ദിവസേന രോഗികളിന്ന് യോഗ്യതയുള്ള ഹോമിയോ ഡോക്ടർമാരെ അന്വേഷിച്ചു നടക്കുന്നു. ചെറിയ പഞ്ചസാര ഗുളികയാണ് മരുന്നിന്റെ രൂപത്തിൽ ലഭിക്കുന്നതെങ്കിലും അത് മനുഷ്യന്റെ ശരീരാവസ്ഥയിൽ വലിയ മാറ്റങ്ങൾ ഉണ്ടാക്കുന്നു. അങ്ങനെ ശ്രേഷ്ഠവും സുരക്ഷിതവും, സ്ഥിരവും ചെലവുകുറഞ്ഞതുമായ ഒരു രീതിയിലൂടെ മനുഷ്യരാശിയുടെ ആരോഗ്യ പരിപോഷണത്തിലും രോഗ ചികിത്സയിലും ഹോമിയോപ്പതി തുടർന്നും വലിയ പങ്കാകും വഹിക്കുക.

അതിനാൽ ഒരിക്കലെങ്കിലും ഹോമിയോയുടെ മാധുര്യം നിങ്ങൾ രുചിച്ചിട്ടുണ്ടെങ്കിൽ അതു തുടരുക. ഉചിതമായ ഈ തീരുമാനത്തിന് പ്രായ ഭേദമില്ല. നിങ്ങളുടെ പ്രായമോ, മുൻ ചികിത്സകളോ, എന്തുമാകട്ടെ, വേദനകളിൽ നിങ്ങൾക്ക് ആശ്വാസമായി ഹോമിയോപ്പതി ഒപ്പമുണ്ട്. ഉടനെ നിങ്ങൾക്കടുത്തുള്ള ഹോമിയോ ഡോക്ടറെ സമീപിക്കുക. പ്രകൃതിയോട് ചേർന്നു നിന്ന് ചികിത്സ തേടുന്ന കോടിക്കണക്കിന് ആളുകളുടെ സമൂഹത്തിൽ നിങ്ങളും അംഗങ്ങളാകും, ഹോമിയോപ്പതിയിലൂടെ ആരോഗ്യവാനാകും.

**ഡോ. രാജ് സെന്റർ ഫോർ ഹോമിയോപ്പതി റിസർച്ചിന്റെ ഡയറക്ടർ ജനറലും, ഡോ. ഹർലീൺ ഗവേഷകയുമാണ്**

# യൂനാനി – ആരോഗ്യത്തിന്റേയും രോഗശാന്തിയുടേയും ശാസ്ത്രം

പ്രൊഫ: റിയാസ് - ഉർ- റഹ്മാൻ




ഗ്രീസിൽ ഉത്ഭവിച്ച പരമ്പരാഗത ചികിത്സാ സമ്പ്രദായമാണ് യൂനാനി. ഇന്ത്യ, ചൈന, ഈജിപ്ത്, സിറിയ, ഇറാക്ക്, ഇറാൻ, വിദൂര മധ്യപൂർവ രാജ്യങ്ങൾ എന്നിവിടങ്ങളിലെ പരമ്പാരഗത ചികിത്സാ സമ്പ്രദായത്തിന്റെ സമ്മിശ്ര രൂപമാണ് ഇത്. യൂനാനി ചികിത്സ സമഗ്രവും രോഗങ്ങളെ പ്രതിരോധിക്കുന്നതിനും, രോഗശമനത്തിനും ഏറെ ഫലപ്രദവുമാണ്.

ബിസി 5-നും 4-നും മധ്യേ ഹിപ്പോക്രാറ്റസിന്റെ അനുഗ്രഹാശിസുകളോടെ ഗ്രീസിലാണ് യൂനാനി ചികിത്സ ആരംഭിച്ചത് എന്നു പറയപ്പെടുന്നു. പിന്നീട് ഈ ചികിത്സാ സമ്പ്രദായം അറബി, പേർഷ്യൻ രാജ്യങ്ങളിലും എത്തി. ഒരു നൂറ്റാണ്ടു മുമ്പ് അറബികളാണ് യുനാനി ചികിത്സ ഇന്ത്യയിൽ എത്തിച്ചത്. ഇന്ത്യയിൽ അത് ശാസ്ത്രീയമായി വളർന്ന് വികസിച്ച് പുഷ്കലമായി. കാലക്രമേണ ഈ ചികിത്സാ രീതി ഇന്ത്യൻ സംസ്കാരത്തിന്റെ ഭാഗമായി മാറുകയും, ക്രമേണ ഗവൺമെന്റ് തന്നെ അതിനെ ഒരു ഇന്ത്യൻ ചികിത്സാ രീതിയായി അംഗീകരിക്കുകയും ചെയ്തു. ഇന്ന് ദേശീയ ആരോഗ്യ സംരക്ഷണ സംവിധാനത്തിന്റെ ഒഴിച്ചു കൂടാനാവാത്ത ഘടകമാണ് യൂനാനി. ഇതിന്റെ ബഹുമുഖമായ വികസനത്തിന് ഗവൺമെന്റ് ഓരോ വർഷവും കൂടുതൽ സാമ്പത്തിക സഹായവും പിന്തുണയും നല്കുന്നുണ്ട്. തത്ഫലമായി രാജ്യത്ത് യൂനാനിയിൽ പരിശീലനം നല്കുന്ന നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങളും, ഗവേഷണ കേന്ദ്രങ്ങളും, ഔഷധ നിർമ്മാണ വ്യവസായസ്ഥാപനങ്ങളും, ചികിത്സാലയങ്ങളും പ്രവർത്തിച്ചു വരുന്നു. പൊതുജനാരോഗ്യ സംരക്ഷണ മേഖലയിൽ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ ശ്രമഫലമായി യൂനാനി ആശുപത്രികളുടെയും ഡിസ്പൻസറികളുടെയും ശക്തമായ ഒരു ശൃംഖല തന്നെ രാജ്യത്താകമാനം ഇപ്പോൾ സജീവമായി പ്രവർത്തിക്കുന്നു.

ആഗോളീകരണവും അന്താരാഷ്ട്ര സഹക

രണവും വഴി യൂനാനി ചികിത്സാ സമ്പ്രദായം ഇന്ത്യൻ അതിർത്തി കടന്നും പ്രചരിച്ചു. ദക്ഷിണാഫ്രിക്കയിലെ വെസ്റ്റേൺ കേപ്പ് സർവകലാശാലയിൽ യൂനാനി മെഡിക്കൽ ചെയർ പോലും സ്ഥാപിക്കപ്പെട്ടു. മറ്റു പല രാജ്യങ്ങളിലേയും സർവകലാശാലകൾ ഇതേക്കുറിച്ച് ആലോചിക്കുന്നുമുണ്ട്.

യൂനാനി ചികിത്സാ മേഖലയിൽ ഗവേഷണവും, ഒരു മികവിന്റെ കേന്ദ്രവും ഇന്ത്യയിൽ വളരെ മുമ്പേ ആരംഭിക്കേണ്ടതായിരുന്നു. ഉന്നത നിലവാരമുള്ള ബിരുദാനന്തര, ഗവേഷണ തല പരിശീലനവും അധ്യയനവും ലക്ഷ്യമാക്കി ആരോഗ്യ മന്ത്രാലയം രാജ്യത്ത് ഓൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ യൂനാനി മെഡിസിൻ ആരംഭിക്കുന്നതിന് തത്വത്തിൽ അംഗീകാരം നല്കിയിട്ടുണ്ട്. ഈ സ്ഥാപനത്തിന്റെ നിർമ്മാണത്തിനായി ആസൂത്രണ കമ്മിഷൻ 250 കോടി രൂപ ഈ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

### യൂനാനി ചികിത്സയുടെ അടിസ്ഥാനം

ആഴത്തിലുള്ള തത്വചിന്താ കാഴ്ച്ചപ്പാടുകളും ശാസ്ത്രീയമായ തത്വങ്ങളുമാണ് യൂനാനിയുടെ അടിസ്ഥാന ചട്ടക്കൂട്. യുനാനി ചികിത്സയുടെ മുഖ്യ പ്രമാണ പ്രകാരം -ഉമൂർ - ഇ - തബായിയാ എന്നു വിളിക്കുന്ന വിവിധ പ്രകൃതി വസ്തുക്കളും അടിസ്ഥാന ഘടകങ്ങളും കൊണ്ടാണ് മനുഷ്യശരീരം നിർമ്മിക്കപ്പെട്ടിരിക്കുന്നത്. ഇവയാണ് ആരോഗ്യത്തെ നിയന്ത്രിക്കുന്നത്. ചിത്തവൃത്തി, രസം, ഇന്ദ്രിയം, ആത്മാവ്, ഊർജ്ജം, പ്രവൃത്തി എന്നിവയാണ് ഈ ഘടകങ്ങൾ. ഹിപ്പോക്രാറ്റസാണ് രസ സിദ്ധാന്തത്തിന്റെ വക്താവ്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ മനുഷ്യശരീരം മൂന്നു തരം വസ്തുക്കൾ കൊണ്ടാണ് നിർമ്മിച്ചിരിക്കുന്നത്. ഇന്ദ്രിയം എന്ന ഖരം, രസം എന്ന ദ്രാവകം, അർവാ അഥവാ വാതകം.

നാഡി, മലം, മൂത്രം എന്നിവയുടെ പരിശോധനയിലൂടെയാണ് യൂനാനി വിദഗ്ധർ രോഗ നിർണയം നടത്തുന്നത്. ഇതിനായി ശരീരത്തിലെ വായു, ജലം, അഗ്നി, ഭൂമി എന്നീ നാല് ഘടകങ്ങളേയും രക്തം, കഫം, മഞ്ഞ, കറുപ്പ്, പിത്തരസം എന്നിവയുടെ അവസ്ഥകളേയുമാണ് യൂനാനി ആശ്രയിക്കുന്നത്. ഇവയിൽ ഏതെങ്കിലും ഒന്നിന്റെ അസന്തുലിതാവസ്ഥ ശരീരത്തിൽ രോഗങ്ങൾക്കു കാരണമാകുന്നു. ഇവയുടെ കൃത്യമായ സന്തുലിതാവസ്ഥ നല്ല ആരോഗ്യം നല്കുകയും ചെയ്യുന്നു. യുനാനിയിൽ ഏറ്റവും പ്രാധാന്യം നല്കുന്നത് ചിത്തവൃത്തിക്കാണ്. ചിത്തവൃത്തിയെ നിയന്ത്രിക്കുന്നതാകട്ടെ, പ്രസാദം, മാന്ദ്യം, കോപം, വിഷാദം എന്നീ വികാരങ്ങളുടെ ഏറ്റക്കുറച്ചിലുകളും. ഔഷധങ്ങൾ ഉൾപ്പെടെയുള്ള ഘടകങ്ങൾ നല്കി ഇവയുടെ സന്തുലിതാവസ്ഥ പുനസ്ഥാപിക്കുകയാണ് യൂനാനിയിലെ ചികിത്സാ രീതി. നാലു തരം ചികിത്സാ പദ്ധതികളാണ് യൂനാനിയിൽ ഉള്ളത്. അവ പഥ്യാഹാരം, വ്യായാമം, ഔഷധം, ശസ്ത്രക്രിയ എന്നിവയാണ്.

### യൂനാനിയുടെ ശക്തി

സമഗ്ര സമീപനം, ചിത്തവൃത്തി അടിസ്ഥാനമാക്കിയുള്ള ചികിത്സ, ആരോഗ്യം നിലനിർത്തുന്നതിന് ജീവിതത്തിൽ അവശ്യമായ ആറു ഘടകങ്ങൾ എന്നിവയാണ് യൂനാനിയുടെ ശക്തി. അവയവങ്ങളെയും രോഗ പ്രതിരോധ സംവിധാനത്തെയും വ്യവസ്ഥപ്പെടുത്തുന്നു എന്നതാണ് യൂനാനി ചികിത്സാ സമ്പ്രദായത്തിന്റെ സവിശേഷത. വ്യായാമമാണ് യൂനാനി ചികിത്സാ സമ്പ്രദായത്തിന്റെ വലിയ അനുഗ്രഹം. ജീവന്റെ പ്രധാനപ്പെട്ട ആറു ഘടകങ്ങളെ അത് നവീകരിക്കുന്നു. ഇതിൽ പഥ്യം, രക്തശുദ്ധികരണം തുടങ്ങിയവയിലൂടെ ശരീരത്തിലെ ദുഷ്ടുകളെ നിർമാർജ്ജനം ചെയ്യുന്നു. ഇത് ഔഷധ പ്രയോഗത്തോടുകൂടി മാത്രമേ നടത്താനാവൂ. വേദനകളും വിവിധ ത്വക് രോഗങ്ങളും ലഘുവായ ഔഷധപ്രയോഗങ്ങൾ കൊണ്ട് ഭേദമാക്കാവുന്നതേയുള്ളു. ക്ഷയം, എയ്ഡ്സ്, ക്യാൻസർ തുടങ്ങിയ മാരക രോഗങ്ങൾക്ക് യൂനാനിയിൽ ദീർഘനാൾ ഔഷധങ്ങൾ കഴിക്കേണ്ടിവരും. പക്ഷെ മറ്റ് ചികിത്സാ ശാഖകളിലെ പാർശ്വ ഫലങ്ങൾ യൂനാനിയിൽ ഉണ്ടാവില്ല. അതാണ് സവിശേഷത. മാത്രവുമല്ല, സാവകാശം ശരീരത്തെ പഴയ ആരോഗ്യ അവസ്ഥയി

ലേയ്ക്ക് തിരികെ കൊണ്ടുവരികയും ചെയ്യും.

ഇന്ന് മനുഷ്യ ശരീരത്തെ ഗ്രസിക്കുന്ന എല്ലാ രോഗങ്ങൾക്കും യൂനാനിയിൽ പ്രതിവിധിയുണ്ട്. പ്രത്യേകിച്ച് പഴക്കം ചെന്ന അൾസർ, ശ്വാസ കോശ രോഗങ്ങൾ, ആസ്ത്മാ, പേശീ രോഗങ്ങൾ, സന്ധിവാതം, തളർവാതം, ഹൃദ്രോഗം, പ്രമേഹം, ലൈംഗിക പ്രശ്നങ്ങൾ തുടങ്ങിയവയ്ക്കെല്ലാം പാർശ്വഫലങ്ങളില്ലാത്ത വിദഗ്ധ ചികിത്സ യൂനാനിയിൽ ലഭ്യമാണ്.

**യൂനാനി ചികിത്സാ പരിശീലനം ഇന്ത്യയിൽ**

യൂനാനി വൈദ്യശാസ്ത്ര പഠനവും പരിശീലനവും നിയന്ത്രിക്കുന്നതും നിരീക്ഷിക്കുന്നതും ഇന്ത്യൻ മെഡിസിൻ കൗൺസിൽ നിയമം 1970 പ്രകാരം സ്ഥാപിതമായ സെൻട്രൽ കൗൺസിൽ ഓഫ് ഇന്ത്യൻ മെഡിസിനാണ്. അഞ്ചര വർഷം കൊണ്ട് പൂർത്തിയാകുന്നതും ബിയുഎംഎസ് ബിരുദം ലഭിക്കുന്നതുമായ യൂനാനി വൈദ്യ ശാസ്ത്ര ബിരുദ കോഴ്സ് നടത്തിവരുന്നത് 1995 ലെ ഇന്ത്യൻ മെഡിസിൻ സെൻട്രൽ കൗൺസിൽ ചട്ടങ്ങളനുസരിച്ചാണ്. മൂന്നു വർഷം ദൈർഘ്യമുള്ള ബിരുദാനന്തര കോഴ്സ് കഴിയുന്നവർക്ക് 2007 ലെ ഇന്ത്യൻ മെഡിസിൻ സെൻട്രൽ കൗൺസിൽ ചട്ടങ്ങളനുസരിച്ച് എംഡി( ഡോക്ടർ ഓഫ് മെഡിസിൻ)/ എംഎസ് ബിരുദങ്ങൾ ലഭിക്കും.

ഇന്ത്യയിൽ യൂനാനി വൈദ്യശാസ്ത്രത്തിൽ ബിരുദ തല പഠനവും പരിശീലനവും നല്കുന്ന 42 അംഗീകൃത കോളജുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ എട്ടു സ്ഥാപനങ്ങളിൽ ബിരുദാനന്തര സൗകര്യങ്ങളും ഉണ്ട്. യൂനാനി വൈദ്യശാസ്ത്രത്തിൽ ബിരുദാനന്തര പഠനത്തിനു പുറമെ ഗവേഷണത്തിനും സൗകര്യമുള്ള സ്ഥാപനമാണ് ബാംഗളൂരിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് യൂനാനി മെഡിസിൻ. ഈ സ്ഥാപനങ്ങളിൽ മൊത്തം ബിരുദ പഠനത്തിനും ബിരുദാനന്തര പഠനത്തിനും യഥാക്രമം 1851 ഉം 135 ഉം സീറ്റുകളാണുള്ളത്. ബാംഗളൂരിലെ രാജീവ്ഗാന്ധി യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് യൂനാനി മെഡിസിൻ, ഹൈദരാബാദിലെ വിജയവാഡാ സർവകലാശാലയുടെ കീഴിലുള്ള ഗവൺമെന്റ് നിസാമിയ ടിബ്ബി കോളജ് എന്നീ സ്ഥാപനങ്ങൾ അടുത്ത കാലത്തായി ബിരുദാനന്തര ബിരുദ പഠനം കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്.

**ആരോഗ്യ മേഖലയിലെ പങ്കാളിത്തം**

രാജ്യത്ത് ആകെ 50475 രജിസ്റ്റേർഡ് യൂനാനി ഡോക്ടർമാർ ആരോഗ്യ മേഖലയിൽ സേവനമനുഷ്ഠിക്കുന്നു. ഇന്ത്യയിൽ നിലവിൽ 259 യൂനാനി ആശുപത്രികളുണ്ട്. ഇവയിൽ 3744 കിടക്കകളും ഉണ്ട്. ഇതു കൂടാതെ 1483 യൂനാനി ഡിസ്പൻസറികളും പ്രവർത്തിക്കുന്നു. 2002 ലെ ഇന്ത്യൻ മെഡിസിൻ ആൻഡ് ഹോമിയോപതി ദേശീയ നയം പ്രകാരം പ്രാഥമിക ആരോഗ്യ പരിചരണ ശൃംഖലയിൽ യൂനാനി വൈദ്യശാസ്ത്രത്തെയും ഉൾപ്പെടുത്തിയിട്ടുണ്ട്. യൂനാനി ഡോക്ടർമാരുൾപ്പെടെ 11650 ആയുഷ് ഡോക്ടർമാരെയാണ് ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യം കരാർ വ്യവസ്ഥയിൽ പ്രാഥമിക സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിൽ നിയമിച്ചിരിക്കുന്നത്. ആയുഷ് ഡോക്ടർമാരായി ശിശു ആരോഗ്യ പദ്ധതി, സ്കൂൾ ആരോഗ്യ പദ്ധതി എന്നിവയിലും യൂനാനി ഡോക്ടർമാർ പ്രവർത്തിക്കുന്നുണ്ട്.



**ഗവേഷണ വികസന മേഖലകളിലെ മുന്നേറ്റം**

യൂനാനി വൈദ്യശാസ്ത്രത്തിലെ ഗവേഷണവും വികസനവും പ്രധാനമായും സെൻട്രൽ കൗൺസിൽ ഫോർ റിസർച്ച് ഇൻ യൂനാനി മെഡി

സിൻ എന്ന സമിതിയിലാണ് നിക്ഷിപ്തമായിരിക്കുന്നത്. കഴിഞ്ഞ ഒന്നര പതിറ്റാണ്ടായി യൂനാനി വൈദ്യശാസ്ത്ര മേഖലയുടെ പരിശോധനയ്ക്കും ഉപയോഗത്തിനുമായി വളരെ പ്രധാനപ്പെട്ട പഠനങ്ങളിലും ശാസ്ത്ര ഗവേഷണങ്ങളിലും വ്യാപൃതരായിരിക്കുന്ന ഒരു സമിതിയാണ് ഈ കൗൺസിൽ. യൂനാനി വൈദ്യശാസ്ത്ര ശാഖയ്ക്ക് ഗവേഷണ അടിത്തറ സൃഷ്ടിക്കുന്നതിനാണ് 1979 ജനുവരി 10 നു ഈ കൗൺസിൽ സ്ഥാപിതമായത്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ 23 പ്രവർത്തന കേന്ദ്രങ്ങളുള്ള കൗൺസിലിന്റെ ആസ്ഥാനം ന്യൂഡൽഹിയിലാണ്. ഹൈദരാബാദിലും ലക്നോവിലുമുള്ള ഓരോ യൂനാനി മെഡിസിൻ സെൻട്രൽ റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടുകളും രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലായി എട്ട് പ്രാദേശിക റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടുകളുമാണ് സ്ഥാപന ശൃംഖലയിലുള്ളത്. 30 രോഗങ്ങൾക്കുള്ള 120 ഔഷധ സംയുക്തങ്ങളും 130 മരുന്നുകളും യൂനാനി വൈദ്യശാസ്ത്ര ശാഖയിലെ ഫാർമക്കോളജി ഇതിനോടകം സുരക്ഷിതമായി തെളിയിച്ചു കഴിഞ്ഞു.

സാധാരണ മഴക്കാലത്തും മറ്റും ഉണ്ടാകാറുള്ള രോഗങ്ങളെ പ്രതിരോധിക്കാൻ യൂനാനി ഔഷധങ്ങളടങ്ങിയ ഒരു കിറ്റ് കൗൺസിൽ വികസിപ്പിച്ച് എടുത്തിട്ടുണ്ട്. ഇത്തരം രോഗങ്ങൾക്ക് ഇത് വളരെ ഫലപ്രദമാണെന്നു തെളിഞ്ഞിട്ടുമുണ്ട്. നാഷണൽ റിസേർച്ച് ഡവലപ്മെന്റ് കോർപ്പറേഷൻ വഴിയാണ് ഇത് വ്യാവസായികാടിസ്ഥാനത്തിൽ വിപണനം ചെയ്തു വരുന്നത്. ആരോഗ്യമുള്ള വാർധക്യത്തെ കുറിച്ച് പഠനം നടത്തിയ കൗൺസിൽ മുതിർന്ന പൗരന്മാർക്ക് ആരോഗ്യ സംരക്ഷണത്തിനായി ഒരു പാക്കേജ് തന്നെ വികസിപ്പിച്ചിട്ടുണ്ട്. വിവിധ ത്വക് രോഗങ്ങൾക്കും വളരെ ഫലപ്രദമെന്ന് പരീക്ഷിച്ച് വിജയിച്ച യൂനാനി ഔഷധങ്ങൾ ഇന്ന് ലഭ്യമാണ്.

**പങ്കാളിത്ത ഗവേഷണം**

കൗൺസിൽ ഫോർ സയന്റിഫിക് ആൻഡ് ഇൻഡസ്ട്രിയൽ റിസേർച്ച്, എഐഐഎംഎസ്, ഐസിഎംആർ, എൻആർഡിസി, എൻഎസിഒ തുടങ്ങി രാജ്യത്തെ പ്രശസ്തമായ പല മെഡിക്കൽ കോളേജുകളും ശാസ്ത്ര സ്ഥാപനങ്ങളുമായി സഹകരിച്ച് വിവിധ വിഷയങ്ങളിൽ കൗൺസിൽ ഗവേഷണത്തിൽ ഏർപ്പെട്ടിരിക്കുന്നു.

യൂനാനി ഉൾപ്പെടെയുള്ള ഇന്ത്യയുടെ പരമ്പരാഗത വൈദ്യശാസ്ത്ര ശാഖകളെ ആഗോളതലത്തിൽ എത്തിക്കുന്നതിന് ഇന്ത്യാ ഗവൺമെന്റ് പല വിദേശ രാജ്യങ്ങളുടെയും സഹകരണം തേടിവരികയാണ്. ആരോഗ്യ മന്ത്രാലയത്തന്റെ ആഭിമുഖ്യത്തിൽ 2009 ഏപ്രിൽ മാസത്തിൽ യുഎസ് എയിലെ മിസിസിപ്പി സർവകലാശാലയിൽ ഇൻഡോ - യുഎസ് സെന്റർ ഫോർ റിസേർച്ച് ഇൻ ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിൻ സ്ഥാപിതമായത് ഈ പാതയിലെ നിർണായക നാഴികക്കല്ലായി കരുതാം. യൂനാനി ഉൾപ്പെടെയുള്ള ഇന്ത്യൻ വൈദ്യശാസ്ത്ര മേഖലയുടെ ആഗോള അംഗീകാരവും ഗവേഷണവും പ്രോത്സാഹിപ്പിക്കുന്നതിനും അത്തരം ഉത്പ്പന്നങ്ങളുടെ സുരക്ഷിതത്വവും ശേഷിയും ഗുണമേന്മയും സംബന്ധിച്ച് വിദേശികൾക്കുള്ള ഉത്ക്കണ്ഠ പരിഹരിക്കുന്നതിനുമാണ് ആരോഗ്യമന്ത്രാലയം സെന്റർ ഫോർ റിസേർച്ച് ഇൻ ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിൻ സ്ഥാപിക്കുന്നതിന് മുൻകൈ എടുത്തത്. ഈ കേന്ദ്രത്തിന്റെ പ്രാഥമിക ദൗത്യം ഇന്ത്യൻ വൈദ്യശാസ്ത്ര വിഭാഗങ്ങളെ കുറിച്ച് പ്രത്യേകിച്ച് ആയൂർവേദം, സിദ്ധ, യൂനാനി എന്നിവ സംബന്ധിച്ച് ശാസ്ത്രീയമായ വിവരങ്ങൾ ലഭ്യമാക്കുക എന്നതാണ്. ഇതിനായി യുഎസിലെ മിസിസിപ്പി യൂണിവേഴ്സിറ്റിയും ആരോഗ്യ വകുപ്പും, നാഷണൽ സെന്റർ ഫോർ നാച്ചുറൽ പ്രോഡക്ട് റിസേർച്ചും സംയുക്തമായി ഗവേഷണം നടത്തും.

ഔഷധ സസ്യങ്ങളുടെ വ്യാപാരം, കൃഷി, സംരക്ഷണം എന്നിവയ്ക്കായി ആരോഗ്യ മന്ത്രാലയം നാഷണൽ മെഡിസിനൽ പ്ലാന്റ് ബോർഡ് സ്ഥാപിച്ചിട്ടുണ്ട്. ഗവൺമെന്റ് ആശുപത്രികൾക്കും ഡിസ്പൻസറികൾക്കും മരുന്ന് വിതരണം ചെയ്യുന്നതിനായി ചുമതലപ്പെടുത്തിയിരി

ക്കുന്ന ഉത്തരാഖണ്ഡിലുള്ള ഇന്ത്യൻ മെഡിസിൻസ് ഫാർമസൂട്ടിക്കൽസ് ലിമിറ്റഡ് എന്ന ഇന്ത്യാ ഗവൺമെന്റ് സ്ഥാപനത്തോടൊപ്പം രാജ്യത്ത് ലൈസൻസുള്ള നിരവധി സ്വകാര്യ സ്ഥാപനങ്ങളും യൂനാനി മരുന്ന് നിർമ്മിക്കുന്നുണ്ട്.

**ഔഷധ ഗുണനിലവാരവും ബൗദ്ധിക സ്വത്തവകാശവും**

യൂനാനി ഫാർമകോപ്പിയ കമ്മിറ്റിയുടെ സാങ്കേതിക മാർഗ്ഗനിർദ്ദേശമനുസരിച്ച് മൊത്തം 398 മരുന്നുകൾക്ക് നിലവാരം നിർണയിച്ചു കഴിഞ്ഞിട്ടുണ്ട്. കൂടാതെ 672 യൂനാനി ഔഷധങ്ങളുടെ നിലവാരങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇത് ആറ് വാള്യങ്ങളുള്ള ഇന്ത്യയുടെ യൂനാനി ഫാർമോകോപ്പിയയിൽ പൂർണമായി ചേർത്തിട്ടുമുണ്ട്. ഇന്ത്യൻ പേറ്റന്റ് ഓഫീസിൽ നിന്ന് യൂനാനിയിലുള്ള എട്ട് ഗവേഷണങ്ങൾക്ക് പേറ്റന്റും ലഭിച്ചു കഴിഞ്ഞു. മറ്റ് 46 അപേക്ഷകൾ പേറ്റന്റിനായി സമർപ്പിച്ചിട്ടുമുണ്ട്.

ഈ ഗവേഷണങ്ങളുടെ അടിസ്ഥാനത്തിൽ കൗൺസിൽ ഇതിനോടകം രണ്ടു ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചു. ഒന്ന്, ഫിസിയോ കെമിക്കൽ സ്റ്റാൻഡേർഡ്സ് ഓഫ് യൂനാനി ഫോർമുലേഷൻസ്. 350 യൂനാനി മരുന്നുകളെ കുറിച്ചാണിത് പ്രതിപാദിക്കുന്നത്. രണ്ടാമത്തേത്, സ്റ്റാൻഡർഡൈസേഷൻ ഓഫ് സിംഗിൾ ഡ്രഗ്സ് ഓഫ് യൂനാനി മെഡിസിൻ. 50 മരുന്നുകളെ കുറിച്ചുള്ളതാണ് ഈ പുസ്തകം. വിവിധ സംസ്ഥാനങ്ങളിലെ വിദൂര വനമേഖലകളിൽ താമസിക്കുന്ന വിവിധ ഗോത്ര സമൂഹങ്ങൾക്കിടയിൽ 1978 മുതൽ കൗൺസിൽ നിരവധി വംശീയ സസ്യശാസ്ത്ര സർവെകളും പൂർത്തിയാക്കിയിട്ടുണ്ട്. വിവിധ ഇനം ഔഷധ സസ്യങ്ങളെ കുറിച്ചും കൗൺസിൽ ഗവേഷണം ഏറ്റെടുത്ത് നടത്തുന്നു. ഇത്തരം സസ്യങ്ങളുടെ ഉപയോഗം സംബന്ധിച്ച് പഴയ യൂനാനി ഗ്രന്ഥങ്ങളിൽ പരാമർശങ്ങൾ ഉണ്ട്. അശ്രദ്ധമായ ചൂഷണം മൂലം ഇവയിൽ പല സസ്യങ്ങളും വംശനാശ ഭീഷണിയിലാണ്. ഗുണനിലവാരമുള്ള ഔഷധങ്ങൾ നിർമ്മിക്കുന്നതിന് യഥാർത്ഥ മരുന്ന് ചെടികൾ വേണം. ചിലയിനം ഔഷധ സസ്യങ്ങളെ കുറിച്ചുള്ള വിവരങ്ങൾ ഇപ്പോഴും വിവാദങ്ങളിലാണ്. ഇതിന്റെയെല്ലാം പശ്ചാത്തലത്തിലാണ് യുനാനി മെഡിക്കൽ കൗൺസിൽ ഹൈദരാബാദിൽ ഒരു ഔഷധോദ്യാനം സ്ഥാപിച്ചിരിക്കുന്നത്. സവിശേഷങ്ങളായ 100 ഔഷധ സസ്യങ്ങളാണ് ഇവിടെ നട്ടു പരിപാലിച്ചു വരുന്നത്.

ഔഷധസസ്യങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് കൗൺസിൽ അതിന്റെ അലിഗഡ്, ഹൈദരാബാദ്, ചെന്നൈ, ശ്രീനഗർ എന്നീ പ്രാദേശിക കേന്ദ്രങ്ങളോടു ചേർന്ന് 100 ഇനം ഔഷധികളുടെ നഴ്സറികൾ സ്ഥാപിച്ചിട്ടുണ്ട്. ഈ ഔഷധ ചെടികളുടെ പൂർണ വിവരങ്ങളും ചെടികൾക്കൊപ്പം സൂക്ഷിച്ചിരിക്കുന്നു.

**ഔഷധ നാട്ടറിവുകളുടെ ഡിജിറ്റൽ ശേഖരം**

യൂനാനി മരുന്നുകൂട്ടുകളുടെ മോഷണവും ദുരുപയോഗവും തടയുന്നതിന് ആരോഗ്യ മന്ത്രാലയം, ആയുഷ്, കുടുംബക്ഷേമ മന്ത്രാലയം, കൗൺസിൽ ഓഫ് സയന്റിഫിക് ആൻഡ് ഇൻഡസ്ട്രിയൽ റിസേർച്ച് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ഔഷധ നാട്ടറിവുകളുടെ ഡിജിറ്റൽ ലൈബ്രറി എന്ന സംരംഭം ആരംഭിച്ചിട്ടുണ്ട്. ഇത് യാഥാർത്ഥ്യമാക്കുന്നത് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് കമ്യൂണിക്കേഷൻ ആൻഡ് ഇൻഫർമേഷൻ റിസോഴ്സസ് എന്ന സ്ഥാപനം വഴിയാണ്. ഇന്ത്യയുടെ സമ്പന്നമായ പൈതൃകവും പരമ്പരാഗതമായ വൈദ്യശാസ്ത്ര അറിവുകളും ദുരുപയോഗിക്കുന്നത് തടയുക എന്നതാണ് ആഗോളതലത്തിൽ തന്നെ ശ്രദ്ധയാകർഷിച്ചിട്ടുള്ള ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യം. ഏകദേശം 1,54,015 ഔഷധങ്ങൾ സംബന്ധിച്ച നാട്ടറിവുകൾ ഇതിനോടകം ഡിജിറ്റലൈസ് ചെയ്തു കഴിഞ്ഞു. ഡേറ്റാ ലൈബ്രറിയിൽ ഇവ ലഭ്യമാണ്.

**യൂനാനി ഔഷധ വ്യവസായം**

ലൈസൻസുള്ള 485 ഔഷധ കമ്പനികൾ യൂനാനി മരുന്നുകളുടെ നിർമ്മാണത്തിൽ ഏർപ്പെ

ട്ടിരിക്കുന്നു. ഇതു കൂടാതെ പൊതു മേഖലാ സ്ഥാപനമായ ഇന്ത്യൻ മെഡിസിൻ ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ ലിമിറ്റഡും ഈ രംഗത്ത് ഉണ്ട്.1940 ലെ ഡ്രഗ് ആന്റ് കോസ്മറ്റിക്സ് നിയമ പ്രകാരമാണ് യൂനാനി മരുന്നുകളുടെ നിർമ്മാണവും വില്പനയും നടക്കുന്നത്. ഓരോ മരുന്നിന്റേയും നിലവാര പരിശോധന നടത്തുന്നത് ഫാർമോകോപ്പിയൽ ലബോറട്ടറി ഫോർ ഇന്ത്യൻ മെഡിസിൻ, ഫാർമോകോപ്പിയ കമ്മിഷൻ ഫോർ ഇന്ത്യൻ മെഡിസിൻ, യൂനാനി ഫാർമോകോപ്പിയ കമ്മിറ്റി തുടങ്ങി യോഗ്യതയുള്ള സ്ഥാപനങ്ങളും സമിതികളുമാണ്.

**ആഗോള ചിത്രം**

ലോകത്തിൽ വിവിധ രാജ്യങ്ങളിൽ വിവിധ പേരുകളിൽ യൂനാനി വൈദ്യശാസ്ത്രം നിലവിലുണ്ട്.

ഇന്ത്യ, ബംഗ്ലാദേശ്, ശ്രീലങ്ക, ദക്ഷിണാഫ്രിക്ക എന്നീ രാജ്യങ്ങളിൽ യൂനാനി മരുന്ന് എന്നു തന്നെയാണ് പേര്. ഇറാനിൽ ടിബ് - ഇ - സുന്നത്തി( പരമ്പരാഗത മരുന്ന്). പാക്കിസ്ഥാൻ - പൗരസ്ത്യ മരുന്ന്, ചൈന - ഉയ്ഖൂർ മരുന്ന്, യുഎഇ - പരമ്പരാഗത ബദൽ മരുന്ന്, കുവൈറ്റ് - ഇസ്ലാമിക് മരുന്ന് എന്നിങ്ങനെ പോകുന്നു ഓരോ രാജ്യത്തെയും പേരുകൾ

**ഉപസംഹാരം**

യൂനാനി വൈദ്യശാസ്ത്രം സ്വഭാവത്താൽ സമഗ്രമാണ്. (ഇവിടെ ചികിത്സിക്കുന്നത് ഒരു വ്യക്തിയെ സമഗ്രമായിട്ടാണ്. അല്ലാതെ രോഗത്തിനു മാത്രമല്ല.) മഹത്തായ രോഗശാന്തി എന്ന കലയാണത്. അതോടൊപ്പം ശാസ്ത്രവുമാണ്. അതിന്റെ സിദ്ധാന്തങ്ങൾ പ്രകൃതിയുടെ തത്വങ്ങളാണ്.

മഹത്തായ പരിസ്ഥിതി വൈവിധ്യങ്ങളുടെ നാടാണ് ഇന്ത്യ. ഈ വൈവിധ്യം അതിന്റെ ആരോഗ്യ സംരക്ഷണ സംവിധാനത്തിലും ആരോഗ്യ വിജ്ഞാനത്തിലും ഉണ്ട്. ആധുനിക ചികിത്സാ സംവിധാനത്തോടൊപ്പം തന്നെ ഇന്ത്യയിൽ യൂനാനി വൈദ്യശാസ്ത്രവും നിലനില്ക്കുന്നു. ശരീരത്തിന്റെ വിവിധ അവസ്ഥകളെയാണ് യൂനാനി വൈദ്യശാസ്ത്ര ശാഖ പഠനവിഷയമാക്കി ചികിത്സിക്കുന്നത്. വൈദ്യശാസ്ത്രത്തിന്റെ പിതാവായ ഹിപ്പോക്രാറ്റസ് തന്നെയാണ് യൂനാനിയുടെയും സ്ഥാപകൻ. 16-ാം നൂറ്റാണ്ടു വരെ അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും ബന്ധനത്തിൽ ആയിരുന്ന വൈദ്യശാസ്ത്രത്തെ അദ്ദേഹമാണ് സ്വതന്ത്രമാക്കിയത്. അറബികളും പേർഷ്യക്കാരും യൂനാനിയെ സ്വീകരിക്കുകയും അതിന്റെ അടിസ്ഥാന തത്വങ്ങൾ വികസിപ്പിക്കുകയും ചെയ്തെങ്കിലും യൂനാനി വളർന്നത് ഇന്ത്യൻ മണ്ണിലാണ്. ഇവിടുത്തെ വൈദ്യശാസ്ത്ര പണ്ഡിതരാണ് അതിന്റെ തത്വങ്ങൾ വിശദീകരിച്ച് അതിനെ പ്രയോഗവത്ക്കരിച്ചത്. ആയൂർവേദവും യൂനാനിയും തമ്മിൽ പരസ്പര വിജ്ഞാനകൈമാറ്റം ഉണ്ടായിട്ടുണ്ട്. ആയൂർവേദത്തിലെ പല തത്വങ്ങളും യൂനാനിയിലും ഉണ്ട്. പ്രത്യേകിച്ച് ചിത്തവൃത്തിയും പ്രവൃത്തിയും. അങ്ങനെയാണ് യൂനാനി ഇന്ത്യയുടെ പാരമ്പര്യമായത്.

യൂനാനിക്ക് ഇന്ത്യയിൽ വലിയ ചരിത്രം ഉണ്ട്. അതുകൊണ്ടാണ് ഇന്ന് ലോകത്ത് ഇന്ത്യയുടെ യൂനാനി മരുന്നുകൾക്ക് വലിയ പേരും പെരുമയും ഉള്ളത്. യൂനാനി വൈദ്യസാസ്ത്ര വിദ്യാഭ്യാസത്തിന് മികച്ച പരിശീലന സ്ഥാപനങ്ങളാണ് ഇന്ത്യയിലുള്ളത്. അതു തന്നെയാണ് യൂനാനി വൈദ്യശാസ്ത്ര സംബന്ധമായ പിന്തുണയ്ക്കും സഹായത്തിനും വിദേശ രാജ്യങ്ങൾ ഇന്ത്യയെ സമീപിക്കുവാനുള്ള കാരണവും. ഈ വസ്തുതകൾ നോക്കുമ്പോൾ ഇന്ന് ഇന്ത്യയാണ് യൂനാനി വൈദ്യശാസ്ത്ര മേഖലയിലെ ലോക നേതൃത്വം.

**(ലേഖകൻ ആയൂഷ് മന്ത്രാലയത്തിനു കീഴിൽ ഉപദേശകനായി പ്രവർത്തിക്കുന്നു)**

# സാമൂഹ്യ ഭദ്രത ഉറപ്പാക്കുന്ന ജനസുരക്ഷാ പദ്ധതികൾ

ഇൻഷുറൻസ്, പെൻഷൻ മേഖലകളുമായി ബന്ധപ്പെട്ട മൂന്നു സാമൂഹ്യ സുരക്ഷാ പദ്ധതികൾക്കാണ് 2015 മെയ് 9-ന് കേന്ദ്ര ഗവൺമെന്റ് തുടക്കം കുറിച്ചിരിക്കുന്നത്. ഉപഭോക്താവിന്റെ ബാങ്ക് അക്കൗണ്ടുമായി ബന്ധപ്പെടുത്തിയാണ് ഈ സാമൂഹിക സുരക്ഷാ സംവിധാനം പ്രവർത്തിക്കുന്നത്.

**പ്രധാൻ മന്ത്രി സുരക്ഷാ ബീമ യോജന(പിഎംഎസ്ബിവൈ)**

ഏതെങ്കിലും ബാങ്കിൽ സേവിംങ് അക്കൗണ്ട് ഉള്ള, 18 നും 70 നും ഇടയിൽ പ്രായമുള്ള, ഏത് ഇന്ത്യൻ പൗരനും വാർഷിക വിഹിതമായി 12 രൂപ മാത്രം അടച്ച് അംഗമായി ചേരാവുന്ന അപകട, മരണ, അംഗവൈകല്യ നഷ്ടപരിഹാര പദ്ധതിയാണ് പ്രധാൻ മന്ത്രി സുരക്ഷാ ബീമ യോജന അഥവാ പിഎംഎസ്ബിവൈ. പരമാവധി രണ്ടു ലക്ഷം (അംഗഭംഗത്തിന് ഒരു ലക്ഷം) രൂപ വരെ നഷ്ടപരിഹാരം ലഭിക്കുന്ന പദ്ധതിയുടെ കാലാവധി ഒരു വർഷമാണ്. ഇത് പിന്നീട് പുതുക്കാം. രാജ്യത്തെ പൊതുമേഖലാ ഇൻഷുറൻസ് കമ്പനികളാണ് ഈ പദ്ധതി ഏറ്റെടുത്ത് നടത്തുന്നത്. ഒരു ഗുണഭോക്താവിന് വിവിധ ബാങ്കുകളിൽ ഒന്നിലധികം അക്കൗണ്ടുകൾ ഉണ്ടെങ്കിൽ ഒരു അക്കൗണ്ടുമായി മാത്രമെ പദ്ധതിയെ ബന്ധിപ്പിക്കാൻ സാധിക്കുകയുള്ളു. ഓട്ടോ ഡബിറ്റ് സംവിധാനം വഴി അക്കൗണ്ടിൽ നിന്ന് ഒറ്റ പ്രാവശ്യമായി വിഹിതം പദ്ധതിയിലേയ്ക്ക് പിടിക്കും. അർഹതയുള്ള വ്യക്തിക്ക് തുടക്കത്തിൽ ഈ പദ്ധതിയിൽ ചേരാൻ സാധിക്കാത്ത പക്ഷം വിഹിതം അടച്ച് അടുത്ത വർഷം അംഗമാകാവുന്നതാണ്. പദ്ധതിയിൽ നിന്ന് പിന്മാറുന്നവർക്കും പിന്നീട് വാർഷിക പ്രീമിയം അടച്ച് ചില നിബന്ധനകൾക്കു വിധേയമായി വീണ്ടും പദ്ധതിയിൽ തുടരാം.

**പ്രധാൻ മന്ത്രി ജീവൻ ജ്യോതി ബീമ യോജന ( പിഎംജെജെബിവൈ)**

ഈ പദ്ധതിയിലും ഒരു വർഷത്തേയ്ക്ക് രണ്ടു ലക്ഷം രൂപയുടെ ഇൻഷുറൻസ് ആനുകൂല്യമാണ് അക്കൗണ്ട് ഉടമയ്ക്ക് ലഭിക്കുന്നത്. 18 -50 വയസ് പ്രായപരിധിയിലുള്ളവർക്ക് പ്രതിവർഷം 330 രൂപ വിഹിതമായി അടച്ച് പദ്ധതിയിൽ അംഗമാകാം. എൽ ഐ സിയാണ് ഈ പദ്ധതിയുടെയും നടത്തിപ്പുകാർ. ആദ്യവർഷം പദ്ധതിയിൽ അംഗത്വമെടുക്കാൻ സാധിക്കാത്തവർക്ക് സ്വന്തം ആരോഗ്യത്തെ കുറിച്ച് ഒരു സാക്ഷ്യപത്രം നല്കി പദ്ധതിയിൽ ചേരാം. നിലവിൽ വേറെ ഇൻഷുറൻസ് പദ്ധതിയിൽ അംഗത്വമെടുത്തവർക്കും ഈ പദ്ധതിയിൽ അംഗമാകാൻ സാധിക്കും.

**അടൽ പെൻഷൻ യോജന**

രാജ്യത്തെ അസംഘടിത മേഖലയിൽ ജോലി ചെയ്യുന്നവരെ ഉദ്ദേശിച്ച് നടപ്പാക്കുന്ന ഈ പദ്ധതിയിൽ അംഗമാകുന്ന ഗുണഭോക്താക്കൾക്ക് അവരുടെ 60-ാം വയസ് മുതൽ 1000, 2000, 3000, 4000, 5000 രൂപ വരെ പ്രതിമാസം പെൻഷനായി ലഭിക്കും. ഗുണഭോക്താവ് നല്കുന്ന വിഹിതം അനുസരിച്ചാണ് പെൻഷൻ തുകയുടെ ഏറ്റക്കുറച്ചിൽ. പൗരന്മാർ വാർധക്യത്തിലെത്തുമ്പോൾ പരമാവധി ആനുകൂല്യങ്ങൾ ഏറ്റവും കുറഞ്ഞ നിക്ഷേപത്തിലൂടെ ലഭ്യമാക്കാനാണ് ഈ പദ്ധതിയിലൂടെ ഗവൺമെന്റ് ലക്ഷ്യമാക്കുന്നത്. 18 -40 പ്രായപരിധിയിലുള്ളവർക്കാണ് ഈ പദ്ധതിയിൽ അംഗത്വം ലഭിക്കുക. കുറഞ്ഞത് 20 വർഷമെങ്കിലും തുടർച്ചയായി ഗുണഭോക്താക്കൾ ഈ പദ്ധതിയിലേയ്ക്ക് വിഹിതം അടച്ചിരിക്കണം. അടൽ പെൻഷൻ യോജനയിൽ അക്കൗണ്ട് ആരംഭിക്കുന്നതിന് ആധാർ കാർഡ് നമ്പർ പോലും ആവശ്യമില്ല. എന്നാൽ ആധാർ കാർഡ് നമ്പർ ചേർക്കുന്നത്, ഭാവിയിൽ ഗുണഭോക്താവിന്റെ പെൻഷൻ സംബന്ധിച്ച് അയാളുടെ ഭാര്യയും നോമിനികളും തമ്മിൽ എന്തെങ്കിലും തർക്കം ഉണ്ടാകുന്ന പക്ഷം അവ പരിഹരിക്കാൻ ഉപകരിക്കും.

MAKE IN INDIA

# നിക്ഷേപം, വളർച്ച, വികസനം– പരിഷ്കരണ മേഖലകൾ

പ്രവാകർ സാഹു, അഭിരൂപ് ഭുനിയ

ഉയർന്ന തോതിലുള്ള നാണ്യപെരുപ്പം, മുരടിച്ച വളർച്ച, നിക്ഷേപകർ പ്രകടിപ്പിച്ച ആത്മവിശ്വാസ രാഹിത്യം നയപരമായ കാര്യങ്ങളിലെ സ്തംഭനാവസ്ഥ തുടങ്ങിയ കാര്യങ്ങളാണ് 2014–ലെ പൊതു തെരഞ്ഞെടുപ്പിന് മുൻപ് ദൃശ്യമായ കാര്യങ്ങൾ. പുതിയ ഭരണം നിലവിൽ വന്നപ്പോൾ ജനങ്ങൾ പൊതുവേയും, നിക്ഷേപകരും വ്യവസായമേഖലയും പ്രത്യേകിച്ചും വലിയ പ്രതീക്ഷകളോടെയാണ് അതിനെ ഉറ്റുനോക്കിയത്. എല്ലാവരും അവരുടെ വിഷമങ്ങൾക്ക് ശമനം ഉണ്ടാകുമെന്നും, സമ്പദ് വ്യവസ്ഥയുടെ പുനഃപ്രതിഷ്ഠ നടക്കുമെന്നും ആത്മാർത്ഥമായി വിശ്വസിച്ചു. ആഭ്യന്തര നിക്ഷേപം വർദ്ധിപ്പിക്കുന്നതിനും, സാമ്പത്തിക പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനും വിദേശ നിക്ഷേപകരെ ആകർഷിക്കുന്നതിനും, തൊഴിലവസരങ്ങളും വളർച്ചയും പ്രദാനം ചെയ്യാൻ ലക്ഷ്യമിട്ടുള്ള 'മേക്ക്–ഇൻ–ഇന്ത്യ' ഉല്പാദന സംരംഭത്തെ പുഷ്ടിപ്പെടുത്തുന്നതിനു വേണ്ടിയും ഗവൺമെന്റ് നിരവധി നടപടികൾ സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്. ഗവൺമെന്റിന്റെ കഴിഞ്ഞ ഒരു വർഷക്കാലത്തെ നയപരമായ മുൻഗണനകളും നേട്ടങ്ങളും എടുത്തു കാണിക്കുകയാണ് ഈ ലേഖനത്തിലൂടെ ഉദ്ദേശിക്കുന്നത്.

### സുഗമമായ ബിസിനസ്സ് പ്രവർത്തനങ്ങൾ

ഇൻഡ്യയിൽ ബിസിനസ്സ് പ്രവർത്തനങ്ങൾ അനായാസകരമാക്കുന്നതിലേക്കായി വിവിധ നടപടികൾ സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്. നയ രൂപീകരണ കാര്യത്തിൽ സംഭവിച്ച വീഴ്ചയും, നിഷേധാത്മകമായ നികുതി നയങ്ങളും നിക്ഷേപകരെ വികർഷിക്കുന്നവയായിരുന്നു. നിയമനിർമ്മാണങ്ങൾ, പഴയ നിയമങ്ങളിൽ സമുചിതഭേദഗതികൾ, പുതിയ പ്രഖ്യാപനങ്ങൾ, ബഡ്ജറ്റിലെ ആനുകൂല്യങ്ങൾ എന്നീ മാദ്ധ്യമങ്ങളിലൂടെ ഈ അവസ്ഥക്ക് പരിഹാരം ഉണ്ടാക്കാൻ പുതിയ ഗവൺമെന്റ് പരിശ്രമിച്ചിട്ടുണ്ട്. നിക്ഷേപകരംഗത്ത് നാടകീയമായ നേട്ടങ്ങൾ സംഭവിച്ചില്ലെങ്കിലും, 2014–15 സാമ്പത്തിക വർഷത്തിൽ മൂലധന സ്വരൂപണം 4.1 ശതമാനം വർദ്ധന രേഖപ്പെടുത്തി എന്നതാണ് ഗവൺമെന്റിന്റെ അനുമാനം. വോഡാഫോൺ

കമ്പനിയുമായി നിലനിന്നിരുന്ന നികുതികാര്യ തർക്കം ഉപേക്ഷിച്ചതും പൂർവ്വകാല പ്രാബല്യമുള്ള നികുതി നിർദ്ദേശങ്ങൾ 2014 ഇടക്കാല ബഡ്ജറ്റിൽ നിറുത്തലാക്കിയതും ഗവൺമെന്റ് നയത്തിന്റെ എടുത്തു പറയാവുന്ന ഉദാഹരണങ്ങളാണ്.

2014-ലെ ആഗോള മത്സരക്ഷമതാ സൂചികയിൽ, ബിസിനസ്സ് അനുകൂല സാഹചര്യങ്ങളുടെ വിഷയത്തിൽ, 16 രാജ്യങ്ങളുടെ പട്ടികയിൽ 142-ാം സ്ഥാനം മാത്രമാണ് ഇൻഡ്യക്ക് ലഭിച്ചിട്ടുള്ളത്. ബിസിനസ്സിന് അനുകൂലമായ സാഹചര്യങ്ങൾ രൂപപ്പെടുത്തുന്നതിനായി 2015-16 ലേക്കുള്ള ബഡ്ജറ്റിൽ നിരവധി നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പ്രഖ്യാപിത നടപടികളിൽ ചില കാര്യങ്ങൾ ഇവയാണ് - സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ മുൻകൂർ അനുവാദങ്ങളുടെ ബാഹുല്യം ലഘൂകരിക്കുന്നതിനായി വിദഗ്ധസമിതി ഏർപ്പെടുത്തുക, ചരക്ക്-സേവന നികുതി സംവിധാനത്തിനോടുള്ള പ്രതിബദ്ധത സൂക്ഷിക്കുക, വെൽത്ത് ടാക്സ് നിറുത്തലാക്കുക, നാലുവർഷ കാലയളവിൽ കോർപറേറ്റ് നികുതിനിരക്ക് 30%ൽ നിന്നും 25% മായി കുറവ് ചെയ്യുക, ഇപ്പോൾ നിലവിലുള്ള നിയന്ത്രണസ്വഭാവമുള്ള 14 അനുമതികൾ ഒരു ഇലക്ട്രോണിക്ക് ഏകജാല സംവിധാനത്തിൽ കൊണ്ടുവരുക, നിക്ഷേപത്തിൽ നിന്നും ക്ലേശരഹിതമായി വിടവാങ്ങാൻ സഹായകമായ രീതിയിൽ നിസ്വതാ നിയമത്തിൽ ഭേദഗതി വരുത്തുക, തർക്കപരിഹാരത്തെ സഹായിക്കുന്ന രീതിയിൽ പബ്ലിക്ക് കോൺട്രാക്റ്റ് ബില്ലിന് രൂപം നൽകുക, വാണിജ്യവിഷയത്തിലെ തർക്കപരിഹാരത്തിന് പ്രത്യേക കോടതികൾ തുടങ്ങിയവ. ഇവയിലൂടെ ബിസിനസ്സ് അന്തരീക്ഷം മെച്ചപ്പെടുത്താം എന്നതാണ് പ്രതീക്ഷ. 2016 ഏപ്രിൽ മുതൽ ചരക്ക് സേവന നികുതി ഏർപ്പെടുത്തുകയും കോർപറേറ്റ് നികുതി നിരക്ക് ഘട്ടംഘട്ടമായി കുറവ് ചെയ്യുകയും ചെയ്യുന്നതിലൂടെ സുതാര്യവും യുക്തിസഹവുമായ ഒരു നികുതിഘടന സംജാതമാകുന്നതാണ്. വിദേശപ്രത്യക്ഷ നിക്ഷേപം, വിദേശ പോർട്ട്ഫോളിയോ നിക്ഷേപം എന്നിവയിലെ വേർതിരിവ് എടുത്തു കളയുന്നതിലൂടെയും, ഫോർവേഡ് മാർക്കറ്റ് കമ്മീഷനും സെബിയും (SEBI) സംയോജിപ്പിക്കുന്നതിലൂടെയും ഭരണ-നിയന്ത്രണ മേഖലകളിൽ ഒട്ടേറെ സുതാര്യത കൈവരുന്നതാണ്. ഇത്തരം സമയോചിത മാറ്റങ്ങളിലൂടെ നടപടികൾ പൂർത്തീകരിക്കുന്നതിലെ താമസം ഒഴിവാക്കുന്നതിനും, ചുവപ്പ്നാട ഇല്ലാതാക്കുന്നതിനും കോൺട്രാക്റ്റുകൾ പാലിക്കപ്പെടുന്നതിനും തർക്കപരിഹാരങ്ങൾ അനായാസമാക്കുന്നതിനും സാധിക്കുന്നതാണ്.

നിർദ്ദിഷ്ട ചരക്ക് സേവന നികുതി ബിൽ ബിസിനസ്സ് സൗഹൃദ പരിഷ്കാരങ്ങളിലേക്കുള്ള നാഴികക്കല്ലാണെന്ന് ധനകാര്യമന്ത്രി വിശേഷിപ്പിക്കുന്നു. അതിനോടുള്ള പ്രതിബദ്ധത ആവർത്തിച്ച് പ്രഖ്യാപിക്കുകയും ചെയ്യുന്നുണ്ട്. പാർലമെന്റിന്റെ ഉഭയ സംരംഭങ്ങളും ഭൂരിപക്ഷം സംസ്ഥാന നിയമസഭകളും അംഗീകാരം നൽകുന്ന ഒരു ഭരണഘടനാ ഭേദഗതിയിലൂടെ മാത്രമെ ജി.എസ്.ടി. ഏർപ്പെടുത്താൻ കഴിയുകയുള്ളൂ. 2015 മെയ് 6-ാം തീയതി ഏതാനും ഭേദഗതികളിലൂടെ ലോക്സഭ ജി.എസ്.ടി. ബിൽ. പാസ്സാക്കി കഴിഞ്ഞിരിക്കുകയാണ്. ചരക്ക്-സേവന കാര്യങ്ങളുടെ ഉല്പാദനം, വില്പന, ഉപഭോഗം എന്നിവയിൽ ഒരു സമഗ്ര ഏകീകൃത നികുതി വ്യവസ്ഥ വിഭാവനം ചെയ്യുന്നതാണ് പ്രസ്തുത ബിൽ. കേന്ദ്ര സംസ്ഥാനതലങ്ങളിൽ നിലവിലുള്ള വിവിധതരം പരോക്ഷ നികുതികളെ ജി.എസ്.ടി. ഒറ്റയടിക്ക് നിർമ്മാർജ്ജനം ചെയ്യുകയാണ്. എക്സൈസ്, സേവനനികുതി, വില്പന-ഉപഭോഗ നികുതികൾ തുടങ്ങിയവയെല്ലാം തിരോധാനം ചെയ്യപ്പെടും. നികുതി അടിത്തറ വിസ്തൃതമാകുന്നതോടൊപ്പം നികുതി പിരിവ് കൂടുതൽ കാര്യക്ഷമം ആവുകയും ചെയ്യുന്നതാണ്. ഇപ്പോൾ നിലവിലുള്ള വിവിധതരം നികുതികളുടെ ബാഹുല്യം വർദ്ധിച്ച തോതിലുള്ള നിയമ വ്യവഹാരങ്ങളിലേക്ക് നയിക്കുന്നു എന്നത് പരക്കെ ബോദ്ധ്യമുള്ള കാര്യമാണ്. ജി.എസ്.ടി.യിലൂടെ ഈ അവസ്ഥക്ക് പരിഹാരം ഉണ്ടാകും. ജി.എസ്.ടി. ഏർപ്പെടുത്തുന്നതിലൂടെ ദേശീയ ഉല്പാദനത്തിൽ തന്നെ 20% വളർച്ച ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്. ബില്ലിലെ പ്രധാന ഭേദഗതികൾ സംസ്ഥാനങ്ങൾക്ക് അഞ്ച് വർഷക്കാലം നഷ്ടപരിഹാരം നൽകുക, അന്തർ സംസ്ഥാന

ചരക്ക് ഗതാഗതത്തിൻമേൽ ഒരു ശതമാനം അധികനികുതി, ആൽക്കഹോളി(മദ്യം)നെ ജി.എസ്.ടി. പരിധിയിൽ നിന്നും ഒഴിവാക്കുക എന്നിവയെ സംബന്ധിക്കുന്നതാണ്. പെട്രോളിയം ഉല്പന്നങ്ങളുടെ മേൽ ജി.എസ്.ടിക്ക് പ്രാബല്യം നൽകുന്ന വിഷയം ഇപ്പോൾ പരിഗണിക്കുന്നില്ല.

ഇപ്പോൾ ഇൻഡ്യയിൽ ബിസിനസ്സ് പ്രവർത്തനങ്ങൾ നേരിടുന്ന നടപടി ക്രമങ്ങൾ സംബന്ധിച്ചും ഭരണപരമായ തടസ്സങ്ങൾക്ക് പരിഹാരം കാണേണ്ടതുണ്ട്. കടലാസ്സുകൾ മുന്നോട്ടുനീക്കുന്നതിലുള്ള കാലതാമസം-ചുവപ്പുനാട - തന്നെയാണ് ഏറ്റവും ആദ്യം പരിഹരിക്കപ്പെടേണ്ടത്. ബിസിനസ്സ് സംബന്ധിയായ കാര്യങ്ങളിൽ ഇ-ഗവർണൻസ് ഏർപ്പെടുത്തുന്നതിനുള്ള വെബ് പോർട്ടൽ ആരംഭിച്ചത് ഒരു പ്രധാന സാങ്കേതിക മുന്നേറ്റം ആണ്. ഈ ഏകജാലകമേന്മ അവകാശപ്പെടുന്ന വെബിലൂടെ ബിസിനസ്സ് സ്ഥാപനങ്ങൾക്ക് പ്രസക്തമായ ഡോക്കുമെന്റേഷൻ സംബന്ധിയായ ഔപചാരിക പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ കഴിയുന്നതാണ്.

നമ്മുടെ രാജ്യത്ത് സാധനങ്ങളുടെ ഇറക്കുമതിയും കയറ്റുമതിയും സംബന്ധിച്ച് പത്ത് രേഖകളാണ് ഇതുവരെ തയ്യാറാക്കേണ്ടിയിരുന്നത്. അത് ഇപ്പോൾ മൂന്ന് രേഖകൾ മാത്രമായി കുറവ് ചെയ്തിട്ടുണ്ട്. ഇതുവരെയുള്ള രീതി അനുസരിച്ച് വിദേശനിക്ഷേപം സംബന്ധിച്ച സുരക്ഷാ അംഗീകാരം നൽകുന്നതിനുള്ള കാലാവധി 90 ദിവസങ്ങൾ ആയിരുന്നു. ഇപ്പോൾ ഇത് 30 ദിവസമായി ചുരുക്കിയിരിക്കുന്നു. ഇത്തരം പരിഷ്കാരങ്ങൾ സംസ്ഥാനതലങ്ങളിലും സ്വീകരിക്കപ്പെടുന്നുണ്ട്. മഹാരാഷ്ട്രയിൽ വൈദ്യുതി കണ്ക്ഷൻ നൽകുന്നതിനുള്ള സമയപരിധി 67 ദിവസമായിരുന്നത് 21 ദിവസമാക്കി ചുരുക്കുകയും 7 ഘട്ടങ്ങളിലായിരുന്ന നടപടികളെ 3 ഘട്ടങ്ങളായി പരിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്.

ഭരണവ്യവസ്ഥയുടെ രംഗത്ത്, നിയന്ത്രണ സംവിധാനങ്ങൾ ഏകോപിപ്പിക്കുന്നതിലേക്കായി, ഫോർവേഡ് മാർക്കറ്റ്സ് കമ്മീഷൻ (FMC), സെക്യൂരിറ്റി എക്സേഞ്ച് ബോർഡ് (SEBI) എന്നിവയെ സംയോജിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു. അതുപോലെ തൊഴിൽ ബന്ധങ്ങളെ ബാധിക്കുന്ന 44 വ്യത്യസ്ത നിയമങ്ങളുടെ സ്ഥാനത്ത് 5 അടിസ്ഥാന ഊന്നലുകൾ ഉള്ള ലേബർ കോഡ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു. ഈ രീതിയിൽ വിവിധങ്ങളും അതിരുകൾ നിർണ്ണയിക്കപ്പെടാത്തവയുമായ നിയമങ്ങൾ സംയോജിപ്പിക്കാനുള്ള ശ്രമങ്ങൾ നടക്കുകയാണ്. ഇതിലൂടെ നിയമപാലനം സുനിശ്ചിതമാക്കുന്നതിനും ബിസിനസ്സ് സൗഹൃദ അന്തരീക്ഷം രൂപപ്പെടുത്തുന്നതിനും സാധിക്കുന്നു. വൻകിട ഉല്പാദനം ലക്ഷീകരിക്കുന്ന പശ്ചാത്തലത്തിൽ അതിനു സഹായകരമായ തൊഴിൽ നിയമ പരിഷ്കരണങ്ങളിലേക്കുള്ള നടപടികൾ കഴിഞ്ഞ വർഷത്തിൽ തന്നെ ആരംഭിച്ചു കഴിഞ്ഞതായി കാണാം. കേന്ദ്ര-സംസ്ഥാനതലങ്ങളിൽ നിലവിലുള്ള 250-ഓളം വരുന്ന തൊഴിൽ നിയമങ്ങൾ കാലോചിതമായി ക്രമീകരിക്കുന്നത് വ്യവസായ മേഖലയെ സംബന്ധിച്ച് സ്വാഗതാർഹമായ കാര്യമാണ്. പരിഷ്കരണ വിധേയമാകുന്ന രണ്ട് പ്രധാന മേഖലകൾ ഏകീകൃത തൊഴിൽ-വ്യവസായ പോർട്ടൽ തൊഴിൽ പരിശോധനാ പദ്ധതി എന്നിവയാണ്. തൊഴിൽ രംഗത്തെ പരിശോധനാസമ്പ്രദായങ്ങൾ വസ്തുനിഷ്ടവും സുതാര്യവും ആകുന്നത്, വ്യവസായ മേഖലക്ക് പുതുജീവൻ നൽകുന്നതിന് സഹായകമാകും. പ്രത്യേകിച്ച് ലഘു-മാധ്യമ സംരംഭങ്ങളുടെ കാര്യത്തിൽ. ലേബർ ഇൻസ്പെക്ടർമാരുടെ തന്നിഷ്ടപ്രകാരമുള്ള ഇടപെടലുകൾ ഏറ്റവും കൂടുതൽ അനുഭവപ്പെടുന്നത് എസ്. എം. ഇ. മേഖലയിലാണല്ലോ? തൊഴിലാളി തിരിച്ചറിയൽ സംഖ്യ ഏർപ്പെടുത്തുകയും ഏകീകൃത പോർട്ടൽ നിലവിൽ വരികയും ചെയ്യുമ്പോൾ തൊഴിൽ ചട്ടങ്ങളിൽ വളരെയധികം സുതാര്യത അനുഭവപ്പെടുന്നതാണ്. ഇൻഡ്യൻ തൊഴിൽ മേഖല-വിപണി-യിലെ മൂന്ന് പ്രധാന നിയമങ്ങൾ ഫാക്ടറീസ് ആക്റ്റ് (1948), ലേബർ ആക്ട് (1988), അപ്രന്റീസ്ഷിപ്പ് ആക്ട് (1961) എന്നിവയാണ്. തൊഴിൽ രംഗത്ത് പ്രകടമാകുന്ന ദുരവസ്ഥകൾക്ക് പരിഹാരം കാണുന്നതിലേക്കായി ഈ മൂന്ന് നിയമങ്ങളിലും വ്യതിയാനങ്ങൾ നിർദ്ദേശിക്കപ്പെട്ടിരിക്കുകയാണ്. നിയമത്തിലെ ചില കർക്കശ വ്യവ

സ്ഥകൾ ഭേദഗതി ചെയ്യുന്നതിന് മന്ത്രിസഭയുടെ അംഗീകാരം ലഭ്യമായി കഴിഞ്ഞു. ഇവ പാർല മെന്റിൽ അവതരിപ്പിക്കാനുള്ള തയ്യാറെടുപ്പിലാണ് ഇപ്പോൾ. തൊഴിലുടമകൾക്കും മേലുദ്യോഗസ്ഥ ന്മാർക്കും കൂടുതൽ പ്രവർത്തന സ്വാതന്ത്ര്യം ലഭ്യ മാക്കാൻ ലക്ഷ്യമിട്ടുകൊണ്ട് ഫാക്ടറീസ് നിയമ ത്തിൽ ഭേദഗതികൾ വരുത്തുന്നു. ഓവർടൈമിനെ സംബന്ധിച്ച വ്യവസ്ഥകൾ ഉദാരീകരിക്കുന്നുണ്ട്. മൂന്ന് മാസത്തിൽ 50 മണിക്കൂർ എന്നത് 100 മണി ക്കൂറായും പൊതുതാല്പര്യം മുൻനിറുത്തി 75 മണിക്കൂർ എന്നത് 125 മണിക്കൂറായും വർദ്ധിപ്പി ക്കുകയാണ്. ജോലിസമയം വർദ്ധിപ്പിക്കുമ്പോൾ, തൊഴിലാളികളുടെ സുരക്ഷയും ക്ഷേമവും കൂടി നിശ്ചിതമാക്കിയില്ലെങ്കിൽ ഇത്തരം ഭേദഗതികൾ തൊഴിലാളി വിരുദ്ധമായിതീരും എന്ന് ആശങ്ക പ്രക ടിപ്പിക്കുന്നവരും ഉണ്ട്. തൊഴിലാളികളെ ചൂഷണം ചെയ്യുന്നതിനെ തടയാനുള്ള നിബന്ധനകളും ഭേദഗതികളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ശിക്ഷകൾ വർദ്ധിപ്പിച്ചിട്ടുമുണ്ട്. ജോലിസമയം ദീർഘിപ്പിച്ചാൽ തൊഴിലാളികളുടെ ഉല്പാദനക്ഷമതയെ അത് ദോഷകരമായി ബാധിക്കാനുള്ള സാദ്ധ്യത തള്ളി ക്കളയാൻ ആവില്ല. തൊഴിലാളികളുടെ ഉല്പാദന ക്ഷമത കുറയുന്നത്, വിദേശ പ്രത്യക്ഷ നിക്ഷേ പത്തെ നിരുത്സാഹപ്പെടുത്തുന്ന ഘടകമാണ്. അതിനാൽ തൊഴിൽ സമയത്തെ സംബന്ധിച്ച് ഉചി തമായ പുതിയ മാനദണ്ഡങ്ങൾ ഏർപ്പെടുത്തേ ണ്ടതുണ്ട്. സ്ത്രീ തൊഴിലാളികളുടെ വർദ്ധിച്ച പങ്കാ ളിത്തം പ്രത്യേക വ്യവസായങ്ങളിൽ പ്രോത്സാഹി പ്പിക്കുന്നതിന് അയവുള്ള നയങ്ങളും ആവശ്യമാ ണ്.

**അടിസ്ഥാന സൗകര്യങ്ങൾ, ഉല്പാദനം, നിക്ഷേപം**

ഉല്പാദന മേഖലയെ വളർത്തുക എന്നത് ഇൻഡ്യൻ സമ്പദ്‌വ്യവസ്ഥയിലെ ഒരു അനിവാര്യ തയാണ്. ഒരു ദശലക്ഷം ആളുകൾ ഓരോ വർഷവും തൊഴിൽ മേഖലയിലേക്ക് പുതുതായി കടന്നു വരുന്നുണ്ട്. 2014ൽ നമ്മുടെ രാജ്യത്ത് 3.7 ശതമാനത്തോളം തൊഴിലില്ലായ്മ നിലനിന്നിരുന്നു. അതേസമയം വിദ്യാഭ്യാസ നിലവാരവും പൊതു വായ നിപുണതയും കുറവായി അനുഭവപ്പെടുന്നു മുണ്ട്. അതിനാൽ ഉല്പാദന പ്രക്രിയ, നൈപുണ്യം കുറഞ്ഞ അളവിൽ മാത്രം ആവശ്യപ്പെടുന്ന സാഹ ചര്യത്തിലേ തൊഴിൽ നൽകാൻ ആ മേഖലയ്ക്ക് പ്രാപ്തിയുണ്ടാവുകയുള്ളു. അതിനാൽ ഗവൺമെന്റ് ഉല്പാദന മേഖലയിലെ പ്രശ്നങ്ങ ളുടെ പരിഹാരത്തെ ഒരു വലിയ ദൗത്യമായി ഏറ്റെ ടുക്കുയാണ്. ഗവൺമെന്റ് രൂപീകരിച്ചിട്ടുള്ള 'മേക്ക് ഇൻ ഇൻഡ്യ' സ്കീമിന്റെ ഉദ്ദേശ്യം ഇൻഡ്യയെ ഏറ്റവും അധികം നിക്ഷേപസൗഹൃദ രാജ്യമായി ആഗോളതലത്തിൽ ഉയർത്തിക്കാണി ക്കുക എന്നതാണ്. ഇതിനായി ഗവൺമെന്റ് നിബ ന്ധനകളും നിയമങ്ങളും ലളിതവൽക്കരിക്കുന്ന തിന് മുൻകൈ എടുക്കുന്നു. കൂടാതെ ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുവേണ്ടി നിക്ഷേപം ഉറപ്പാക്കുന്നു. ഇൻഡ്യയെ ലോക ഉല്പാദക കമ്പനികളുടെ സങ്കേതമാക്കി തീർക്കു വാനായി രാജ്യത്തിനകത്തും പുറത്തും വ്യാപക മായ പ്രചരണം നടത്തുകയാണ് ഗവൺമെന്റ് ആദ്യപടി ആയി ചെയ്തുകൊണ്ടിരിക്കുന്നത്. ഇൻഡ്യയിൽ പ്രധാന ഉല്പാദനമേഖലകളായി ഊന്നൽ നൽകപ്പെട്ടിട്ടുള്ളത്, ഖനനം, ടെലികോം, വസ്ത്രങ്ങൾ, വാഹനങ്ങൾ, ജൈവസാങ്കേതികവി ദ്യ, രാസവസ്തുക്കൾ, നിർമ്മാണം, പ്രതിരോധം, ഭക്ഷ്യ സംസ്ക്കരണം, ലതർ, ഔഷധങ്ങൾ, റെയിൽവേ തുടങ്ങിയവയാണ്. ഫെബ്രുവരി യോടെ 21000 കോടി രൂപയുടെ നിക്ഷേപ നിർദ്ദേ ശങ്ങൽ ലഭ്യമായിട്ടുണ്ട്. ഇവയിൽ 6000 കോടി രൂപ യുടെ നിർദ്ദേശങ്ങൾക്ക് അംഗീകാരം നൽകി കഴി ഞ്ഞിട്ടുണ്ട്.

വ്യവസായ അനുകൂല സാഹചര്യങ്ങൾ സൃഷ്ടി ക്കുന്നതിനും അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കു ന്നതിനും ഗവൺമെന്റ് വർദ്ധിച്ച മുൻഗണന നൽകുന്നുണ്ട്. 'കണക്റ്റിവിറ്റി' യാഥാർത്ഥ്യവൽക്ക രിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളാണ് ഏറ്റവും അധികം ശ്രദ്ധ ആകർഷിച്ചിട്ടുള്ളത്. ഇത്തരം പദ്ധതികൾക്ക് പാരിസ്ഥിതിക അനുമ തിയും ഇതര അനുമതികളും സമയബന്ധിതമായി ലഭ്യമാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

പൊതുസ്വകാര്യപങ്കാളിത്ത പദ്ധതികൾ വഴിമുട്ടുകയും നിക്ഷേപങ്ങൾ വൃഥാവിലാവുകയും ചെയ്യുന്ന ഭൂതകാല അനുഭവങ്ങളെ മുൻനിർത്തി ഇത്തരം പദ്ധതികളിൽ, ഗവൺമെന്റ് പങ്കാളിത്തം വർദ്ധിപ്പിക്കുക എന്ന ഒരു ആശയം ഉടലെടുത്തിട്ടുണ്ട്. വിവിധങ്ങളായ നഷ്ടസാദ്ധ്യകൾ കൈകാര്യം ചെയ്യുന്നതിന് സ്വാകാര്യമേഖലയ്ക്കുള്ള പ്രാപ്തിയും സന്നദ്ധതയും പരിമിതമാണ്. 2014 ഡിസംബറിലെ സ്ഥിതി അനുസരിച്ച് സമയബന്ധിതമായി പൂർത്തീകരിക്കപ്പെടാത്ത പദ്ധതികളുടെ മുതൽമുടക്ക് 8.8 ട്രില്യൺ രൂപ, അല്ലെങ്കിൽ ദേശീയ വരുമാനത്തിന്റെ 7% ആണെന്ന് സാമ്പത്തിക സർവ്വെ ചൂണ്ടിക്കാണിക്കുന്നു.

ഇടക്കാല ബഡ്ജറ്റിൽ അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള അലോക്കേഷൻ 8.6ശതമാനം വർദ്ധിപ്പിക്കുകയുണ്ടായി. 181134 കോടി രൂപ. വൈദ്യുതി, കൽക്കരി, റോഡുകൾ, വ്യോമയാനം, തുറമുഖങ്ങൾ, റെയിൽവേ എന്നീ സൗകര്യങ്ങൾക്ക് പ്രത്യേക പ്രാധാന്യം ലഭിക്കുന്നു. 2014 -15 ബഡ്ജറ്റ് ഈ മേഖലകളെ ലക്ഷീകരിച്ച് ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റുമെന്റ് ട്രസ്റ്റുകൾ എന്ന പേരിൽ പുതിയ നിക്ഷേപ മാദ്ധ്യമങ്ങൾ രൂപകല്പന ചെയ്യുകയും, അവയ്ക്ക് നികുതി ഇളവുകൾ പ്രഖ്യാപിക്കുകയും ചെയ്തിരിക്കുന്നു. 2014 -15ലെ ഇടക്കാല ബഡ്ജറ്റിൽ ദേശീയ പാത വികസനത്തിന് 28,000 കോടി രൂപയും പ്രധാനമന്ത്രി സഡക്ക് പദ്ധതിയിൽ റോഡ് നിർമ്മാണത്തിനായി 14389 കോടിരൂപയും പ്രദാനം ചെയ്തിരുന്നു. പ്രധാന നഗരങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നതിനും അതിലൂടെ 8500 കി.മീറ്റർ ദൈർഘ്യമുള്ള ഗുണമേന്മയും ശൃംഖലാ സ്വഭാവമുള്ള ദേശീയപാത നിർമ്മാണത്തിലൂടെ ഉൽകൃഷ്ട ഗതാഗതസൗകര്യം ഒരുക്കുക എന്നതാണ് ലക്ഷ്യം. 100 സ്മാർട്ട് സിറ്റികൾ സ്ഥാപിക്കുന്നതിലേക്കും, പുതിയ വിമാനത്താവളങ്ങൾ നിർമ്മിക്കുന്നതിലേക്കുമായി 7060 കോടിരൂപ, 16 പുതിയ തുറമുഖങ്ങൾക്ക് വേണ്ടി 11000 കോടിരൂപ, അലഹബാദ് മുതൽ ഹൽദിയ വരെ ഗംഗാ നദിയിലൂടെ ജലപാത വികസിപ്പിക്കുന്നതിനായി 4200 കോടിരൂപ എന്നിവയും ബഡ്ജറ്റിലെ ശ്രദ്ധേയമായ നിർദ്ദേശങ്ങളാണ്. 15000 കിലോമീറ്റർ ഗ്യാസ്പൈപ്പ് ലൈൻ, 500 കോടി രൂപയുടെ സോളാർ പദ്ധതികൾ, പ്രമുഖ നഗരങ്ങളിൽ ഡൽഹി മെട്രോ മാതൃകയിൽ റെയിൽവേ വികസനം, ഗ്രാമീണ അടിസ്ഥാന സൗകര്യവികസനത്തിനായി 5000 കോടി രൂപ നബാർഡിന് മുതൽക്കൂട്ട്, എന്നിങ്ങനെ നീണ്ടുപോകുന്ന പട്ടികയാണ് അടിസ്ഥാന സൗകര്യ വികസനത്തിന്റേത്. ഈ ബഡ്ജറ്റ് ബാങ്കുകൾക്ക് ദീർഘകാല ബോർഡുകൾ വിറ്റഴിക്കാനുള്ള നിരുപാധിക അംഗീകാരം നൽകിയിട്ടുണ്ട്. അടിസ്ഥാന സൗകര്യപദ്ധതികൾക്ക് ബാങ്ക് ലോൺ ലഭ്യമാക്കുന്നതിന് സഹായകരമായ പുതുമയുള്ള ഒരു നടപടിയാണിത്. ഗവൺമെന്റ് നേരിട്ട് 70000 കോടിരൂപ ചെലവഴിക്കുന്നതിനുള്ള നിർദ്ദേശവും 2015-16 ലെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഗവൺമെന്റ് നാഷണൽ ഇൻഫ്രാസ്ട്രക്ചർ - ഇൻവെസ്റ്റ്മെന്റ് ബോർഡ് സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. കൂടാതെ പ്രത്യേക ബോൺഡുകളും വിറ്റഴിക്കുന്നതാണ്.

ഇൻഡ്യൻ ഉല്പാദകമേഖലയുടെ നട്ടെല്ലായിട്ടുള്ളത് സൂക്ഷമ-ചെറുകിട-ഇടത്തരം സംരംഭങ്ങളാണ്. ഉല്പന്ന മേഖലയിലെ 40% കയറ്റുമതി സാധ്യമാക്കുന്നത് ഈ മേഖലയാണ്. തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിലും ഈ മേഖലക്ക് വലിയ പ്രാധാന്യം ഉണ്ട്. എന്നാൽ കേവലം 10% എംഎസ്എംഈ - കൾക്ക് മാത്രമേ ബാങ്ക് ലോണുകൾ പ്രാപ്തമാകുന്നുള്ളു എന്ന് കണക്കുകൾ വ്യക്തമാക്കുന്നു. ഈ മേഖല റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയുടെ മുൻഗണന മേഖലയിൽ ഉൾപ്പെടുന്നുണ്ടെങ്കിലും വായ്പാ വിതരണ കാര്യത്തിൽ ധനകാര്യ സ്ഥാപനങ്ങൾ പരാജയപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ വായ്പകൾ വിപണി സ്ഥാപനങ്ങളിലൂടെ ലഭ്യമാക്കുന്നതിനെക്കുറിച്ച് ആലോചിക്കേണ്ടിയിരിക്കുന്നു. പ്രഖ്യാപിത മുദ്രാ ബാങ്ക് സ്ഥാപനങ്ങൾക്ക് പുനർവായ്പാ ലഭ്യമാക്കുന്നതോടൊപ്പം, മൈക്രോഫൈനാൻസ് സ്ഥാപനങ്ങളുടെ സാമ്പത്തിക അടിത്തറ ഭദ്രമാക്കുന്നതിനും സഹായകരമായിരിക്കും. മുദ്രാ ബാങ്കിന്റെ നിർദ്ദിഷ്ട അടിസ്ഥാന ധനം 20000 കോടി രൂപയാണ്. അതിന് പുറമെ 3000 കോടിരൂപാ വായ്പാ

ഗ്യാരണ്ടിഫണ്ട് എന്ന രീതിയിലും അനുവദിക്കുന്നതാണ്. ഇങ്ങനെ ശാക്തീകരിക്കപ്പെട്ടിട്ടുള്ള മുദ്രാ ബാങ്ക് പട്ടികജാതി - പട്ടികവർഗ്ഗവിഭാഗങ്ങൾക്ക് മുൻഗണന നൽകേണ്ടതുണ്ട്.

സെസ് (SEZ) മേഖലകളുടെ പുനരുജ്ജീവനത്തിനായി പുതിയ ഗവൺമെന്റ് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതുപോലെതന്നെ, 'മേക്ക് ഇൻ ഇൻഡ്യ' വിജയിപ്പിക്കുന്നതിനായി, പ്രതിരോധ വ്യവസായം പോലെ പ്രമുഖമേഖലകളിൽ ആവശ്യമായ പരിഷ്കരണങ്ങൾ നടപ്പാക്കുന്നതിനും വിദേശ പ്രത്യക്ഷ നിക്ഷേപം ആകർഷിക്കുന്നതിനും പരിശ്രമിക്കുന്നുണ്ട്. സ്ത്രീകൾക്ക് വേണ്ടി 100 ജില്ലകളിൽ പ്രത്യേക SEZ ആരംഭിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്.

രാജ്യത്ത് തൊഴിൽ നിപുണതയും അതിലൂടെ യുവാക്കളുടെ തൊഴിൽ യോഗ്യതയും ശക്തിപ്പെടുത്തുന്നതിനും വ്യാപകമാക്കുന്നതിനും വേണ്ടി പുതിയ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങുന്നതാണ്. പുതിയതായി 5 ഐ.ഐ.ടികളും 5 ഐ.ഐ.എമ്മു കളും ഉടൻതന്നെ ആരംഭിക്കുന്നതാണ്. രണ്ടാം തലം, മൂന്നാം തലം വ്യവസായപട്ടണങ്ങൾ വളർത്തി, തൊഴിൽ നിപുണതയും വ്യവസായ ഉല്പാദനങ്ങളും പ്രോത്സാഹിപ്പിക്കുക എന്നതും ഗവൺമെന്റിന്റെ അംഗീകൃത സമീപനമാണ്. നവസംരംഭങ്ങളുടെ ആഭിമുഖ്യത്തിൽ പുത്തൻ വ്യവസായങ്ങൾ കരുപിടിപ്പിക്കുന്നതിലേക്കായി 100000 കോടിരൂപയും, ഗ്രാമതലങ്ങളിൽ ഇതേ പ്രവർത്തനങ്ങൾക്കായി 100 കോടി രൂപയും യുവനേതൃത്വ പദ്ധതികൾക്കായി 100 കോടി രൂപയും പട്ടികവർഗ്ഗ സംരംഭകർക്കായി 200 കോടി രൂപയും വീതം നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

വിദേശ പ്രത്യക്ഷ നിക്ഷേപങ്ങൾ ആകർഷകമാക്കുന്നതിലേക്ക് വേണ്ടി ഉചിതമായ സാമ്പത്തിക പരിഷ്കാരങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. ഉല്പാദനമേഖലയെ ഉത്തേജിപ്പിക്കുകയും വർദ്ധിച്ചതോതിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ആണ് ലക്ഷ്യം. ഇതിലേക്കായി പ്രതിരോധം, ഇൻഷറൻസ് മേഖലകളിൽ 49% വിദേശ നിക്ഷേപം അനുവദിക്കുന്നു. പിൻകാല നികുതിയെ സംബന്ധിച്ച് അയവുള്ള സമീപനം പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്. പ്രതിരോധമേഖലയിൽ എഫ്.ഡി.ഐ പരിധി വാണിജ്യ മന്ത്രാലയങ്ങളുടെ ചർച്ചകൾ പൂർത്തിയാവുകയും കാബിനറ്റ് നോട്ട് എല്ലാ മന്ത്രാലയങ്ങൾക്കും അഭിപ്രായ രൂപീകരണത്തിനായി അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്.

പ്രതിരോധ മേഖലയിലെ എഫ്.ഡി.ഐ 49%, 74%, 100% എന്നിങ്ങനെ ക്രമമായി ഉയർത്തുന്ന ദീർഘകാല നയമാണ് വ്യക്തമാക്കപ്പെടുന്നത്. നിക്ഷേപത്തിന്റെ ഭാഗമായി സാങ്കേതിക വിദ്യ ഇൻഡ്യക്ക് കൈമാറപ്പെടും എന്നുള്ളത് ഏറെ സ്വാഗതാർഹമായിട്ടുള്ള കാര്യമാണ്. സാങ്കേതികവിദ്യ കൈമാറ്റം ഇല്ലാത്ത സാഹചര്യത്തിൽ എഫ്.ഡി. ഐ. 49%ൽ ഒതുക്കി നിർത്തുകയും, സാങ്കേതിക വിദ്യ ലഭ്യമാക്കുന്ന സാഹചരത്തിൽ 74% വരെ അനുവദിക്കുക, അത്യാധുനിക സാങ്കേതിക വിദ്യ നൽകപ്പെടുമ്പോൾ സമ്പൂർണ്ണ നിക്ഷേപം അനുവദിക്കുക എന്നതായിരിക്കും നിലവിൽ വരുന്ന സമീപനം. ഈ രീതിയിൽ നിർണ്ണായക പ്രാധാന്യമുള്ള സാങ്കേതികവിദ്യ ലഭ്യമാക്കുന്നതിനും ഡിഫൻഡ് ഉൾപ്പെടെയുള്ള മേഖലകളിൽ ആഭ്യന്തര ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനും സംയുക്തസംരംഭങ്ങൾ വളർത്തുന്നതിനും ഈ പ്രയത്നങ്ങൾ സഹായകമാണ്.

### ധനകാര്യ വികേന്ദ്രീകരണം - സഹകരണഫെഡറലിസം

ഭരണപരമായി നിരവധി പരിഷ്കാരങ്ങൾ നിലവിൽ വരുന്ന സാഹചര്യത്തിൽ 14-ാം ഫിനാൻസ് കമ്മീഷൻ ശുപാർശകൾ ഒരേ സമയം മത്സരാധിഷ്ഠിത - സഹകരണ ഫെഡറലിസത്തിന് ഊന്നൽ നൽകുന്ന രീതിയിലാണ്. പുതിയ ഗവൺമെന്റെ ഫിനാൻസ് കമ്മീഷൻ ശുപാർശകൾ സ്വീകരിക്കുകയും ധനകാര്യ വികേന്ദ്രീകരണം എന്ന ആശയം നടപ്പാക്കി തുടങ്ങുകയും ചെയ്തു. കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിൽ പങ്കുവയ്ക്കേണ്ട നികുതി ശേഖരത്തിൽ നിലവിലുള്ള മാനദണ്ഡമായ 32 ശതമാനത്തിൽ നിന്നും ശുപാർശ ചെയ്യപ്പെട്ട 42% നൽകുന്നതിന് കേന്ദ്രം തയ്യാറായികഴി

ഞ്ഞു. ഈ കൈമാറ്റം തികച്ചും നിരുപാധികമാണ്. കേന്ദ്രത്തിൽ നിന്നും സംസ്ഥാനങ്ങളിലേക്കുള്ള ധനവിതരണം ഗണ്യമായി വർദ്ധിക്കുന്നതിന് മറ്റ് സൂചകങ്ങൾ കൂടി പറയേണ്ടതുണ്ട് - പ്രാദേശിക ഭരണസ്ഥാപനങ്ങൾക്കുള്ള ഗ്രാന്റുകൾ, റവന്യൂകമ്മി പരിഹരിക്കുന്നതിന് 11 സംസ്ഥാനങ്ങൾക്ക് നൽകേണ്ട പ്രത്യേക ഗ്രാന്റുകൾ, കൽക്കരി ലേല വരുമാനത്തിൽ സംസ്ഥാനങ്ങൾക്കുള്ള വിഹിതം തുടങ്ങിയവയും കൂടിയാകുമ്പോൾ കേന്ദ്രത്തിന്റെ ധനശേഷിയെ ഇത് കുറക്കുകതന്നെ ചെയ്യും. തന്നിഷ്ടപ്രകാരം സംസ്ഥാന വിഷയങ്ങളിൽ ഇടപെടാനും കേന്ദ്രം വിമുഖമായിരിക്കും. വലിയ തോതിൽ നിരുപാധികമായി വിഭവങ്ങൾ ലഭിക്കുന്ന സാഹചര്യം, സംസ്ഥാനങ്ങൾക്ക് അവരുടെ താല്പര്യങ്ങൾ മുൻനിർത്തി സ്വതന്ത്രമായി സ്കീമുകൾ രൂപീകരിച്ച് നടപ്പിലാക്കാനുള്ള അവസരം തുറന്നുകൊടുത്തിരിക്കുകയാണ്. ധനവിനിയോഗത്തിൽ ഗുണമേന്മ ഉറപ്പുവരുത്താൻ എല്ലാ സംസ്ഥാനങ്ങൾക്കും പ്രാഗത്ഭ്യമില്ല. അതിനാൽ പലയിടങ്ങളിലും വർദ്ധച്ചതോതിൽ ലഭിക്കുന്ന ഫണ്ട് ദുരുപയോഗപ്പെടുമോ എന്ന ആശങ്കയും പ്രകടിപ്പിക്കപ്പെട്ടിട്ടുണ്ട്. നിരുപാധികഫണ്ട് ശരിയായി പ്രയോജനപ്പെടുത്താതെ വരികയും ഉപാധികളോട് കൂടിയ ഫണ്ട് താരതമ്യേന ദുർലഭമാകുകയും ചെയ്യുന്നത് വളരെ ഹാനികരമായിരിക്കും.

2014-15 സംസ്ഥാനങ്ങൾക്ക് ധനകാര്യവിഷയങ്ങളിൽ ഏറെ സ്വാതന്ത്ര്യം ലഭിച്ച ഒരു വർഷമാണ്. ഫണ്ട് അലോക്കേഷനിൽ വന്നു ചേർന്ന ഘടനാപരമായ പരിഷ്കാരങ്ങളാണ് ഇതിലേക്ക് നയിച്ചത്. 2013-14നെ അപേക്ഷിച്ച് 2014-15ൽ സംസ്ഥാനങ്ങൾക്ക് ലഭ്യമായ പ്ലാൻ ഫണ്ടിലെ വർദ്ധന മൊത്തം ദേശീയ വരുമാനത്തിന്റെ 1.6ശതമാനത്തോളം വരുന്നുണ്ട്. ഇത്രയും വലിയ തുക കേന്ദ്രത്തിൽ നിന്നും സംസ്ഥാനങ്ങളിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടു എന്നതാണ് വസ്തുത. സമാന്തരമായി കേന്ദ്രം ഏതാനും പ്രത്യേക നിയമങ്ങളുടെ പരിപാലന വിഷയത്തിലും സംസ്ഥാനങ്ങൾക്ക് സ്വാതന്ത്ര്യം അനുവദിച്ചിട്ടുണ്ട്. പ്രധാനമായും തൊഴിൽ, ഭൂമി എന്നീ വിഷയങ്ങളിൽ ഇതിലൂടെ മത്സരാധിഷ്ഠിത - സഹകരണ ഫെഡറലിസം എന്ന ആശയത്തോട് കേന്ദ്രത്തിനുള്ള പ്രതിബദ്ധത വ്യക്തമാക്കപ്പെടുന്നുണ്ട്. സദ്ഭരണം ഊട്ടി വളർത്താനുതകുന്ന സ്ഥാപനങ്ങളും കാഴ്ചപ്പാടും ഉള്ള സംസ്ഥാനങ്ങൾക്ക് പുതിയ സാഹചര്യത്തിൽ ഐശ്വര്യം കൈവരിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷ.

പുതിയ ഗവൺമെന്റിന്റെ ആദ്യ വർഷത്തിലെ സാമ്പത്തിക നയം സാമ്പത്തിക പരിഷ്കാരങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ, ബിസിനസ്സ് സൗഹൃദം, ഉല്പാദകമേഖലയിൽ വർദ്ധിച്ച നിക്ഷേപം, തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കൽ, ജീവിതനിലവാരം ഉയർത്തൽ എന്നിവയിൽ ഊന്നൽ നൽകുന്നതാണ്. ഈ നയത്തിന്റെ ഗുണഫലങ്ങൾ വിലയിരുത്താൻ സമയമായിട്ടില്ല. എങ്കിലും ഇൻഡ്യൻ സമ്പദ്‌വ്യവസ്ഥ ശുഭോദർക്കമായ ദിശയിലേക്കാണെന്ന് പ്രതീക്ഷിക്കാം.

**പ്രവാകർ സാഹു ദില്ലിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇക്കണോമിക് ഗ്രോത്തിൽ അസോ പ്രഫസറും ഭൂനിയ പോളിസി അനലിസ്റ്റുമാണ്**

## മഹദ് വചനങ്ങൾ

**ശ്രമത്തിലാണ്, ഫലപ്രാപ്തിയിലല്ല**
**സംതൃപ്തി ഉളവാകുന്നത്.**
**സമ്പൂർണ്ണ ശ്രമം സമ്പൂർണ്ണ വിജയമാകുന്നു**

**-ഗാന്ധിജി**



# ഉയരങ്ങൾ തേടുന്ന ഊർജ്ജ മേഖല

കെ. ആർ. സുധാമൻ

**ഊ**ർജ്ജ മേഖലയിൽ ഇന്ത്യ ഒരുപാട് മുന്നേറിയിരിക്കുന്നു. 1947 ൽ സ്വാതന്ത്ര്യലബ്ധിയുടെ കാലത്ത് വെറും 1362 മെ.വാ. വൈദ്യുതിയാണ് ഉത്പദിപ്പിച്ചിരുന്നതെങ്കിൽ. ഇന്ന് 2,61000 മെ.വാ. വൈദ്യുതി ഉത്പാദിപ്പിക്കാൻ ഇന്ത്യയ്ക്ക് കഴിഞ്ഞിരിക്കുന്നു. 60% ഊർജ്ജോത്പാദനവും താപനിലയങ്ങളിൽ നിന്നാണെന്നിരിക്കെ പുതുക്കാനാവാത്ത ഊർജ്ജ സ്രോതസ്സുകൾ ഉപയോഗപ്പെടുത്തുവാനുള്ള ആവശ്യം കൂടുതൽ പ്രബലപ്പെട്ടുവരികയാണ്. വടക്കു കിഴക്കൻ മേഖലയിൽ നിന്ന് ഉത്പാദിപ്പിക്കാവുന്ന 1,48000 മെ.വാ. ഹൈഡൽ ഊർജ്ജത്തിന്റെ 70% സാധ്യതകളും പ്രയോജനപ്പെടുത്തുവാൻ നമുക്ക് കഴിഞ്ഞിട്ടില്ല. കൂടാതെ പരിസ്ഥിതി പരിഗണനകൾ മുൻനിർത്തി പലപ്പോഴും ഊർജ്ജരംഗത്ത് സമ്പൂർണ്ണത കൈവരിക്കുവാനും കഴിയുന്നില്ല. ഇന്ത്യ ഇപ്പോൾ ഏതാണ്ട് 6000 മെ.വാ. ന്യൂക്ലിയർ ഊർജ്ജം ഉത്പാദിപ്പിക്കുന്നുണ്ട്. അത് 2032 ആകുമ്പോൾ 63000 മെ.വാ. ആയി വർദ്ധിക്കുമെന്നാണ് കണക്കുകൂട്ടുന്നത്. സിവിലിയൻ ന്യൂക്ലിയർ പാക്റ്റ് അമേരിക്കയുമായി ഒപ്പിടുന്നതോടെ 1000 മെ.വാ. ഊർജ്ജം ഉത്പാദിപ്പിക്കാൻ കഴിയുന്ന ബൃഹത് പദ്ധതി സമാരംഭിക്കുവാൻ നമുക്കു കഴിയും. എന്നാൽ അടുത്ത കാലത്തായി ഊർജ്ജ രംഗത്ത് കടന്നു വരുന്ന പുത്തൻ സാധ്യതകളുടെ പശ്ചാത്തലത്തിൽ കാറ്റാടി പാടങ്ങളുടെയും സോളാർ പ്ലാന്റുകളുകളുടെയും പ്രസക്തി വർദ്ധിച്ചിരിക്കുകയാണ്. തമിഴ്നാട്, മഹാരാഷ്ട്ര, ഗുജറാത്ത്, ആന്ധ്രാ പ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ കാറ്റാടി പാടങ്ങളിലൂടെ 25000 മെ.വാ. വൈദ്യുതി ഉത്പാദിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. സോളാർ പദ്ധതികളിലൂടെ വരുംകാലങ്ങളിൽ രാജ്യത്തിന് വിപ്ലവാത്മകമായ മാറ്റം കൈവരിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. കാറ്റാടി പാടങ്ങളിൽ നിന്ന് 1.5 ലക്ഷം മെ.വാ. വൈദ്യുതി ഉത്പാദിപ്പിക്കുവാനുള്ള ശേഷി ഇന്ത്യക്കുണ്ട്. സോളാർ പദ്ധതികളിൽ 30000 മെ.വാ. ഉത്പാദന ശേഷിയാണ് നിലവിലുള്ളത്. എന്നാൽ 3800 മെ.വാ. ഊർജ്ജം മാത്രമാണ് ഇതുവരെ ഉത്പാദിപ്പിക്കുവാൻ കഴിഞ്ഞിട്ടുള്ളത്. സോളാർ ഊർജ്ജം കുറഞ്ഞ ചെലവിൽ ഉത്പാദിപ്പിക്കാൻ കഴിയുമെന്ന സാഹചര്യത്തിൽ വരും വർഷങ്ങളിൽ ഈ മേഖലയിലെ പ്രവർത്തനങ്ങൾ സജീവമാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. കഴിഞ്ഞ സർക്കാർ മുന്നോട്ട് വച്ച 2022 ൽ 20,000 മെ.വാ. എന്ന ഊർജ്ജ ലക്ഷ്യം ഒരു ലക്ഷമായി ഉയർത്തിയിരിക്കുകയാണ് പുതിയ സർക്കാർ. സംഭരിക്കുവാൻ ബാറ്ററികൾ ആവശ്യമില്ലാത്തതിനാലും ഉത്പാദന ചെലവ് 25% മായി കുറയുന്ന സാഹചര്യത്തിലും തമിഴ്നാട്, ഹരിയാന, ഡൽഹി, പഞ്ചാബ്, ഗുജറാത്ത്, രാജസ്ഥാൻ, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ സോളാർ പവർ ഉത്പാദനത്തിന്റെ നിശബ്ദ വിപ്ലവം വേരുപി

ടിക്കുകയാണ്.

ഊർജ്ജോത്പാദനം 1990കൾക്കു ശേഷം ഗണ്യമായി വർദ്ധിച്ചിട്ടുണ്ടെങ്കിലും ഇന്ത്യ ഊർജ്ജ കമ്മി നേരിടുന്ന ഒരു രാജ്യമാണ്. അതുകൊണ്ടുതന്നെ ധാരാളം പ്രവർത്തനങ്ങൾ ഈ രംഗത്ത് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട്. കഴിഞ്ഞ ഒരു കൊല്ലമായി ഊർജ്ജോത്പാദനം വർദ്ധിപ്പിക്കുന്നതിന് വേണ്ട നടപടികൾക്ക് സർക്കാർ തുടക്കം കുറിച്ചു കഴിഞ്ഞു. ലോകത്തെ വൈദ്യുതി ലഭിക്കാത്ത 1.4 ലക്ഷം കോടി ജനങ്ങളിൽ 300 ബില്ല്യൺ ജനങ്ങൾ ഇന്ത്യാക്കാരാണ്. അന്താരാഷ്ട്ര ഊർജ്ജ ഏജൻസിയുടെ കണക്കനുസരിച്ച് 2050 ന് മുൻപ് ഇന്ത്യയുടെ ഊർജ്ജോത്പാദനം 1200 ഗിഗാവാട്ട് ആയി വർദ്ധിപ്പിക്കേണ്ടതുണ്ട്. പാചകത്തിനും ചൂടാക്കാനും ഏതാണ്ട് 800 മില്യൺ ഇന്ത്യാക്കാരും പരമ്പരാഗത ഇന്ധനമാണ് ഉപയോഗിക്കുന്നത്. വിറക്, കാർഷിക മാലിന്യങ്ങൾ മുതലായ പരമ്പരാഗത ഇന്ധനങ്ങൾ ഉപയോഗിക്കുന്നതു കൊണ്ട് ധാരാളം പൊടിപടലങ്ങൾ അന്തരീക്ഷത്തിൽ ഉണ്ടാകുന്നു. ലോകാരോഗ്യ സംഘടനയുടെ അഭിപ്രായത്തിൽ ഇന്ത്യയിലെ വിറകടുപ്പുകളിൽ നിന്ന് വമിക്കുന്ന കാർബൺ മോണോക്സൈഡ് ഉണ്ടാക്കുന്ന വായു മലിനീകരണമാണ് 30000 - 40000 വരെ മരണങ്ങൾക്ക് കാരണമാകുന്നത്. ഊർജ്ജരംഗത്തെ വളർച്ചയിലൂടെ മാത്രമേ പരമ്പരാഗത ഇന്ധനത്തിന് ബദൽ സൃഷ്ടിച്ചു കൊണ്ട് ഈ പ്രശ്നത്തിന് പരിഹാരം കണ്ടെത്താൻ സാധിക്കുകയുള്ളു. പുതുക്കാവുന്ന ഇന്ധനങ്ങളുടെ ഉപയോഗത്തിലൂടെ വായു മലിനീകരണത്തിനു മാത്രമല്ല ജല മലിനീകരണ പ്രശ്നങ്ങളും ഒരളവു വരെ കുറയ്ക്കുവാൻ സാധിക്കും. കൂടാതെ പുരോഗമിക്കുന്ന സാമ്പത്തികരംഗവും കയറ്റിറക്കുമതിയും അടിസ്ഥാനസൗകര്യ വികസനവും ഊർജ്ജോത്പാദനം കൂടുതൽ പ്രാധാന്യമുള്ള മേഖലയാക്കുന്നു.

ഇന്ത്യയിലെ എല്ലാ ജനങ്ങൾക്കും ദിനം മുഴുവൻ ഊർജ്ജം ഉറപ്പാക്കുന്നതിന് അടുത്ത 4-5 വർഷങ്ങൾക്കുള്ളിൽ ധാരാളം പ്രവർത്തനങ്ങൾ സർക്കാർ ആസൂത്രണം ചെയ്തു നടപ്പിലാക്കേണ്ടതുണ്ട്. ഊർജ്ജ മോഷണം തടയുക, താപനിലയങ്ങൾ കൽക്കരി ലഭ്യതയുമായി ബന്ധിപ്പിക്കുക, വിതരണ ന്യൂനതകൾ പരിഹരിക്കുക, സോളാർ, കാറ്റാടി, തിരമാല തുടങ്ങിയ പുതുക്കാവുന്ന ഊർജ്ജ സ്രോതസ്സുകളിൽ കൂടുതൽ മുതൽ മുടക്കുക തുടങ്ങിയ വിവിധ പ്രവർത്തനങ്ങൾ ഇവയിൽപെടും. രാജ്യത്തിന്റെ മൊത്തം ഊർജ്ജോത്പാദനത്തിന്റെ 60% വരുന്ന താപനിലയങ്ങളുടെ ഉത്പാദനത്തിൽ 15.8 % വർദ്ധനവ് ഇതിനോടകം തന്നെ കൈവരിച്ചുകഴിഞ്ഞു. ഊർജ്ജോത്പാദനം 50% വർദ്ധിപ്പിക്കുന്നതിനുള്ളള നൂതന പദ്ധതികൾ സർക്കാർ ആവിഷ്കരിക്കുകയാണ്. കൂടാതെ ഇന്ത്യയുടെ ഗ്രാമ-നഗരങ്ങളിൽ രാപകൽ ഊർജ്ജം ഉറപ്പുവരുത്തുന്നതിന് 1 ലക്ഷം കോടി രൂപ ഊർജ്ജ പദ്ധതികൾക്ക് സർക്കാർ ഇതിനോടകം തന്നെ നീക്കി വച്ചിട്ടുണ്ട്. 2020 ൽ കൽക്കരി ഉത്പാദനം 100 കോടി ടണ്ണായി വർദ്ധിപ്പിക്കുന്നതിന് ഊർജ്ജ മേഖലയിലെ നിക്ഷേപം സർക്കാർ വർദ്ധിപ്പിച്ചിരിക്കുകയാണ്. അടുത്തകാലത്ത് നടന്ന കൽക്കരി ലേലത്തിലൂടെ ഇത്തരം പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. കൽക്കരി ലേലത്തിലൂടെ ലഭിച്ച 2 ലക്ഷം കോടി രൂപയിൽ നല്ലൊരു സംഖ്യ കൽക്കരി ഖനനം നടത്തിയ സംസ്ഥാനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി വിനിയോഗിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

പുതുക്കാവുന്ന സ്രോതസ്സുകളിൽ നിന്നുള്ള ഊർജ്ജോത്പാദനം വർദ്ധിപ്പിക്കണമെന്ന ലക്ഷ്യം കൈവരിക്കുന്നതിന് 10 ലക്ഷം കോടി നിക്ഷേപമാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. നിർത്തി വെച്ച ഹൈഡൽ പദ്ധതികൾ പുനരുജ്ജീവിപ്പിക്കുന്നതിനും പുതുക്കാവുന്ന ഊർജ്ജോത്പാദനം വർദ്ധിപ്പിക്കുന്നതിനും 65.8 % വർദ്ധനവാണ് പവർ മേഖലയ്ക്കായി ബജറ്റിൽ വകയിരുത്തിയിരിക്കുന്നത്. സോളാർ, കാറ്റാടി പാടങ്ങളിലൂടെ പുതുക്കാവുന്ന ഊർജ്ജത്തിന്റെ ഉത്പാദനം വർദ്ധിപ്പിക്കുവാനുള്ള നയരൂപികരണ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോവുകയാണ് സർക്കാർ. ഇതിന്റ ഭാഗമായി ഗ്രീൻ എനർജ്ജി സ്രോതസ്സുകൾ പ്രചരിപ്പിക്കുന്നതിനായി 5 ബില്ല്യൺ ഡോളർ നിക്ഷേപമുള്ള രണ്ടു ഫണ്ടുകൾ ചെലവഴിക്കുവാനാണ് സർക്കാർ ഉദ്ദേ

ശിക്കുന്നത്. ന്യൂ ആന്റ് റിന്യൂവബിൽ എനർജി മന്ത്രാലയത്തിന്റെ കീഴിൽ 25 ലക്ഷം കോടി ഡോളർ സമാഹരിക്കുന്നതിന് പവർ ഫിനാൻസ് കോർപ്പറേഷൻ ലി.മി., റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷൻ, ഇന്ത്യൻ റിന്യുവബിൾ എനർജി ഡവലപ്പ്മെന്റ് ഏജൻസി, ഐ.സി.ഐ.സി.ഐ. ബാങ്ക് മുതലായ സർക്കാർ ഉടമസ്ഥതയിലുള്ളതും അല്ലാത്തതുമായ ധനകാര്യസ്ഥാപനങ്ങളുടെ സഹായം അഭ്യർത്ഥിക്കുവാനാണ് സർക്കാർ ആലോചിക്കുന്നത്.

കാലാസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട് അമേരിക്കയും ചൈനയും പുതിയ കരാറിലേർപ്പെടുന്ന സാഹചര്യത്തിലാണ് സർക്കാർ ഗ്രീൻ എനർജിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് കൂടുതൽ ഊന്നൽ നല്കുന്നത്. കരാറിന്റെ ഭാഗമായി അമേരിക്ക 2005 ലെ രാജ്യത്തിന്റെ മാലിന്യവിസരണത്തിന്റെ തോത് 26-28% കുറയ്ക്കും. ചൈന 2030 ൽ ദോഷകാരിയായ കാർബൺ ഡയോക്സൈഡ് വിസരണം പരമാവധി കുറക്കാനാണ് ഉദ്ദേശിക്കുന്നത്.

എൻ.ടി.പി.സി., കോൾ ഇന്ത്യ, എനർജി എഫിഷ്യൻസി സർവീസസ്, പവർ ഗ്രിഡ് കോർപ്പറേഷൻ മുതലായവ പവർ മേഖലയിൽ നിക്ഷേപിച്ച 1 ലക്ഷം കോടി രൂപയുടെ പദ്ധതികൾക്ക് മുൻഗണന നൽകുന്നതിനു വേണ്ട നടപടികൾ സർക്കാർ പ്രഖ്യാപിച്ചു കഴിഞ്ഞു. ഇത്തരം ആഭ്യന്തര പദ്ധതികളിൽ ഉത്പാദനം വർദ്ധിപ്പിക്കുന്നതോടെ പ്രധാനമന്ത്രിയുടെ 'മേക്ക് ഇൻ ഇന്ത്യ' പദ്ധതി കുടുതൽ സജീവമാകും. ലോകോത്തര സാങ്കേതിക വിദ്യയുടെ ഉപയോഗത്തിലൂടെ സോളാർ-കാറ്റാടി പാടങ്ങളിൽ നിന്നും ഊർജ്ജം ഉത്പാദിപ്പിക്കുന്നതിനുള്ള ബൃഹത് പദ്ധതികളുമായി ആഭ്യന്തര ഉത്പാദകർ മുന്നോട്ടു വന്നിരിക്കുന്നു. ആഭ്യന്തരമായി ഉത്പാദിപ്പിച്ച സെല്ലുകളും മോഡ്യുളുകളും ഉപയോഗിക്കുന്ന 160 മെ.വാ. ഉത്പാദന ശേഷിയുള്ള പ്രത്യേക സോളാർ പദ്ധതികൾ സർക്കാർ സംഘടനകൾ വാങ്ങുന്നതാണ്. പ്രതിരോധ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ 300 മെ.വാ. സോളാർ പ്ലാന്റുകൾ വാങ്ങുവാനാണ് ഉദ്ദേശിക്കുന്നത്. ഇതോടൊപ്പംതന്നെ ഊർജ്ജസംരക്ഷണത്തിലൂടെ 10 % ഊർജ്ജം മിച്ചം പിടിയ്ക്കുവാനും സർക്കാർ ഉദ്ദേശിക്കുന്നു. 10000 കോടി യൂണിറ്റുകൾ സംരക്ഷിക്കുന്നതിലൂടെ 11 കോടി ജനങ്ങൾക്ക് ഊർജ്ജം നല്കുവാനും അതുവഴി 40000 കോടി രൂപ മിച്ചം പിടിക്കുവാനും സാധിക്കും.

2030 ഓടെ ഊർജ്ജം ഇറക്കുമതി തുക 300 ലക്ഷം കോടി ഡോളറായി വർദ്ധിപ്പിക്കേണ്ടിവരുമെന്ന സാഹചര്യത്തിലാണ് പുതുക്കാവുന്ന ഊർജ്ജ സ്രോതസ്സുകൾ ഉപയോഗപ്പെടുത്തുവാനുള്ള പ്രവർത്തനങ്ങളിൽ സർക്കാർ കേന്ദ്രീകരിച്ചിരിക്കുന്നത്. ഇന്ത്യയിലെ ക്രൂഡോയിൽ ഉപയോഗത്തിന്റെ 80%വും പ്രകൃതി വാതകത്തിന്റെ 18% വും ഇറക്കുമതി ചെയ്യുന്നവയാണ്. 2014 ഏപ്രിലിലെ കണക്കനുസരിച്ച് രാജ്യത്തിലെ മൊത്തം താപനിലയങ്ങളിലെ ഉത്പാദനക്ഷമത 168.4 ജിഗാവാട്ടും ജലവൈദ്യുതനിലയങ്ങളുടേത് 48.5 ജിഗാവാട്ടും പുതുക്കാവുന്ന ഊർജ്ജ നിലയങ്ങളുടെ ക്ഷമത 31.7 ജിഗാവാട്ടുമാണ്.

പവർ മേഖലയിലെ കമ്പനികൾ അവരുടെ കാറ്റാടി പാടങ്ങളിലെ ഉത്പാദനക്ഷമത 3000 മെ.വാ. ആയി വർദ്ധിപ്പിക്കുവാൻ പദ്ധതിയിട്ടിരിക്കുന്ന സാഹചര്യത്തിൽ കാറ്റാടി, ഊർജ്ജ മേഖലയിൽ 20000 കോടിരൂപയുടെ നിക്ഷേപം വരും വർഷത്തിലുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. അടുത്ത 5-10 വർഷങ്ങളിലുള്ളിൽ സോളാർ, കാറ്റാടി, ചെറുകിട ഹൈഡൽ, ബയോമാസ് പവർ പദ്ധതികളിലൂടെ 266 ജിഗാവാട്ടും ഊർജ്ജം ഉത്പാദിപ്പിക്കാനാകുമെന്ന് 293 ആഗോള-ആഭ്യന്തര കമ്പനികൾ ഉറപ്പു നല്കിയിട്ടുണ്ട്. ഇത് ഏതാണ്ട് 310-350 ലക്ഷം കോടി യു. എസ്. ഡോളർ നിക്ഷേപമാണ് രാജ്യത്തിനു നല്കുന്നത്. 2000 ഏപ്രിൽ മുതൽ 2015 ഫെബ്രുവരി വരെയുള്ള കാലഘട്ടത്തിൽ 9548.82 ദശലക്ഷം യു. എസ്. ഡോളർ വിദേശ വികസന നിക്ഷേപമാണ് ഇന്ത്യ സ്വന്തമാക്കിയിട്ടുള്ളത്.

അടുത്ത 4-5 വർഷത്തിനുള്ളിൽ 15 കോടി രൂപയുടെ നിക്ഷേപസാധ്യതയാണ് ഇന്ത്യൻ പവർ മേഖലയിലുള്ളതെന്ന് കോൾ പവർ ആന്റ് റിന്യു

വബിൾ എനർജി മന്ത്രാലയം അവകാശപ്പെടുന്നു. ഇത് ഊർജ്ജ-ഉത്പാദന-വിതരണ-സംപ്രേക്ഷണ രംഗത്ത് ബൃഹത് സാധ്യതകൾക്ക് വഴിവയ്ക്കും. രണ്ടുകോടി യൂണിറ്റ് ഊർജ്ജ ഉത്പാദനമാണ് സർക്കാരിന്റെ ഏറ്റവും അടുത്ത ലക്ഷ്യം. ഇത് നിലവിലുള്ള ഊർജ്ജ ഉത്പാദനത്തിന്റെ ഇരട്ടിയാണ്. ഗാർഹിക വ്യാവസായിക വ്യാപാര കാർഷിക മേഖലകളിൽ ദിനം മുഴുവൻ വൈദ്യുതി നല്കുവാൻ ഇത് പര്യാപ്തമാവുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ജലവൈദ്യുത പദ്ധതികളുടെ ജലസംഭരണികളുടെ വിസ്തൃതിയുമായും കൽക്കരിപാടങ്ങളുടെ ഖനന-ജലസംഭരണ-മാലിന്യനിക്ഷേപമേഖലയുടെ വിസ്തൃതിയുമായും താരതമ്യം ചെയ്യുമ്പോൾ സമാനമായ ഒരു സോളാർ പവർപ്ലാന്റിന് 2.4 ഹെക്ടർ (6 ഏക്കർ) പ്രദേശമാണ് ആവശ്യമായി വരുക. 1.3 ദശലക്ഷം മെ.വാ. ക്ഷമതയുള്ള സോളാർപാടം നിർമ്മിക്കുന്നതിന് ഇന്ത്യയുടെ 1 % സ്ഥലം മാത്രം മതിയാകും (32,000 ച. കി). ഉപയോഗശൂന്യമായി കിടക്കുന്ന, സോളാർ പാടങ്ങൾക്കായി ഉപയോഗിക്കാവുന്ന ധാരാളം പ്രദേശങ്ങൾ രാജ്യത്തിന്റെ വിവിധ ഭാഗത്തുണ്ട്. ഇത് രാജ്യത്തിന്റെ മൊത്തം പ്രദേശത്തിന്റെ 8 % വരും. തരിശ് ഭൂമിയുടെ ഒരു ഭാഗത്തിൽ സോളാർ പവർപ്ലാന്റുകൾ സ്ഥാപിക്കുകയാണെങ്കിൽ 2000 ലക്ഷം കോടി യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കുവാൻ കഴിയും. ഇത് 2013-14 ലെ മൊത്തം ഊർജ്ജ ഉത്പാദനത്തിന്റെ 2 ഇരട്ടി വരും. സമാനമായ നിക്ഷേപം ആവശ്യമുള്ള പല വ്യവസായങ്ങളെയും കൃഷിയെയും അപേക്ഷിച്ച് ഇത് വളരെയെറെ ലാഭകരമാണ്. മറ്റൊരു പ്രധാന കാര്യം സോളാർ പാടങ്ങൾ അസംസ്കൃത വസ്തുക്കളുടെ വിതരണ-ലഭ്യതയെ ആശ്രയിക്കുന്നില്ല എന്നതാണ്. അവ സ്വയം ഉത്പാദനശേഷിയുള്ളവയാണ്. എല്ലാ ഫോസ്സിൽ ഇന്ധനങ്ങളിൽ നിന്നുമുള്ള ഊർജ്ജ ആവശ്യങ്ങൾക്കും പകരമാകുവാൻ സോളാർ ഊർജ്ജത്തിന് കഴിയുമെന്നത് ഇവയുടെ അനന്തമായ സാധ്യതയാണ്.

ജനസംഖ്യാ വ്യതിയാനത്തിനുസൃതമായി അമേരിക്കയുടേയും ജപ്പാന്റേയും ആളോഹരി ഊർജ്ജ ഉപഭോഗവുമായി കിടപിടിക്കുന്ന രീതിയിൽ ഉത്പാദനം സാധ്യമാക്കുവാൻ കെൽപ്പുള്ളതാണ് ഇന്ത്യയിലെ സോളാർ പാടങ്ങൾ. ഭൂമി ഏറ്റെടുക്കുന്നുന്നതിലെ ബുദ്ധിമുട്ടുകളാണ് സോളാർ പദ്ധതികൾക്ക് വെല്ലുവിളിയായി നിൽക്കുന്നത്. ഭൂമി ഏറ്റെടുക്കുന്നതിൽ പുതിയ മാതൃക തേടുകയാണ് ചില സംസ്ഥാന സർക്കാരുകൾ. ഉദാഹരണത്തിന് ജലസേചന കനാലുകൾക്ക് മേലെ സോളാർ പാടങ്ങൾ ഉണ്ടാക്കികൊണ്ട് സോളാർ ഊർജ്ജം ഉത്പാദിപ്പിക്കുന്നതോടൊപ്പം സൂര്യതാപമേറ്റ് ജലം നഷ്ടപ്പെടുന്നതും തടയാൻ കഴിയുമെന്ന് ഗുജറാത്ത് തെളിയിച്ചിരിക്കുന്നു. 19,000 കി.മി. നീളത്തിൽ നർമ്മദാ കനാലിന്റെ മുകളിൽ സോളാർ പാനലുകൾ സ്ഥാപിച്ചുകൊണ്ട് വൈദ്യുതി ഉത്പാദിപ്പിക്കുന്നു. പരിസ്ഥിതി സൗഹൃദമായി നടപ്പിലാക്കിയ ഇത്തരത്തിലുള്ള ആദ്യ പദ്ധതിയാണിത്. സോളാർ പവർ ഉപയോഗത്തിലൂടെ, വർഷംതോറുമുള്ള കാർബൺ ഡയോക്സൈഡ് വിസരണം 2050 ആകുമ്പോഴേയ്ക്കും 6 ലക്ഷം കോടി ടണ്ണിലധികം കുറയ്ക്കാൻ സാധിക്കും. സോളാർ ഊർജ്ജ കേന്ദ്രമാക്കി ഇന്ത്യയെ മാറ്റുവാനുള്ള നയരൂപീകരണ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോവുകയാണ് സർക്കാർ. ഇപ്പോൾ സോളാർ പാടങ്ങളിലെ ഊർജ്ജ് ഇത്പാദനം 4000 മെ.വാ.ൽ താഴെയാണെങ്കിലും റൂഫ്ടോപ്പിൽ സോളാർ പാനലുകൾ നിർമ്മിച്ച് 40000 മെ.വാ. വൈദ്യുതി ഉത്പാദിപ്പിക്കുവാൻ അടുത്ത് 5-7 വർഷത്തിനുള്ളിൽ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. രാജസ്ഥാൻ, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിൽ ഗ്രീൻ ട്രാൻസ്മിഷൻ കോറിഡോറുകൾ നിർമ്മിക്കുന്നതിനായി ജർമ്മൻ ഡവലപ്പ്മെന്റ് ബാങ്ക് കെ.എഫ് ഡബ്യു എന്നിവ ഇതിനോടകം തന്നെ 1 ബില്ല്യൺ യൂറോ വായ്പയായി നല്കി കഴിഞ്ഞു. മറ്റു നഗരങ്ങളിൽ റൂഫ്ടോപ്പ് സോളാർ പദ്ധതി നടപ്പിലാക്കുന്നതിന് ഒരു ബില്ല്യൺ യൂറോ കൂടി ഉടൻ വായ്പ അനുവദിക്കുന്നതാണ്. നഗരത്തിന്റെ മൊത്തം ഊർജ്ജ ഉപയോഗത്തിന്റെ (6000 മെ.വാ) മുന്നിലൊന്ന് (2000 മെ.വാ) വൈദ്യുതി സോളാർ പദ്ധതിയിലൂടെ ഉത്പാദിപ്പിക്കുവാനുള്ള കഴിവ് ഡൽഹി ഇതിനകം

നേടി കഴിഞ്ഞു. ഇത് ഏതു നഗരത്തിനും മാതൃക യായി സ്വീകരിക്കാവുന്നതാണ്. 25 കൊല്ലം ഈടു നിൽക്കുന്ന സോളാർപ്ലാന്റുകൾ 4-5 കൊല്ലം കൊണ്ട് മുടക്കു മുതൽ തിരിച്ചുപിടിക്കാവുന്ന വൻലാഭം ഉറപ്പുള്ള ഊർജ്ജ പദ്ധതിയാണ്. ഇന്ത്യൻ റിന്യൂവബിൾ എനർജി ഡവലപ്പ്മെന്റ് ഏജൻസി അടുത്ത കുറച്ചു മാസങ്ങൾക്കുള്ളിൽ സർക്കാരിന്റെ സോളാർ പദ്ധതികൾക്ക് 2000 കോടി രൂപയുടെ ടാക്സ് ഫ്രീ വായ്പകൾ അനുവദിക്കു മെന്ന് കരുതുന്നു. ന്യൂ ആന്റ് റിന്യൂവബിൾ ഊർജ്ജ മന്ത്രാലയം റൂഫ് ടോപ്പ് സോളാർ പദ്ധ തികൾക്ക് വായ്പ നല്കുവാൻ ഈ തുക ഉപയാ ഗിക്കുന്നതാണ്. പരമ്പരാഗത രീതിയിൽ ഊർജ്ജം ഉത്പാദിപ്പിക്കുന്ന വാണിജ്യ വ്യവസായ സ്ഥാപ നങ്ങൾക്കുള്ള സബ്സിഡി സർക്കാർ പിൻവലി ച്ചിട്ടുണ്ട്. എന്നാൽ സാമൂഹ്യമേഖലയിലെ ആശു പത്രികൾ, വിദ്യാഭ്യാസ കേന്ദ്രങ്ങൾ, ആരോഗ്യ സം രംഭങ്ങൾ എന്നിവയ്ക്കുള്ള സബ്സിഡി മാറ്റമി ല്ലാതെ തുടരും. യൂണിറ്റിന് 6-7 രൂപ വരുന്ന സോളാർ പദ്ധതികൾക്ക് സബ്സിഡികൾ പൊതു വിൽ ആവശ്യമില്ല. താപനിലയങ്ങളിലെ ഊർജ്ജ ഉത്പാദനചെലവ് വർദ്ധിക്കുമ്പോൾ സോളാർ പദ്ധ തികളിൽ ഒരു യൂണിറ്റിന് 4-5 രൂപ വരെയായി താഴുമെന്നാണ് കരുതുന്നത്. അടുത്ത 5 വർഷത്തി നുള്ളിൽ 500 മെ. വാ. ക്ഷമതയുള്ള സോളാർ പദ്ധ തികളെങ്കിലും തുടങ്ങുമെന്നാണ് സർക്കാർ പ്രഖ്യാ പിച്ചിരിക്കുന്നത്. 4050 കോടി രൂപയാണ് ഇതിനായി വകയിരുത്തിയിട്ടുള്ളത്. സോളാർ പാർക്കുകൾ നേരിട്ടുകൊണ്ടിരിക്കുന്ന പ്രതിബന്ധങ്ങൾ മാറി വരുന്ന സാഹചര്യത്തിൽ കൂടുതൽ നിക്ഷേപകരും ഉത്പാദകരും ഈ രംഗത്തേക്ക് ആകർഷിക്കപ്പെ ട്ടുകൊണ്ടിരിക്കുകയാണ്. ചെറുകിട ഉത്പാദകർ പൊതുവെ നേരിട്ടുകൊണ്ടിരിക്കുന്ന മിക്ക പ്രശ്ന ങ്ങളും സോളാർ പദ്ധതിയിലില്ല. സോളാർ പ്ലാന്റു കൾ സ്ഥാപിക്കുന്നതിന് അതീവ നൈപുണ്യം ആവശ്യമാണ്. ഹൈഡൽ, കാറ്റാടി പ്ലാന്റുകൾ നിർമ്മിക്കുന്നതിന് പരിശീലനം സിദ്ധിച്ച ആളുക ളുണ്ട്. റൂഫ്ടോപ്പ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും ഉൾപ്രദേശങ്ങളിൽ ചെറുകിട പദ്ധതികൾ നിർമ്മി ക്കുന്നതിനും ധാരാളം നിപുണരായ വ്യക്തികളെ ആവശ്യമുണ്ട്. യുവാക്കൾക്ക് പ്രാധിനിത്യം നല്കി കൊണ്ട് നൈപുണ്യ വികസന പദ്ധതികൾ നടപ്പി ലാക്കാനാണ് സർക്കാർ ലക്ഷ്യം വയ്ക്കുന്നത്.

പുതുക്കാവുന്ന ഊർജ്ജം ഉപയോഗിച്ചുകൊണ്ടു ള്ള പദ്ധതികളിലൂടെ ജനങ്ങൾക്ക് ഊർജ്ജം ഉറ പ്പാക്കാനുള്ള പരിശ്രമത്തിലാണ് സർക്കാർ. കുറഞ്ഞ വൈദ്യുതി ഉപയോഗവും ഊർജ്ജ കമ്മിയും നേരിടുന്ന സാഹചര്യത്തിൽ, അടുത്ത ഒന്നോ രണ്ടോ ദശകത്തിൽ 8-9% വളർച്ച മുന്നിൽ കണ്ടുകൊണ്ട് ഊർജ്ജ മേഖലയിൽ പുരോഗതി കൈവരിക്കാനുള്ള പ്രവർത്തനങ്ങളുമായി മുന്നോ ട്ടുപോകുകയാണ് സർക്കാർ. താപ, ഗ്യാസ്, ഹൈഡൽ, ന്യൂക്ലിയർ, കാറ്റാടി, സോളാർ, ബയോ ഗ്യാസ് എന്നിവ ഉൾപ്പെടുത്തി കൊണ്ടുള്ള ഊർജ്ജ പദ്ധതികളാണ് ഇപ്പോൾ നിലവിലുള്ളത്. ഇന്ത്യയെക്കാൾ നാലിരട്ടി ഊർജ്ജം ഉത്പാദിപ്പി ക്കുന്ന ചൈനയോട് കിടപിടിക്കുന്നതിന് ധാരാളം പ്രവർത്തനങ്ങളുമായി ഇന്ത്യ മുന്നോട്ടുപോകേണ്ട തുണ്ട്. ഭാരം കുറഞ്ഞതും വിലകുറഞ്ഞതുമായ ലിഥിയം ബാറ്ററികളുടെ ബാക്കപ്പ് പവറായി ഉപ യോഗിക്കുന്ന ഡീസൽ ഇന്ധനത്തിനു പകരം സോളാർ പവർ ഉപയോഗിക്കാവുന്നതാണ്. 30000 മെ.വാ കപ്പാസിറ്റിയുള്ള ഡീസൽ സെറ്റുകളുടെ ഉപയോഗത്തിന് ഇന്ധനം വിദേശത്തുനിന്നു ഇറ ക്കുമതിചെയ്യുന്നത് ഇതുവഴി ഒഴിവാക്കാനും സാധി ക്കുന്നതാണ്.

**പത്രപ്രവർത്തകനും പി.ടി.ഐ.**
**മുൻ അസോ. എഡിറ്ററുമാണ് ലേഖകൻ**

# പ്രതീക്ഷകളുണർത്തി തൊഴിൽ മേഖല

ദീപക് റാസ്ദാൻ

കഴിഞ്ഞ നിരവധി ദശകങ്ങളിലായി ഇന്ത്യയുടെ തൊഴിൽ മേഖലയുടെ വികസനത്തിന് അനുസരിച്ച് രാജ്യത്തെ തൊഴിലവസരങ്ങൾ വർദ്ധിക്കാത്തതിന് കാരണം അയവില്ലാത്ത തൊഴിൽ നിയമങ്ങളാണെന്ന വസ്തുത അംഗീകരിക്കപ്പെട്ടിട്ടുണ്ട്. വ്യവസായ വളർച്ചക്കുമാത്രമല്ല മതിയായ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും തൊഴിൽരംഗത്ത് പരിഷ്കരണം അനിവാര്യമാണെന്ന് സാമ്പത്തിക വിദഗ്ധർ ആവർത്തിച്ച് ചൂണ്ടിക്കാട്ടിയിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ടവർ തമ്മിൽ സമവായത്തിലെത്താൻ കഴിയാതിരുന്നതോടെ ഈ രംഗത്ത് പുരോഗതി നേടാൻ കഴിഞ്ഞിട്ടില്ല. ഭാഗ്യവശാൽ, ഒരു സാമ്പത്തിക ശക്തിയായി ഇന്ത്യയുടെ മുന്നേറ്റം തുടരണമെങ്കിൽ ഈ പ്രതിസന്ധി അനിശ്ചിതമായി നീളാൻ അനുവദിക്കരുതെന്നത് നാം തിരിച്ചറിഞ്ഞിട്ടുണ്ട്. ആയാസരഹിതമായി വ്യവസായം നടത്താനുള്ള സാഹചര്യവും തൊഴിലിന്റെ മഹത്വവും ഒരുമിച്ച് കൊണ്ടുപോയാൽ വേഗത്തിലുള്ളതും എല്ലാ വിഭാഗങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ളതുമായ വളർച്ച നേടാമെന്ന് ഇപ്പോഴത്തെ ഗവൺമെന്റ് അതിന്റെ ആദ്യവർഷത്തെ പ്രവർത്തനം കൊണ്ട് തന്നെ കാട്ടിത്തന്നു കഴിഞ്ഞു. സംസ്ഥാനങ്ങളെ അവയുടെ തൊഴിൽ പരിഷ്കരണങ്ങളുമായി മുന്നോട്ട് പോകാൻ പ്രോത്സാഹിപ്പിച്ചുകൊണ്ട് ബഹുമുഖ തന്ത്രത്തിലൂടെ നിയമങ്ങളുടെ ആധിക്യം യുക്തി സഹമാക്കാൻ കേന്ദ്രം നടപടികൾ ആരംഭിച്ചു. തങ്ങൾ ചെലവ് ഉണ്ടാക്കുന്ന ഒരു ഭാരമല്ല മറിച്ച് പുരോഗതിയിലേക്കുള്ള പാതയിൽ അനിവാര്യ ഘടകമാണെന്ന് തൊഴിലാളികൾക്ക് ബോധ്യപ്പെട്ടാൽ മാത്രമെ ഈ ഉദ്യമം വിജയിക്കുകയുള്ളു.

തൊഴിൽ നിയമ പരിഷ്കരണവും വ്യവസായ നടത്തിപ്പിന്റെ ചെലവ് കുറയ്ക്കലും സാധ്യമാകണമെങ്കിൽ കേന്ദ്രത്തിന്റെയും സംസ്ഥാനങ്ങളുടേയും യോജിച്ച പ്രവർത്തനം വേണമെന്ന് 2014-15 ലെ അർദ്ധ-വാർഷിക സാമ്പത്തിക അവലോകനത്തിൽ പറയുന്നു. ഈ വിഷയം കൺകറന്റ് ലിസ്റ്റിൽ ഉൾപ്പെട്ടതാണെന്നത് മനസ്സിലാക്കി അതിനനുസരിച്ചാണ് ഗവൺമെന്റ് നീങ്ങുന്നത്. രാജസ്ഥാനിലെ തൊഴിൽ നിയമ പരിഷ്കരണത്തിന് രാഷ്ട്രപതിയുടെ അംഗീകാരം ലഭിക്കാൻ വഴിയൊരുക്കിക്കൊണ്ടാണ് കേന്ദ്രം ആദ്യചുവട് വച്ചത്. കേന്ദ്രതലത്തിൽ നിരവധി തൊഴിൽ നിയമങ്ങൾ സുതാര്യമാക്കാനും മറ്റു സംസ്ഥാനങ്ങളെ സമാന പരിഷ്കരണങ്ങൾക്ക് പ്രേരിപ്പിക്കാനും ഇത് കാരണമായി.

തൊഴിൽ സേനയുടെ വളർച്ച നോക്കുമ്പോൾ തൊഴിലവസര രംഗത്തെ വളർച്ച ഏറെ പിന്നിലാണെന്ന് വിവിധ രംഗങ്ങളിലെ വിവരം സമാഹരിച്ച 2014-15 ലെ സാമ്പത്തിക സർവേ പറയുന്നു. ഉദാഹരണത്തിന് സെൻസസ് അനുസരിച്ച് 2001 നും 2011 നും ഇടയിൽ തൊഴിൽസേന 2.23 ശതമാനം വളർച്ച നേടി. എന്നാൽ ഈ ദശകത്തിൽ തൊഴിലവസര ലഭ്യത 1.4 ശതമാനത്തോളം മാത്രമാണ് വർദ്ധിച്ചത്. തൊഴിലവസരങ്ങൾ ത്വരിതഗതിയിൽ വർദ്ധിപ്പിക്കേണ്ടത് സുപ്രധാന വെല്ലുവിളിയാണെന്ന് സർവേ പറയുന്നു.

നിലവിൽ കേന്ദ്ര ഗവൺമെന്റിന്റേതായി 44 തൊഴിൽചട്ടങ്ങളും സംസ്ഥാനങ്ങളുടേതായി 100 എണ്ണവും ആണുള്ളത്. ഇന്നത്തെ രൂപത്തിലുള്ള തൊഴിൽ നിയമങ്ങൾ പ്രശ്നങ്ങൾ ഉണ്ടാക്കുന്നതായി പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി (2012-2017) പറയുന്നുണ്ട്. കേന്ദ്ര-സംസ്ഥാന തലത്തിലുള്ള തൊഴിൽ നിയമങ്ങളുടെ ആധിക്യം വ്യവസായ മേഖലയുടെ വികസനത്തിന് അനുകൂലമല്ലെന്ന് പദ്ധതി പറയുന്നു. മൊത്തത്തിലുള്ള തൊഴിലവസര സൃഷ്ടിക്കു മാത്രമല്ല വസ്ത്രങ്ങൾ, തുണിത്തരങ്ങൾ, തുകൽ, ചെരുപ്പ്, രത്നം, ആഭരണം, ഭക്ഷ്യസംസ്കരണം തുടങ്ങി തൊഴിലാളി കേന്ദ്രീകരണം കൂടുതലായുള്ള രംഗങ്ങളിലും ആവശ്യ

മനുസരിച്ച് തൊഴിലാളികളെ ക്രമീകരിക്കാൻ അനുവദിക്കേണ്ടതാണെന്ന് പദ്ധതി പ്രത്യേകമായി പറയുന്നു. തൊഴിലാളികളോടുള്ള നീതിയിൽ വിട്ടുവീഴ്ച ചെയ്യാതെ തന്നെ തൊഴിൽ വിപണി ശക്തിപ്പെടുത്താനാണ് ഊന്നൽ കൊടുക്കേണ്ടത് എന്ന് ചുരുക്കം.

തൊഴിലിന്റെ അന്തസ്സും തൊഴിൽ നിയമങ്ങളോടുള്ള ഉത്തരവാദിത്തവും സുതാര്യതയും ഉറപ്പു വരുത്തുന്നതിലുള്ള പ്രതിബദ്ധതയും ആവർത്തിച്ചാണ് ഇപ്പോഴത്തെ കേന്ദ്ര ഗവൺമെന്റ് ഈ രംഗത്ത് ചുവട് വച്ചത്. മികച്ച ഭരണ കാൽവയ്പുകളിലൂടെയും തൊഴിലാളിക്ഷേമം ലക്ഷ്യമിടുന്നു. തൊഴിലാളിക്കും വ്യവസായത്തിനും ഒരുപോലെ പ്രയോജനം ലഭിക്കുന്ന സാഹചര്യം ഉറപ്പുവരുത്തിക്കൊണ്ട് "ശ്രമേവ ജയതേ" എന്നതാണ് ഗവൺമെന്റിന്റെ മന്ത്രം.

ഇന്ത്യൻ തൊഴിൽ നിയമങ്ങൾ എളുപ്പത്തിൽ മനസ്സിലാക്കാൻ പാകത്തിലാക്കുകയെന്ന ദുഷ്കരമായ ദൗത്യം ഏറ്റെടുത്ത കേന്ദ്ര തൊഴിൽ മന്ത്രാലയം മുഴുവൻ തൊഴിൽ നിയമങ്ങളേയും അഞ്ച് തൊഴിൽ നിയമാവലികളിലായി ക്രമീകരിക്കുന്ന പ്രക്രിയയ്ക്ക് തുടക്കമിട്ടു. വേതനം, സുരക്ഷയും തൊഴിൽ സാഹചര്യവും, വ്യവസായബന്ധം, സാമൂഹ്യ സുരക്ഷയും ക്ഷേമവും, തൊഴിൽ പരിശീലനവും ബന്ധപ്പെട്ട മറ്റിനങ്ങളും എന്നിങ്ങനെയാണ് പ്രസ്തുത കോഡുകൾ. ബന്ധപ്പെട്ടവരുടെ നിർദ്ദേശങ്ങൾ സമാഹരിച്ച് കരട് നിയമാവലി തയ്യാറാക്കാൻ അന്തർമന്ത്രാലയ സംഘത്തിന് രൂപം നൽകിക്കഴിഞ്ഞു.

തൊഴിൽമന്ത്രി ഇതിനകം മൂന്ന് ത്രികക്ഷി കൂടിയാലോചനകൾ - ഒടുവിലത്തേത് 2015 മെയ് 6 ന്-നിർണ്ണായകമായ വ്യവസായ ബന്ധ നിയമാവലിയുമായി ബന്ധപ്പെട്ട് നടത്തുകയുണ്ടായി. കേന്ദ്ര ട്രേഡ് യൂണിയനുകൾ, വ്യവസായ സംഘടനകൾ, സംസ്ഥാന തൊഴിൽ വകുപ്പുകൾ, കേന്ദ്ര മന്ത്രാലയങ്ങൾ തുടങ്ങിയവയുടെ പ്രതിനിധികൾ ചർച്ചകളിൽ പങ്കെടുത്തു.

1926 ലെ ട്രേഡ് യൂണിയൻ നിയമം, 1946 ലെ വ്യവസായ തൊഴിൽ (നിലവിലുള്ള ഉത്തരവുകൾ) നിയമം, വ്യവസായ തർക്ക നിയമം-1947 എന്നിവ യുക്തിസഹമാക്കാനും കൂട്ടിച്ചേർക്കാനും നിർദ്ദിഷ്ട വ്യവസായ ബന്ധ നിയമാവലി ലക്ഷ്യമിടുന്നു. അയവുള്ള തൊഴിൽ നിയമങ്ങൾക്കായി വ്യവസായ ലോകം ദീർഘനാളായി ആവശ്യം ഉന്നയിച്ച് വരികയായിരുന്നു. എന്നാൽ ഇവയിലെ മാറ്റം തൊഴിൽ സുരക്ഷയെ ബാധിക്കുമെന്ന് ട്രേഡ് യൂണിയനുകൾ ചൂണ്ടിക്കാട്ടുന്നു. സംഘടനാരൂപീകരണവും ബുദ്ധിമുട്ടാവും എന്ന് അവർ അഭിപ്രായപ്പെട്ടു. അഭിപ്രായ ഐക്യത്തിലെത്താൻ മന്ത്രി നിർദ്ദേശങ്ങൾ ക്ഷണിച്ചു. എന്തുവില കൊടുത്തും തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുമെന്നും വ്യവസായ ബന്ധ നിയമാവലി തയ്യാറാക്കുമ്പോൾ ചർച്ചകളിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ പരിഗണിക്കുമെന്നും മന്ത്രി ഉറപ്പു നൽകുകയും ചെയ്തു.

വേതനം സംബന്ധിച്ച കരട് നിയമാവലിയെപ്പറ്റിയും ഇത്തരത്തിൽ രണ്ട് യോഗങ്ങൾ ചേർന്നു. 2015 ഏപ്രിൽ 13 ന് ആണ് രണ്ടാമത്തെ യോഗം ചേർന്നത്. 1948 ലെ മിനിമം വേതന നിയമം, 1936 വേതനം നൽകൽ നിയമം, 1965 ലെ ബോണസ് നിയമം, 1976 ലെ തുല്യവേതന നിയമം എന്നിവ യോജിപ്പിക്കുന്നത് സംബന്ധിച്ചാണ് പ്രധാനമായും ചർച്ച നടന്നത്.

വ്യവസായ നടത്തിപ്പ് കൂടുതൽ ആകർഷകമാക്കാനുള്ള നിയമനിർമ്മാണത്തിന്റെ ഭാഗമായി കേന്ദ്രം 40 തൊഴിലാളികളിൽ താഴെ പേർ തൊഴിലെടുക്കുന്ന ഫാക്ടറികളെ ഉദ്ദേശിച്ച് കരട് ചെറുകിട ഫാക്ടറി (തൊഴിൽ-തൊഴിൽ സാഹചര്യം) നിയന്ത്രണബിൽ 2014 മേലുള്ള കൂടിയാലോചനകൾ നടത്തി വരികയാണ്. കൂടാതെ, 1961 ലെ അപ്രന്റീസ് നിയമം വ്യവസായ മേഖലക്കും യുവാക്കൾക്കും ഒരേപോലെ പ്രയോജനകരമാം വിധം കഴിഞ്ഞവർഷം ഭേദഗതി ചെയ്തു. ഇതു വഴി എഞ്ചിനീയറിംഗ്-ഇതര ബിരുദധാരികളെയും ഡിപ്ലോമക്കാരെയും തൊഴിൽ നിയമത്തിന് കീഴിൽ കൊണ്ടുവന്നു. നിയമ ലംഘനത്തിന് പിഴ ഈടാക്കുന്നതിന് പുറമേ പ്രവർത്തനം പോർട്ടൽ മുഖേനയാക്കുകയും ചെയ്തു.

രണ്ടാം തലമുറ സാമ്പത്തിക പരിഷ്കരണം സംസ്ഥാനങ്ങൾ നടപ്പാക്കുമെന്ന് സൂചന

നൽകിക്കൊണ്ട് രാജസ്ഥാൻ ഗവൺമെന്റിന്റെ മൂന്ന് തൊഴിൽ നിയമഭേദഗതി ബില്ലുകൾ നിയമമാക്കാൻ കേന്ദ്രം സഹായം ചെയ്തു. 1947 ലെ വ്യവസായ തർക്ക നിയമം, 1970 ലെ കരാർ തൊഴിൽ നിയമം, 1947 ലെ ഫാക്ടറി നിയമം എന്നീ ഭേദഗതികൾക്കാണ് രാഷ്ട്രപതി അംഗീകാരം നൽകിയത്. 300 തൊഴിലാളികൾ വരെ തൊഴിലെടുക്കുന്ന കമ്പനികൾ ഗവൺമെന്റ് അനുമതി കൂടാതെ അടച്ചു പൂട്ടാനോ തൊഴിലാളികളെ തൽക്കാലത്തേക്ക് പിരിച്ചുവിടാനോ ഉടമകൾക്ക് അധികാരം നൽകുന്നതാണ് വ്യവസായ തർക്ക നിയമത്തിൽ വന്ന പ്രധാന മാറ്റം. നേരത്തെ 100 തൊഴിലാളികൾ വരെ പ്രവർത്തിച്ചിരുന്ന സ്ഥാപനങ്ങൾക്കായിരുന്നു ഇങ്ങനെ ചെയ്യാൻ കഴിഞ്ഞിരുന്നത്.

രാജസ്ഥാനിലെ തൊഴിൽ നിയമങ്ങളിൽ വന്ന മാറ്റം അനുസരിച്ച് തൊഴിലാളിയെ പിരിച്ചു വിട്ടാൽ എതിർപ്പ് ഉണ്ടെങ്കിൽ മൂന്ന് മാസത്തിനകം അറിയിക്കേണ്ടതുണ്ട്. നേരത്തെ ഇത്തരം സമയ പരിധി ഇല്ലായിരുന്നു. തൊഴിലാളികളിൽ 30 ശതമാനത്തെ എങ്കിലും അംഗങ്ങളാക്കിയാൽ മാത്രമെ ട്രേഡ് യൂണിയനുകൾ രൂപീകരിക്കാൻ കഴിയൂ. നിലവിൽ ഇത് 15 ശതമാനമാണ്. വൈദ്യുതിയില്ലാത്ത ഫാക്ടറികൾക്ക് 40 തൊഴിലളികൾ ഉണ്ടെങ്കിലും വൈദ്യുതി ഉണ്ടെങ്കിൽ 20 തൊഴിലാളികൾ ഉള്ളിടത്തും ഫാക്ടറി നിയമം ബാധകമായിരിക്കും. നേരത്തെ ഇത് പകുതിയായിരുന്നു. കരാർ നിയമം ഇനി 50 തൊഴിലാളികൾ എങ്കിലും ഉള്ള കമ്പനികൾക്ക് ബാധമാകും. നേരത്തെ ഇത് 20 ആയിരുന്നു. വ്യവസായങ്ങൾക്ക് ഇതുമൂലം കരാർ തൊഴിലിന്റെ ആനുകൂല്യം നൽകാതെ കൂടുതൽ തൊഴിലാളികളെ നിയോഗിക്കാൻ കഴിയും. രാജസ്ഥാൻ തുടങ്ങിവച്ച മാറ്റത്തെ പല സാമ്പത്തിക വിദഗ്ധരും പ്രശംസിക്കുകയുണ്ടായി. മറ്റു സംസ്ഥാനങ്ങളും ഇതേ പാത പിന്തുടരാനാണ് ഒരുങ്ങുന്നത്.

തൊഴിൽ നിയമ പരിഷ്കരണം ഉയർത്തിയ വിവാദങ്ങൾക്കിടയിലും ഗവൺമെന്റ് 2015-16 ൽ പൊതു ബജറ്റിലൂടെ പ്രഖ്യാപിച്ച നിരവധി നടപടികൾ കാലക്രമത്തിൽ ദശലക്ഷക്കണക്കിന് തൊഴിലവസരങ്ങൾ സൃഷ്ടിക്കും എന്നതിൽ തർക്കമില്ല. വ്യവസായ നടത്തിപ്പ് ആയാസരഹിതമാകുന്നതിന് ഉതകുന്ന തരത്തിലുള്ള നികുതി നിർദ്ദേശങ്ങളും വേഗത്തിലുള്ള തൊഴിൽ സൃഷ്ടിക്ക് സഹായിക്കും. ഗവൺമെന്റ് പ്രഖ്യാപിച്ച 'മേക്ക് ഇൻ ഇന്ത്യ' പരിപാടിയുമായി ബന്ധപ്പെട്ട നയം മാറ്റവും മറ്റും ഇന്ത്യയെ ആഗോള തലത്തിലുള്ള നിർമ്മാണ കേന്ദ്രമാക്കി മാറ്റുകയും അതുവഴി ദശലക്ഷക്കണക്കിന് യുവാക്കൾക്ക് തൊഴിൽ ഉറപ്പ് വരുത്തുകയും ചെയ്യും. വ്യവസായങ്ങളെ ഇന്ത്യയിലേക്ക് ആകർഷിക്കാൻ പാകത്തിൽ നിക്ഷേപ നയങ്ങളും പരിഷ്കരിച്ചു.

2014 ഒക്ടോബർ 16 ന് പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്ത 'ശ്രമേവ ജയതേ' പരിപാടി ഗവൺമെന്റിന്റെ സദ്ഭരണ പാക്കേജ് തുറന്നുകാട്ടി. ചട്ടങ്ങൾ പാലിക്കുന്നത് ആയാസരഹിതമാകുന്നതോടെ തൊഴിലവസരങ്ങൾ വൻതോതിൽ വർദ്ധിക്കും.

വിവര സാങ്കേതിക വിദ്യ കാര്യക്ഷമമായി ഉപയോഗപ്പെടുത്തിക്കൊണ്ട് ഗവൺമെന്റ് 'ഡിജിറ്റൽ ഇന്ത്യ' പരിപാടി പ്രഖ്യാപിച്ചതും ഇതിന്റെ ഭാഗമായി തന്നെ. തൊഴിൽ മന്ത്രാലയം 2014 ഒക്ടോബർ 16 ന് തന്നെ 'ശ്രം സുവിധ' പോർട്ടലും തുറന്നു. മന്ത്രാലയത്തിന് കീഴിലുള്ള കേന്ദ്ര മുഖ്യ ലേബർ കമ്മീഷണറേറ്റ്, ഖനന സുരക്ഷാ ഡയറക്ടറേറ്റ്, എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട്, എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ് എന്നീ പ്രധാന സ്ഥാപനങ്ങൾ പോർട്ടലിന്റെ ഭാഗമാക്കി.

പോർട്ടലിന്റെ നാല് പ്രധാന സവിശേഷതകൾ താഴെ പറയുന്നു. സവിശേഷ തൊഴിലാളി തിരിച്ചറിൽ നമ്പർ മുഖേന ഓൺലൈൻ രജിസ്ട്രേഷൻ സാധ്യമാക്കുക, സ്വയം സാക്ഷ്യപ്പെടുത്തിയതും ലഘൂകരിച്ചതുമായ ഒറ്റ ഓൺലൈൻ റിട്ടേൺ ഫയൽ ചെയ്യുക, അതാത് യൂണിറ്റുകൾ പല റിട്ടേണുകൾ സമർപ്പിക്കേണ്ടതിന് പകരം ക്രോഡീകരിച്ച ഒറ്റ റിട്ടേൺ സമർപ്പിക്കുന്നത് സാധ്യമാക്കുക, ലേബർ ഇൻസ്പെക്ടർമാരുടെ പരിശോധന സുതാര്യമാക്കുക, റിപ്പോർട്ട് 72 മണിക്കൂറിനകം ലഭ്യമാക്കുക എന്നിവയാണവ. പരാതികൾ സമയബന്ധിതമായി പോർട്ടലിന്റെ സഹായത്തോടെ പരഹരിക്കാനും നിർദ്ദേശമുണ്ട്.

ഇന്ത്യയുടെ ജനസംഖ്യയിൽ 70 ശതമാനം ഇപ്പോഴും ഗ്രാമീണ മേഖലയിൽ ആയതിനാൽ ഗ്രാമീണ യുവാക്കളെ തൊഴിലെടുക്കാൻ പ്രാപ്ത രാക്കുക എന്നത് ഏറെ പ്രധാനമാണെന്നത് ഗവൺമെന്റ് തിരിച്ചറിഞ്ഞിട്ടുണ്ട്. ഇത് മുന്നിൽ കണ്ടാണ് 'ദീൻ ദയാൽ ഉപാധ്യായ ഗ്രാമീൺ കൗശൽ യോജന'ക്ക് തുടക്കം കുറിച്ചത്. 2015–16 ലെ ബജറ്റിൽ ഇതിനായി 1500 കോടി രൂപ നീക്കി വച്ചു. ഡിജിറ്റൽ വൗച്ചറിലൂടെ യോഗ്യരായ വിദ്യാർത്ഥികളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നേരിട്ട് പദ്ധതിയുടെ സഹായം എത്തും.

തൊഴിൽ സേനയുടെ 92 ശതമാനം വരുന്ന അസംഘടിത മേഖലയിലെ തൊഴിലാളികൾക്കായി ഗവൺമെന്റ് പദ്ധതികൾ ആവിഷ്കരിച്ചു. ഇതിൻപ്രകാരം 2008 ലെ അസംഘടിത മേഖലാ സാമൂഹ്യ സുരക്ഷാനിയമം അനുസരിച്ച് തൊഴി ലാളികളുടെ തിരിച്ചറിയലും രജിസ്ട്രേഷനും ആരം ഭിക്കും. ഇങ്ങനെ അവരുടെ വിവര സമാഹരണം നടത്താം. ആധാർ നമ്പരും ബാങ്ക് അക്കൗണ്ട് നമ്പറും ഉൾപ്പെടുത്തിയ തിരിച്ചറിയൽ കാർഡ് ഈ മേഖലയിലെ തൊഴിലാളികൽക്ക് നൽകും. ഇതു വഴി അസംഘടിത മേഖലാ തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷാ പദ്ധതികൾ സംയോജിപ്പിക്കു വാൻ സാധിക്കും എന്നതാണ് നേട്ടം.

സംഘടിത മേഖലയിൽ 4.47 കോടി തൊഴി ലാളികൾക്ക് സാർവത്രിക അക്കൗണ്ട് നമ്പറുകൾ ലഭ്യമാക്കി. ഇ.പി.എഫ് ആനുകൂല്യങ്ങൾ കൈമാ റാനും ഇത് വഴിയൊരുക്കും. ഇവിടെ 99 ശതമാനം പണം കൈമാറ്റങ്ങളും ഇലക്ട്രോണിക് രീതിയി ലാണ്. പ്രതിമാസ വിഹിതം, ബാലൻസ് എന്നി വയ്ക്ക് എസ്.എം.എസ് സന്ദേശങ്ങൾ വരി ക്കാർക്ക് ലഭിക്കും. കരാർ, നിർമ്മാണ തൊഴിലാ ളികളെയും സാർവത്രിക അക്കൗണ്ട് നമ്പറിന് കീഴിൽ കൊണ്ടുവന്ന് സാമൂഹ്യ സുരക്ഷയുടെ പരിധിയിൽ ആക്കാനും നിർദ്ദേശം ഉണ്ട്.

എംപ്ലോയീസ് പെൻഷൻ പദ്ധതി വരി ക്കാർക്ക് കുറഞ്ഞത് ആയിരം രൂപ പ്രതിമാസം പെൻഷൻ എന്നത് ഗവൺമെന്റ് നിശ്ചയിച്ചിട്ടുണ്ട്. 2014 സെപ്തംബറിൽ വിജ്ഞാപനം ചെയ്ത വർദ്ധി പ്പിച്ച പെൻഷന് കേന്ദ്ര മന്ത്രി സഭ അംഗീകാരം നൽകി. ഏകദേശം 50 ലക്ഷം പെൻഷൻകാർക്ക് ഓരോ മാസവും ആദ്യ പ്രവൃത്തി ദിവസം പെൻഷൻ തുക ലഭിക്കുന്നു. ഇ.പി.എഫ് പദ്ധ തിക്കു കീഴിലുള്ള വേതന പരിധി 6500 രൂപയിൽ നിന്ന് 15000 രൂപയായി വർദ്ധിപ്പിച്ച വിജ്ഞാപനം പുറപ്പെടുവിച്ചു. ഇതാദ്യമായി 122 ഇ.പി. എഫ് ഓഫീസുകളിൽ 103 എണ്ണത്തിന്റെ കീഴിലുള്ള 15.54 കോടി അക്കൗണ്ടുകൾ പുതിയ സാമ്പത്തിക വർഷത്തിന്റെ ആദ്യ ദിനമായ 2015 ഏപ്രിൽ 1 വച്ച് പുതുക്കി.

രാജ്യത്ത് ജന സംഖ്യയുടെ 65 ശതമാന ത്തിലധികം തൊഴിലെടുക്കുന്ന പ്രായത്തിലുള്ള വരാണെന്ന സാഹചര്യത്തിൽ അവരുടെ സാധ്യ തകൾ ഉപയോഗപ്പെടുത്താൻ ഗവൺമെന്റ് 'സ്കിൽ ഇന്ത്യ' ദൗത്യവും ഏറ്റെടുത്തു. നൈപുണ്യ വികസനത്തിനായി പ്രത്യേക മന്ത്രാ ലയം തന്നെ രൂപീകരിച്ചു. കഴിഞ്ഞ ഒരു വർഷ ത്തിലധികമായി ആവശ്യത്തിനനുസരിച്ച് തൊഴിൽ പരിശീലനവും സേവനങ്ങളും പ്രോത്സാഹിപ്പി ക്കാനും യുവാക്കളെ തൊഴിൽ ചെയ്യാൻ പ്രാപ്ത രാക്കാനും സുപ്രധാന കാൽവയ്പ്പുകൾ ഉണ്ടാ യി. 2014 ഒക്ടോബർ 16ന് തുടക്കമിട്ട 'അപ്രന്റീസ് പ്രോത്സാഹന പദ്ധതി' അടുത്ത രണ്ടരവർഷത്തി നകം ഒരു ലക്ഷം അപ്രന്റീസുമാരെ പിന്തുണ ക്കാൻ ലക്ഷ്യമിടുന്നു. സ്റ്റൈപ്പൻഡിന്റെ പകുതി വഹിച്ചുകൊണ്ട് അപ്രന്റീസുമാരുടെ എണ്ണം ഏ താനും വർഷത്തിനകം നിലവിലുള്ള 2.9 ലക്ഷ ത്തിൽ നിന്ന് 20 ലക്ഷമായി ഉയർത്താനാണ് ലക്ഷ്യം. വർദ്ധിപ്പിച്ച സ്റ്റൈപ്പൻഡ് നിരക്കും അർദ്ധ വിദഗ്ദ്ധ തൊഴിലാളികളുടെ വേതനത്തിന് അനു സരിച്ച് വിജ്ഞാപനം ചെയ്തു കഴിഞ്ഞു.

അഭിരുചി ഉപയോഗിച്ച്, സ്വയം തൊഴിൽ (SETU) എന്ന ഒരു പ്രത്യേക തൊഴിൽ സംവി ധാനം കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ചിരുന്നു. സ്റ്റാർട്ട് അപ്പ് ബിസിനസ്സുകളേയും മറ്റ് സ്വയം തൊഴിൽ സംരഭങ്ങളേയും പിന്തുണയ്ക്കാനുള്ള ഒരു സാങ്കേതിക സാമ്പത്തിക ഇൻകുബേഷൻ പരിപാടിയാണ് ഇത്. നീതി ആയോഗിന് കീഴിൽ ഈ പദ്ധതിക്കായി 1000 കോടി രൂപ നീക്കിവച്ചി ട്ടുണ്ട്.

തൊഴിൽ സേവനങ്ങൾ ആധുനീകരിച്ചു വരുന്നു. ദേശീയ കരിയർ സർവ്വീസ് 2015 മാർച്ചിൽ

നിലവിൽ വന്നു. അവസാന ഘട്ട തൊഴിൽ പരിചയം നൽകാനായി 100 മാതൃകാ തൊഴിൽ കേന്ദ്രങ്ങളും വികസിപ്പിക്കും. 2014 ഡിസംബർ മാസം നിലവിൽ വന്ന എൻ. സി. വി. റ്റി എം. എ. എസ് പോർട്ടൽ മറ്റൊരു നാഴികക്കല്ലാണ്. നിർമ്മാണ മേഖലയിലെ തൊഴിൽ സേനയ്ക്ക് വൈദഗദ്ധ്യം നൽകാനായി മറ്റൊരു പരിപാടിയും ആരംഭിച്ചു. ഐ.ടി. ഐ പരിശീലകർക്ക് വിദൂര വിദ്യാഭ്യാസത്തിലൂടെ പരിശീലനം നൽകും.

തൊഴിൽ നയത്തിന്റെ ഗുണമേന്മ മുദ്രയായി ത്രികക്ഷി പങ്കാളിത്തമാണ് ഗവൺമെന്റ് കണക്കാക്കുന്നത്. തൊഴിൽ മന്ത്രാലയം വിളിച്ചു ചേർത്ത യോഗങ്ങൾ ഏറെ താല്പര്യം ഉളവാക്കുകയും ചെയ്തു. സംസ്ഥാന ഗവൺമെന്റുകൾ , കേന്ദ്ര ട്രേഡ് യൂണിയനുകൾ, വ്യവസായ സംഘടനകൾ എന്നിവരുടെ ത്രികക്ഷി യോഗം ഇക്കഴിഞ്ഞ ജനുവരി 15 ന് കേന്ദ്ര തൊഴിൽ സഹമന്ത്രി (സ്വതന്ത്ര ചുമതല) ബന്ദാരു ദത്തുത്രേയയുടെ അദ്ധ്യക്ഷതയിൽ ചേർന്നു. തൊഴിൽ സംബന്ധമായ കാര്യങ്ങളിൽ ഏവരുടെയും സജീവ പങ്കാളിത്തം വേണമെന്ന് മന്ത്രി നിർദ്ദേശിച്ചു. സാമൂഹ്യ ചർച്ചയുടെ പാരമ്പര്യം പിന്തുടരാനാണ് തൊഴിൽ മന്ത്രാലയം ഉദ്ദേശിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു.

തൊഴിലാളികളുടെ താല്പര്യം അനുയോജ്യമായ രീതിയിൽ കണക്കിലെടുത്തു മാത്രമേ വ്യവസായ വികസനം എന്ന ലക്ഷ്യം കൈവരിക്കാനാകൂ എന്ന് വ്യവസായികൾ ഏകകണ്ഠമായി ചൂണ്ടിക്കാട്ടി. ഇവിടെ നിയമ ഭേദഗതി സംബന്ധിച്ച് ത്രികക്ഷി ചർച്ച 2015 മാർച്ച് 31 ന് രണ്ടാം വട്ടവും നടത്തി. നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന സുപ്രധാന മാറ്റങ്ങൾ മന്ത്രി ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തി. തൊഴിലാളികൾക്ക് ഇ.പി. എഫിലോ പെൻഷൻ പദ്ധതിയിലോ ചേരാൻ അവസരം ഒരുക്കും. എന്നാൽ തൊഴിലാളി സംഘടനകൾ അവരുടെ ദീർഘകാലമായ ആവശ്യങ്ങൾ നടപ്പാക്കണമെന്ന് ആവശ്യപ്പെട്ടു. ഗവൺമെന്റുമായി കൂടുതൽ ചർച്ചകൾ വേണമെന്നും ട്രേഡ് യൂണിയനുകൾ പറഞ്ഞു. ഡൽഹിയിൽ ചേരുന്ന ദേശീയ സമ്മേളനത്തിന് ശേഷം യൂണിയനുകൾ അവരുടെ വീക്ഷണം സമർപ്പിക്കും.

ഇ.പി.എഫ് നിയമ ഭേദഗതിയിൽ തൊഴിലാളികൾക്ക് അനുകൂലമായ നിരവധി നിർദ്ദേശങ്ങൾ ഉണ്ട്. ഇ.പി.എഫ് പരിധിയിൽ വരാൻ ഇപ്പോൾ കുറഞ്ഞത് 20 തൊഴിലാളികൾ വേണമെന്നത് ഭേദഗതിയനുസരിച്ച് പത്തായി കുറയും. ചെറുകിട യൂണീറ്റുകൾക്ക് കൂടുതൽ പ്രോത്സാഹനം ലഭിക്കും. പല അതോറിറ്റികൾ നിലവിൽ വരും. നിയമം നടപ്പാക്കുന്നതിലെ വ്യക്തതയില്ലായ്മ പഴയ കഥയാകും. നിയമത്തിന് കീഴിലെ നിർവചനങ്ങൾക്ക് ഭേദഗതികളോടെ വ്യക്തത ലഭിക്കും. വേതനത്തിന്റെ കാര്യത്തിൽ പുരോഗതിയും. നിയമത്തിന്റെ നടപ്പാക്കൽ സുതാര്യവും ഉത്തരവാദിത്തം നിശ്ചയിച്ചും ആയിരിക്കും എന്നത് ശ്രദ്ധേയമാണ്.

ഭേദഗതി നിർദ്ദേശങ്ങൾക്ക് പൊതുവെ സ്വീകാര്യത ലഭിച്ചതായി ത്രികക്ഷി ചർച്ചകളിൽ തെളിഞ്ഞു. ഇ.പി.എഫ്, എൻ. പി. എസ്. എന്നിവയിൽ തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം തൊഴിലാളികൾ സ്വാഗതം ചെയ്യും എന്നാണ് സൂചന. എന്നാൽ ഇ.പി. എ ഫ് സംഘടന വാഗ്ദാനം ചെയ്യുന്ന ആനുകൂല്യങ്ങൾ നൽകാൻ പെൻഷൻ പദ്ധതിക്കു കഴിയില്ലെന്നും അതിനാൽ അവ തമ്മിൽ തുലനം ചെയ്യാൻ പദ്ധതിക്കു കഴിയില്ലെന്നും ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ട്. ഇന്ത്യൻ വ്യവസായ മേഖലയുടെ മത്സര ക്ഷമത കൂട്ടാനും ഇന്ത്യയെ കേന്ദ്രമായി മാറ്റാനും ഭേദഗതികൾ സഹായിക്കുമെന്ന് പറയപ്പെടുന്നു. ചെറുകിട വ്യവസായങ്ങൾക്കുള്ള പ്രോത്സാഹനം ഇനിയും വർദ്ധിപ്പിക്കണമെന്ന ആവശ്യം ഉയർന്നിട്ടുണ്ട്. സംഭാഷണ പ്രക്രിയ തുടരുമെന്ന് പറഞ്ഞ ഗവൺമെന്റ് ഏവരുടെയും ആശങ്കകൾ കണക്കിലെടുത്ത് മാത്രമേ നിയമ ഭേദങ്ങൾക്ക് അന്തിമ രൂപം നൽകൂ എന്ന് ഗവൺമെന്റ് ഉറപ്പ് നൽകിയിട്ടുണ്ട്.

**(പത്ര പ്രവർത്തകനും ന്യൂഡൽഹിയിലെ ജേർണലിസം ഇൻസ്റ്റിറ്റ്യൂട്ടിൽ അധ്യാപകനുമാണ് ലേഖകൻ)**

# ബാലാവകാശ നിയമങ്ങളുടെ അടിസ്ഥാന ശിലകൾ

- അഡ്വ. നസീർ ചാലിയം



നിയമത്തിന് മുന്നിൽ തുല്യതയും തുല്യ നിയമ സംരക്ഷണവും ഇന്ത്യൻ ഭരണഘടന ഉയർത്തിപ്പിടിക്കുന്ന അടിസ്ഥാന തത്വങ്ങളിലൊന്നാണ്. ഭരണഘടനയിലെ 14, 15 അനുച്ഛേദം ഇക്കാര്യം അർത്ഥശങ്കയ്ക്കിടയില്ലാതെ പ്രഖ്യാപിക്കുന്നു. എന്നാൽ സ്ത്രീകളുടേയും കുട്ടികളുടേയും കാര്യത്തിൽ പ്രത്യേക നിയമ നിർമ്മാണത്തിന് ഭരണഘടനയുടെ 15(3), 39 അനുച്ഛേദങ്ങൾ രാഷ്ട്രത്തിന് അനുമതി നൽകുന്നു. ഈ അനുച്ഛേദങ്ങളുടെ വെളിച്ചത്തിൽ നിരവധി നിയമങ്ങൾ സ്ത്രീകൾക്കും കുട്ടികൾക്കുമായി നമ്മുടെ രാജ്യം പാസ്സാക്കിയിട്ടുണ്ട്. കൂടാതെ കുട്ടികൾക്കായുള്ള അന്താരാഷ്ട്ര കൺവൻഷന്റെ തത്വങ്ങൾക്ക് നമ്മുടെ രാജ്യം അതർഹിക്കുന്ന പ്രാധാന്യം നൽകുകയുണ്ടായി. ക്രൂരതയിൽ നിന്നും അവഗണനയിൽ നിന്നും ചൂഷണത്തിൽ നിന്നും കുട്ടികളെ സംരക്ഷിക്കുക എന്ന മുദ്രാവാക്യമുയർത്തിപ്പിടിച്ച ഇന്ത്യ 1974-ൽ ദേശീയ ശിശു നയത്തിന് രൂപം നൽകി. ചൂഷണം ചെയ്യപ്പെടാത്ത കുട്ടികളാൽ സമൃദ്ധമായ രാഷ്ട്രമാണ് നമ്മുടെ രാഷ്ട്രശിൽപ്പികൾ ഇതുവഴി അർത്ഥമാക്കിയത്. ബാലവേല നിരോധനം സംബന്ധിച്ച 1997 ലെ ഓസ്‌ലോ കൺവൻഷന്റെയും കുട്ടികൾക്കെതിരായ ലൈംഗിക ചൂഷണം തടയുന്നതിനായുള്ള 1996 - ലെ സ്റ്റോക് ഹോം സമ്മേളനത്തിന്റെയും 2001 - ലെ യോകഹോമ കൺവൻഷന്റെയും തീരുമാനങ്ങൾ നമ്മുടെ രാജ്യം അംഗീകരിക്കുകയുണ്ടായി. കുട്ടികളുടെ അവകാശ സംരക്ഷണ മേഖലയിലെ ഏറ്റവും പരമപ്രധാന രേഖയായി മാറിയ 1989 - ലെ ബാലാവകാശ ഉടമ്പടി 1992 - ൽ ഇന്ത്യ അംഗീകരിക്കുകയുണ്ടായി.

1989 - ലെ ബാലാവകാശ ഉടമ്പടി ഇന്ത്യ

അംഗീകരിച്ചതോടെ രാജ്യത്തെ കുട്ടികളെ സംബന്ധിച്ച മുഴുവൻ നിയമ നിർമ്മാണങ്ങളും പ്രസ്തുത ഉടമ്പടിയിലെ വ്യവസ്ഥകളോട് കീഴ്പ്പെട്ടായിരുന്നു ഇന്ത്യയിൽ പാസ്സാക്കിയത്. കുറ്റകൃത്യമാരോപിക്കപ്പെടുന്ന കുട്ടികളുടെ വിചാരണ നടപടികളും അവഗണിക്കപ്പെട്ട കുട്ടികളുടെ സംരക്ഷണവും ഉറപ്പ് വരുത്തുന്ന 1986 - ലെ ജുവനൈൽ ജസ്റ്റിസ് നിയമം അന്താരാഷ്ട്ര ബാലാവകാശ ഉടമ്പടിക്കനുസൃത മായി പരിഷ്കരിക്കുകയുണ്ടായി. പ്രസ്തുത ഉടമ്പടിയിലെ വ്യവസ്ഥകൾ പ്രകാരം 2000 - ലെ ബാലനീതി (ശ്രദ്ധയും പരിരക്ഷയും) നിയമം ഇന്ത്യ പാസ്സാക്കുകയും 01.04.2001 മുതൽ പ്രാബല്യത്തിൽ കൊണ്ടു വരികയുമുണ്ടായി. പ്രസ്തുത നിയമത്തിലെ 2(സി) വകുപ്പ് പ്രകാരം 18 വയസ്സ് പൂർത്തിയാകാത്ത മുഴുവൻ വ്യക്തികളെയും 'കുട്ടി' എന്ന നിർവ്വചനത്തിൽ ഉൾപ്പെടുത്തി കുട്ടികൾ ഉൾപ്പെടുന്ന കുറ്റകൃ ത്യങ്ങളുടെ വിചാരണയ്ക്കായി പ്രിൻസിപ്പൽ മജിസ്ട്രേറ്റും രണ്ട് സാമൂഹ്യപ്രവർത്തകരും ഉൾപ്പെടുന്ന ജുവനൈൽ ജസ്റ്റിസ് ബോർഡ് രൂപീകരിക്കപ്പെട്ടു. 2000 - ലെ ബാലനീതി നിയമപ്രകാരം കുട്ടികൾ ഉൾപ്പെടുന്ന എത്ര ഗൗരവമായ കുറ്റകൃത്യമായാലും ജുവനൈൽ ജസ്റ്റിസ് ബോർഡ് മുമ്പാകെ മാത്രമേ വിചാരണ ചെയ്യാവൂ എന്ന് നിയമം അനുശാസിക്കുന്നു. കുട്ടിയാണെന്ന വാദം ഏതവസരത്തിലും കോടതി മുമ്പാകെ ഉന്നയിക്കാനുള്ള അവകാശം കുട്ടിക ൾക്ക് നൽകുന്ന 7A വകുപ്പ് ബാലനീതി നിയമത്തിൽ 2006 - ൽ ഭേദഗതിയോടെ ഉൾപ്പെടുത്തുകയുണ്ടായി. മറ്റു കോടതികളാൽ ശിക്ഷിക്കപ്പെട്ട കുട്ടികൾക്ക് സുപ്രീം കോടതി മുമ്പാകെയുള്ള പ്രത്യേകാനുമതി ഹർജിയിൽ പോലും കുട്ടിയാണെന്ന വാദം ഉന്നയിക്കാമെന്നും ആ കാര്യം കോടതി പരിഗണിക്കണമെന്നും നിയമം എടുത്തു പറയുന്നു.

കുട്ടികളുടെ കാര്യത്തിൽ ബാലനീതി നിയമത്തിലെ വ്യവസ്ഥകൾക്ക് മറ്റു നിയമങ്ങൾ ക്കുമേൽ അധീശത്വം കൽപ്പിക്കുന്ന 1 (4) വകുപ്പ് 2006 - ലെ ഭേദഗതിയിലാണ് ഉൾപ്പെടുത്തിയത്.



കരുതൽ തടങ്കൽ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം കുട്ടികളെ അറസ്റ്റ് ചെയ്യരുതെന്ന് നേരത്തേ മദ്രാസ് ഹൈക്കോടതി വിധി പ്രസ്താവിച്ചിട്ടുണ്ട്. ഏത് പ്രത്യേക നിയമങ്ങൾ പ്രകാരമാണ് കുട്ടികളെ വിചാരണ ചെയ്യുന്ന തെങ്കിലും ബാലനീതി നിയമത്തിലെ വ്യവസ്ഥകൾ പാലിക്കണമെന്ന് മേൽ വകുപ്പ് വ്യവസ്ഥ ചെയ്യു ന്നു. കുട്ടികളെ കൈവിലങ്ങ് അണിയിക്കുന്നതും ജയിലിലോ പോലീസ് ലോക്കപ്പിലോ പാർപ്പി ക്കുന്നതും ബാലനീതി നിയമത്തിലെ 10-ാം വകുപ്പ് വിലക്കിയിട്ടുണ്ട്. കുട്ടികൾക്ക് വധശിക്ഷ വിലക്കിയ അന്താരാഷ്ട്ര ചൈൽഡ് റൈറ്റ്സ് കൺവൻഷന്റെ വ്യവസ്ഥ 16-ാം വകുപ്പിലൂടെ ബാലനീതി നിയമത്തിൽ ഉൾപ്പെടുത്തുകയു ണ്ടായി.

അന്താരാഷ്ട്ര ബാലാവകാശ ഉടമ്പടിയുടെ ചുവട് പിടിച്ചാണ് 2005 - ൽ ബാലാവകാശ സംരക്ഷണ നിയമം ഇന്ത്യയിൽ പാസ്സാക്കിയത്. കുട്ടികൾക്കെതിരായ ബാലാവകാശ ലംഘന ത്തിൽ അന്വേഷണ വിചാരണ നടത്തുക എന്ന താണ് കമ്മീഷന്റെ പ്രധാന ചുമതല. ബാലാവ കാശ സംരക്ഷണ കമ്മീഷൻ നിയമത്തിലെ 13-ാം വകുപ്പിലാണ് കമ്മീഷന്റെ അധികാരങ്ങളും ചുമതലകളും വിവരിച്ചിട്ടുള്ളത്. പ്രധാനമായും താഴെവിവരിച്ചിട്ടുള്ള അധികാരങ്ങളാണ് ബാലാവ കാശ സംരക്ഷണ കമ്മീഷനുള്ളത്.

- ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിന് വേണ്ടി തൽസമയം പ്രാബല്യത്തിലിരിക്കുന്ന

ഏതെങ്കിലും നിയമത്തിലോ അതിന്റെ കീഴിലോ വ്യവസ്ഥ ചെയ്തിട്ടുള്ള സുരക്ഷാ സംവിധാനങ്ങൾ പരിശോധിക്കുകയും അവ ഫലപ്രദമായി നടപ്പിലാക്കുന്നതിനാവശ്യമായ ശുപാർശ നൽകുകയും ചെയ്യുക.

- കുട്ടികളുമായി ബന്ധപ്പെട്ട സുരക്ഷാ സംവിധാനങ്ങൾ സംബന്ധിച്ച റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുക.
- ബാലാവകാശ ലംഘനത്തിന്റെ അന്വേഷണ വിചാരണ നടത്തി നടപടികൾ ശുപാർശ ചെയ്യുക.
- ഭീകര പ്രവർത്തനം, വർഗ്ഗീയ കലാപം, ലഹള, പ്രകൃതി ദുരന്തം, എച്ച്.ഐ.വി./എയ്ഡ്സ്, അവിഹിത വാണിജ്യം, പീഡനം, അശ്ലീല സാഹിത്യം, വ്യഭിചാരം എന്നിവയാൽ ബാധിക്കപ്പെട്ട കുട്ടികളുടെ അവകാശങ്ങൾ നിഷേധിക്കപ്പെടുന്ന സാഹചര്യങ്ങൾ പരിശോധിച്ച് പരിഹാരം നിർദ്ദേശിക്കുക.
- ശാരീരികവും മാനസികവുമായി ദുരിതമനുഭവിക്കുന്ന കുട്ടികളും കുടുംബമില്ലാതെ പാർശ്വവത്കരിക്കപ്പെട്ടുപോയവരും നിയമ നിഷേധികളും തടവുകാരുടെ കുട്ടികളും ഉൾപ്പെടെ പ്രത്യേക ശ്രദ്ധയും പരിരക്ഷയും ആവശ്യമുള്ള കുട്ടികളെ സംബന്ധിച്ച സംഗതികൾ കണക്കിലെടുക്കുകയും ഉചിതമായ പരിഹാര മാർഗ്ഗങ്ങൾ ശുപാർശ ചെയ്യുകയും ചെയ്യുക.
- സമാധാന ഉടമ്പടികളും മറ്റ് അന്താരാഷ്ട്ര രേഖകളും പഠിക്കുകയും ബാലാവകാശങ്ങൾ സംബന്ധിച്ച് ഉചിതമായ നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ചെയ്യുക.
- ബാലാവകാശ മേഖലകളിൽ ഗവേഷണം നടത്തുക.
- ബാലാവകാശ സാക്ഷരത പ്രചരിപ്പിക്കുക.
- ബാലാവകാശങ്ങൾ നിഷേധിക്കലും ലംഘനവും സംബന്ധിച്ച അന്വേഷണ വിചാരണ നടത്തി പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക.

കമ്മീഷനിൽ നിക്ഷിപ്തമായ അധികാരങ്ങൾ നിർവ്വഹിക്കുമ്പോഴും ബാലാവകാശ ലംഘനങ്ങൾ അന്വേഷണ വിചാരണ നടത്തുമ്പോഴും ഒരു സിവിൽ കോടതിക്കുള്ള എല്ലാ അധികാരങ്ങളും കമ്മീഷനുണ്ടായിരിക്കുമെന്ന് ബാലാവകാശ സംരക്ഷണ കമ്മീഷൻ നിയമം 14-ാം വകുപ്പ് അനുശാസിക്കുന്നു. സാക്ഷികളെ വിളിച്ചു വരുത്തുക, സർക്കാർ ഓഫീസിൽ നിന്നോ കോടതിയിൽ നിന്നോ രേഖകൾ ആവശ്യപ്പെടുക, സത്യവാങ്മൂലത്തിന്മേൽ തെളിവെടുക്കുക എന്നിവ കമ്മീഷന്റെ അധികാരത്തിൽപ്പെടുന്നു. കൂടാതെ ഏതൊരു കേസും മജിസ്ട്രേറ്റിന് വിചാരണയ്ക്കായി അയച്ചു കൊടുക്കാൻ കമ്മീഷന് അധികാരമുണ്ട്. അപ്രകാരം കമ്മീഷൻ ഒരു കേസ് മജിസ്ട്രേറ്റിന് അയച്ചു നൽകിയാൽ ക്രിമിനൽ നടപടി നിയമം 346-ാം വകുപ്പ് പ്രകാരമുള്ള കേസ് വിചാരണ പോലെ മജിസ്ട്രേറ്റ് പ്രസ്തുത കേസ് വിചാരണ ചെയ്യേണ്ടതാണ്.

ബാലാവകാശ സംരക്ഷണ കമ്മീഷൻ നിയമത്തിന് പുറമെ 2012 - ലെ കുട്ടികൾക്കെതിരായ ലൈംഗികാതിക്രമ നിയമത്തിലെ 44-ാം വകുപ്പ് പ്രകാരം പ്രസ്തുത നിയമങ്ങൾ നടപ്പാക്കുന്നത് നിരീക്ഷിക്കാനുള്ള അധികാരവും കമ്മീഷനിൽ നിക്ഷിപ്തമാണ്. കൂടാതെ, 2009 - ലെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ നിയമത്തിലെ 31-ാം വകുപ്പ് പ്രകാരം വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ നടത്തിപ്പ് നിരീക്ഷിക്കാനുള്ള അധികാരവും കമ്മീഷനാണ്.

കേന്ദ്ര സംസ്ഥാനതലങ്ങളിൽ പ്രവർത്തിക്കുന്ന ബാലാവകാശ സംരക്ഷണ കമ്മീഷനുകൾ കുട്ടികളുടെ അവകാശ സംരക്ഷണം ഉറപ്പു വരുത്താൻ സജീവമായ ഇടപെടലുകൾ നടത്തി വരുന്നു. കുട്ടികൾക്കനുയോജ്യമായ ഒരു ലോകം സൃഷ്ടിക്കുക എന്നതാണ് കമ്മീഷനുകളുടെ പ്രവർത്തന ലക്ഷ്യം.

**സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ അംഗമാണ് ലേഖകൻ**

# ഭാരത സർക്കാരും പഞ്ചായത്തീരാജ് സ്ഥാപനങ്ങളും: ഒരു ധനകാര്യ വിശകലനം

ഡോ. സി. പ്രദീപ്

**ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനത്തിനായി അറുപതു ശതമാനത്തിലധികം ഫണ്ട് ലഭ്യമാക്കുന്നത് കേന്ദ്ര സർക്കാരാണ്. സംസ്ഥാന സർക്കാരുകളുടെ വിഹിതം വർദ്ധിപ്പിച്ചതിലൂടെ കേന്ദ്ര സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പല പദ്ധതികളും ഭാഗികമായോ പൂർണ്ണമായോ ഇല്ലാതാകുകയാണ്.**

**ഇ**ന്ത്യയിലെ പഞ്ചായത്തീരാജ് സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്കാവശ്യമായ വിഭവങ്ങൾ ലഭ്യമാക്കേണ്ടതിന്റെ ചുമതല 73,74 ഭരണഘടനാ ഭേദഗതികളിലൂടെ കേന്ദ്രസർക്കാരിന്റെയും, സംസ്ഥാന സർക്കാരുകളുടെയും സംയുക്ത ഉത്തരവാദിത്തമായി മാറി. കേന്ദ്രാവിഷ്കൃത പദ്ധതികൾ, ഗ്രാന്റുകൾ, കേന്ദ്ര ധനകാര്യ കമ്മീഷൻ വിഹിതം ഇവയിലൂടെ കേന്ദ്ര സർക്കാർ തദ്ദേശ സ്വയംഭരണ സർക്കാരുകളെ സഹായിച്ചു വരുന്നു. ഇപ്പോഴത്തെ പഞ്ചായത്തീരാജ് സ്ഥാപനങ്ങൾ നിലവിൽ വന്നിട്ട് രണ്ടുപതിറ്റാണ്ടിലധികമായി. തദ്ദേശ സ്വയംഭരണ സർക്കാരുകളിൽ ഏറ്റവും പ്രധാനപ്പെട്ടതായ ഗ്രാമപഞ്ചായത്തുകളുടെ ധനകാര്യ സ്ഥിതി, കേന്ദ്ര സർക്കാർ സഹായത്തിന്റെ അനുപാതം, വിവിധ സംസ്ഥാനങ്ങളിലെ ഗ്രാമപഞ്ചായത്തുകൾക്ക് നല്കിയ ധനസഹായം, പതിനാലാം ധനകാര്യ കമ്മീഷൻ റിപ്പോർട്ട്, 2015 – 16 കേന്ദ്ര ബജറ്റ് എന്നിവയുടെ സഹായത്തോടെ കേന്ദ്ര – തദ്ദേശ സ്വയംഭരണ സർക്കാരുകളുടെ ധനകാര്യ ബന്ധങ്ങളെ കുറിച്ച് പരിശോധിക്കുകയാണ് ലേഖകൻ.

### ഗ്രാമപഞ്ചായത്ത് ധനകാര്യസ്ഥിതി

പതിനാലാം ധനകാര്യ കമ്മീഷന്റെ നേതൃത്വത്തിൽ സെന്റർ ഫോർ പോളിസി റിസർച്ച് നടത്തിയ പഠനത്തിൽ 2009 – 10 മുതൽ 2012 – 13 വരെയുള്ള കാലഘട്ടത്തിൽ ഒരു ഗ്രാമപഞ്ചായത്തിന്റെ ആളോഹരി വരുമാനം 619.8 രൂപയാണ്. ഇതിൽ 58.8 രൂപ (9.48 ശതമാനം) തനതു വരുമാനവും, 377.75 രൂപ (60.96 ശതമാനം) കേന്ദ്ര സർക്കാർ വിഹിതവും, 52.15 രൂപ (8.4 ശതമാനം) കേന്ദ്രധനകാര്യ കമ്മീഷൻ വിഹിതവും, 116.1 രൂപ (18.7 ശതമാനം) സംസ്ഥാന സർക്കാർ വിഹിതവും, 15 രൂപ (2.42 ശതമാനം) മറ്റ് വരുമാനങ്ങളുമാണ്. ദേശീയതലത്തിൽ നോക്കിയാൽ ഗ്രാമപഞ്ചായത്തുകളുടെ പ്രധാന വരുമാന മാർഗ്ഗം കേന്ദ്ര സർക്കാരിൽ നിന്നും വിവിധ ഇനങ്ങളിലായി ലഭിക്കുന്ന വിഹിതങ്ങളാണ്. ഗ്രാമപഞ്ചായത്തുകളുടെ തനതു വരുമാനം 9.48 ശതമാനം മാത്രമാണ്.

### കേന്ദ്ര ധനകാര്യ കമ്മീഷനുകൾ

പഞ്ചായത്തീരാജ് ഭരണഘടനാ ഭേദഗതികളും കേന്ദ്രധനകാര്യ കമ്മീഷന്റെ പരിഗണനാ വിഷയങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ കൂടി ഉൾപ്പെടുത്തിയതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചരിത്രത്തിലെ നാഴികക്കല്ലുകളാണ്. ഇപ്പോഴുള്ള പഞ്ചായത്തീരാജ് സംവിധാനം നിലവിൽ വന്നതിനുശേഷം

പട്ടിക - ഒന്ന്

തദ്ദേശ സ്വയംഭരണസർക്കാരുകൾക്കുള്ള കേന്ദ്ര സർക്കാർ ആളോഹരി സഹായം

| സംസ്ഥാനം | 2009-10 | 2010-11 | 2011-12 | 2012-13 |
|---|---|---|---|---|
| ആന്ധ്രാപ്രദേശ് | 417.5 | 486.6 | 401.3 | 344.9 |
| ആസാം | 453.0 | 417.0 | 400.9 | 424.3 |
| ഛത്തീസ്ഗഢ് | 84.8 | 126.1 | 152.3 | 195.7 |
| ഗോവ | 37.8 | 99.5 | 62.8 | 28.2 |
| ഗുജറാത്ത് | 58.2 | 88.6 | 92.2 | 94.2 |
| ഹരിയാന | 17 | 31 | 50 | 55 |
| ഹിമാചൽപ്രദേശ് | 1136.4 | 1385.6 | 1259.1 | 1501.2 |
| ജമ്മു-കാശ്മീർ | 213.3 | 293.8 | 764.8 | 1099.2 |
| കർണാടക | 726.9 | 621.4 | 435.8 | 504.6 |
| കേരളം | 151.8 | 218.7 | 321.9 | 454.7 |
| മധ്യപ്രദേശ് | 100 | 78 | 96 | 106 |
| മഹാരാഷ്ട്ര | 132.5 | 179.7 | 186.8 | 178.3 |
| മണിപ്പൂർ | 656.5 | 897.5 | 1611.1 | 1424.4 |
| നാഗാലാൻഡ് | 3761 | 3435 | 4297 | 2971 |
| ഒറീസ്സ | 231.6 | 311.3 | 333.6 | 366.2 |
| പഞ്ചാബ് | 114 | 111 | 78 | 69 |
| രാജസ്ഥാൻ | 1255.8 | 1034.7 | 981.8 | 1045.2 |
| സിക്കിം | 641.9 | 868.7 | 1721.1 | 540.9 |
| തമിഴ്നാട് | 605.8 | 811.2 | 1010.4 | 1220.3 |
| തെലുങ്കാന | 703.9 | 900.3 | 480.1 | 576.6 |
| ത്രിപുര | 2120.9 | 2065.5 | 2944.0 | 3084.9 |
| ഉത്തർപ്രദേശ് | 366.7 | 84.7 | 332.7 | 231.2 |
| ഉത്തരാഖണ്ഡ് | 136.9 | 130.3 | 142.5 | 224.6 |
| പശ്ചിമ ബംഗാൾ | 399.6 | 370.7 | 413.6 | 502.8 |

സ്രോതസ്:പതിനാലാം ധനകാര്യകമ്മീഷന്റെ പഠന റിപ്പോർട്ട്

പത്ത്, പതിനൊന്ന്, പന്ത്രണ്ട്, പതിമൂന്ന്, പതിനാല് എന്നീ അഞ്ച് ധനകാര്യ കമ്മീഷനുകളാണ് റിപ്പോർട്ടുകൾ സമർപ്പിച്ചത്.

രാഷ്ട്രപതി ആവശ്യപ്പെടാതെ തന്നെ പത്താം ധനകാര്യ കമ്മീഷൻ 1995-2000 വർഷത്തേയ്ക്ക് 1971-ലെ ജനസംഖ്യയുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകൾക്കായി പ്രതിശീർഷസഹായമായി 100 രൂപ വീതം നല്കാൻ നിർദ്ദേശിച്ചു. ഇതിനുപുറമെ നഗരങ്ങൾക്കായി 1000 കോടിയും നൽകാൻ നിർദ്ദേശിച്ചു. ആകെ 6380 കോടി രൂപയാണ് പത്താം ധനകാര്യകമ്മീഷൻ പഞ്ചായത്തീരാജ് സ്ഥാപനങ്ങൾക്ക് നൽകാൻ നിർദ്ദേശിച്ചതെങ്കിൽ, പതിനൊന്നാം ധനകാര്യ കമ്മീഷൻ 2000-2005 കാലഘട്ടത്തിലേക്കായി ഇത് 8000 കോടി രൂപയായി വർദ്ധിപ്പിച്ചു. നഗരപ്രദേശങ്ങൾക്കായി 2000 കോടി രൂപയും നിർദ്ദേശിച്ചു. 12-ാം ധനകാര്യകമ്മീഷൻ ഇന്ത്യയിലെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് 25000 കോടി രൂപ (20000 കോടി ഗ്രാമപഞ്ചായത്തുകൾക്കും, 5000

കോടി നഗരസഭകൾക്കും) യാണ് നിർദ്ദേശിച്ചത്. 2010-15 വർഷത്തേക്ക് 13-ാം ധനകാര്യകമ്മീഷൻ ആകെ അനുവദിച്ച ധനസഹായത്തിൽ 63,051 കോടി രൂപ ഗ്രാമപഞ്ചായത്തുകൾക്കും 23,111 കോടി രൂപ നഗരപ്രദേശങ്ങൾക്കും 1357 കോടി രൂപ പ്രത്യേക പ്രദേശങ്ങൾക്കുമായാണ് വകയിരിത്തിയിരുന്നത്.

**പതിനാലാം ധനകാര്യകമ്മീഷൻ**

പതിനാലാം ധനകാര്യകമ്മീഷൻ 2.5ലക്ഷം വരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 2,87,436 കോടി രൂപയാണ് (പഞ്ചായത്തുകൾക്ക് 2,00,292 കോടി രൂപയും നഗരസഭകൾക്ക് 87,143 കോടി രൂപയും) 2015-2020 കാലഘട്ടത്തേക്ക് നിർദ്ദേശിച്ചിരിക്കുന്നത്. പതിനാലാം ധനകാര്യ കമ്മീഷൻ ധനസഹായം നിർദ്ദേശിച്ചിരിക്കുന്നത് രണ്ട് വിഭാഗങ്ങളിലായാണ്. അടിസ്ഥാന ഗ്രാന്റായും, പ്രവർത്തന മികവിനായും. അടിസ്ഥാന ഗ്രാന്റായി ഗ്രാമപഞ്ചായത്തുകൾക്ക് 1,80,262.98 കോടിയും നഗരസഭകൾക്ക് 69,715.04 കോടി രൂപയും വകയിരിത്തിയിരിക്കുന്നു. പ്രവർത്തന മികവിനായി ഗ്രാമപഞ്ചായത്തുകൾക്ക് 20,029.22 കോടി രൂപയും നഗരസഭകൾക്ക് 17428.76 കോടി രൂപയും പതിനാലാം ധനകാര്യകമ്മീഷൻ നിർദ്ദേശിക്കുന്നു.

**വിഹിത മാനദണ്ഡങ്ങൾ**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള വിഹിതം തീരുമാനിക്കുന്നതിന് മുൻ കമ്മീഷൻ മാനദണ്ഡങ്ങളിൽ നിന്നും വ്യത്യസ്ത വെയിറ്റേജുകളാണ് പതിനാലാം ധനകാര്യ കമ്മീഷൻ നല്കിയിരിക്കുന്നത്. പതിമൂന്നാം ധനകാര്യ കമ്മീഷൻ ജനസംഖ്യക്ക് 50 ശതമാനവും, ഏരിയയ്ക്ക് 10 ശതമാനവും, ഉയർന്ന വരുമാനത്തിൽ നിന്നുള്ള വ്യത്യാസത്തിന് 10 ശതമാനവും വികേന്ദ്രീകരണത്തിന് 15 ശതമാനവും, ധനകാര്യ കമ്മീഷൻ ലഭ്യമാക്കിയ ഫണ്ടിന്റെ വിനിയോഗത്തിന് 5 ശതമാനവുമാണ് വെയ്റ്റേജ് നല്കിയിരുന്നത്. എന്നാൽ പതിനാലാം ധനകാര്യകമ്മീഷൻ 2011 ലെ ജനസംഖ്യക്ക് 90 ശതമാനവും ഭൂവിസ്തൃതിയ്ക്ക് 10 ശതമാനവുമാണ് വിഹിത നിശ്ചയത്തിനായി നല്കിയിരിക്കുന്ന വെയിറ്റേജുകൾ. ധനകാര്യകമ്മിഷന് നല്കിയിരുന്ന നിർദ്ദേശത്തിൽ 1971-ലെ ജനസംഖ്യയെ അടിസ്ഥാനമാക്കിയാകണം വിഹിതം നിശ്ചയിക്കേണ്ടതെന്ന് പറഞ്ഞിരുന്നതെങ്കിലും കമ്മിഷൻ 2011 ജനസംഖ്യയെ അടിസ്ഥാനമാക്കിയാണ് വിഹിതം നിശ്ചയിച്ചത്. ഇത് കമ്മീഷന് നല്കിയിരുന്ന ടേം ഓഫ് റഫറൻസിന് (TOR) വിരുദ്ധമാണ്. അതുകൊണ്ട് തന്നെ ജനസംഖ്യാനയം ഫലപ്രദമായി നടപ്പിലാക്കിയ കേരളം, ആന്ധ്രാപ്രദേശ്, ഗോവ തുടങ്ങിയ സംസ്ഥാനങ്ങളുടെവിഹിതം കുറയുന്നതിന് കാരണമായി. വികേന്ദ്രീകരണമോ ഗ്രാമപഞ്ചായത്തുകളുടെ ഉത്തരവാദിത്തങ്ങളോ പരിഗണിക്കാതെയാണ് ഗ്രാമപഞ്ചായത്തുകളുടെ സഹായ അനുപാതം തീരുമാനിച്ചത്. ധനകാര്യ കമ്മീഷൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശാക്തീകരിക്കുന്നതിന് സഹായകരമായ നിലപാടുകളാണ് എടുക്കേണ്ടിയിരുന്നത്.

**കേന്ദ്ര ബജറ്റും ധനകാര്യ കമ്മീഷൻ നിർദ്ദേശങ്ങളും**

14-ാം ധനകാര്യ കമ്മീഷൻ നിർദ്ദേശങ്ങളെ കേന്ദ്ര സർക്കാർ അംഗീകരിക്കുകയും അതിനാവശ്യമായ നടപടികൾ 2015-16 കേന്ദ്ര ബജറ്റിൽ കൈകൊള്ളുകയും ചെയ്തു.14-ാം ധനകാര്യ കമ്മീഷൻ കേന്ദ്ര നികുതി വിഹിതമായ 42 ശതമാനം തുകയാണ് സംസ്ഥാന സർക്കാരുകൾക്ക് നല്കാനായി നിർദ്ദേശിച്ചത്. 13-ാം ധനകാര്യ കമ്മീഷൻ നിർദ്ദേശം 32 ശതമാനമായിരുന്നു.കേന്ദ്രം 2015 -16 ബജറ്റിൽ നല്കിയത് 8,42,963 കോടി, അതായത്, 2014-15 വർഷത്തേക്കാൾ 23 ശതമാനം തുകയാണ് സംസ്ഥാനങ്ങൾക്ക് അധികമായി നല്കിയത്. ഉയർന്ന വിഹിതം നൽകിയപ്പോൾ ഗ്രാമപഞ്ചായത്തുകൾ മുഖാന്തിരവും ഗ്രാമവികസന വകുപ്പ് മുഖേനയും നടപ്പിലാക്കികൊണ്ടിരുന്ന പല പദ്ധതികളും നിർത്തലാക്കി . 2014-15-ൽ ഗ്രാമവികസന വകുപ്പിന് 83.852 കോടി രൂപയായിരുന്ന ബജറ്റ് വിഹിതം 2015-16-ൽ 79,536 കോടി രൂപയായി കുറഞ്ഞു. പഞ്ചായത്തീരാജ് മന്ത്രാലയത്തിന്റെ ബജറ്റ് വിഹിതം 3401 കോടി രൂപയിൽ നിന്നും 2015-16 ബജിറ്റിൽ 95 കോടിയായാണ് കുറ

പട്ടിക-2

പതിനാലാം ധനകാര്യകമ്മീഷന്റെ വിവിധ സംസ്ഥാനങ്ങൾക്കുള്ള വിഹിതം (രൂപ കോടി)

| സംസ്ഥാനം | ബേസിക്ഗ്രാന്റ് | പ്രവർത്തന മികവ്ഗ്രന്റ് | ആകെ |
|---|---|---|---|
| ആന്ധ്രാപ്രദേശ് | 7,788.68 | 865.41 | 8654.09 |
| അരുണാചൽപ്രദേശ് | 737.93 | 81.99 | 819.92 |
| ആസാം | 4874.92 | 541.66 | 5416.58 |
| ബീഹാർ | 18916.05 | 2101.78 | 21017.83 |
| ഛത്തീസ്ഗഡ് | 4719.72 | 524.41 | 5244.13 |
| ഗോവ | 120.39 | 13.38 | 133.77 |
| ഗുജറാത്ത് | 7771.26 | 863.47 | 8634.73 |
| ഹരിയാന | 3495.17 | 388.35 | 3883.52 |
| ഹിമാചൽപ്രദേശ് | 1628.82 | 180.98 | 1809.8 |
| ജമ്മു-കാശ്മീർ | 3117.36 | 346.37 | 3463.73 |
| ജാർഖണ്ഡ് | 5442.07 | 604.67 | 6046.74 |
| കർണാടക | 8359.79 | 928.87 | 9288.66 |
| കേരളം | 3615.85 | 401.76 | 4017.61 |
| മധ്യപ്രദേശ് | 12200.72 | 1355.64 | 13556.36 |
| മഹാരാഷ്ട്ര | 13532.11 | 1503.57 | 15035.68 |
| മണിപ്പൂർ | 185.44 | 20.60 | 206.04 |
| മേഘാലയ | 0.00 | 0 | 0.0 |
| മിസോറം | 0.00 | 0 | 0.0 |
| നാഗാലാൻഡ് | 0.00 | 0 | 0.0 |
| ഒറീസ്സ | 7965.28 | 885.03 | 8850.31 |
| പഞ്ചാബ് | 3682.02 | 409.11 | 4091.13 |
| രാജസ്ഥാൻ | 12270.27 | 1363.36 | 13633.63 |
| സിക്കിം | 133.64 | 14.85 | 148.49 |
| തമിഴ്നാട് | 7899.69 | 877.74 | 8777.43 |
| തെലുങ്കാന | 4837.75 | 537.53 | 5375.28 |
| ത്രിപുര | 302.11 | 33.57 | 335.68 |
| ഉത്തർപ്രദേശ് | 32198.90 | 3577.66 | 35776.56 |
| ഉത്തരാഖണ്ഡ് | 1694.42 | 188.27 | 1882.69 |
| പശ്ചിമ ബംഗാൾ | 12772.60 | 1419.18 | 4191.78 |
| **ആകെ** | **180262.98** | **20029.22** | **200292.2** |

സ്രോതസ്: പതിനാലാം ധനകാര്യ കമ്മീഷൻ റിപ്പോർട്ട്

ഞ്ഞത്. ചുരുക്കത്തിൽ 2015-16 ബജറ്റിൽ പഞ്ചായത്ത് രാജ് മന്ത്രാലയം മുഖേനയും, ഗ്രാമ വകുപ്പ് മുഖേനയും മറ്റ് വകുപ്പുകൾ മുഖേനയും ഗ്രാമ പ്രദേശങ്ങളിൽ നടപ്പിലാക്കി കൊണ്ടിരുന്ന പല പദ്ധതികളും ഇല്ലാതാകുകയോ, ബജറ്റ് വിഹിതം കുറയുകയോ ചെയ്തിട്ടുണ്ട്. ഇത് ഗ്രാമീണരുടെ വികസനത്തെ ദോഷകരമായി ബാധിച്ചേക്കും.

കേന്ദ്ര സർക്കാരിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ധനകാര്യ ബന്ധങ്ങളിൽ വലിയൊരു മാറ്റമാണ് പതിനാലാം ധനകാര്യ കമ്മീഷൻ റിപ്പോർട്ടിലും 2015-16 കേന്ദ്ര ബജറ്റിലും കാണുന്നത്. ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനത്തിനായി അറുപതു ശതമാനത്തിലധികം ഫണ്ട് ലഭ്യമാക്കുന്നത് കേന്ദ്ര സർക്കാറാണ്. സംസ്ഥാന സർക്കാരുകളുടെ വിഹിതം വർദ്ധിപ്പിച്ചതിലൂടെ കേന്ദ്ര സർക്കാർ നടപ്പിലാക്കി കൊണ്ടിരിക്കുന്ന പല പദ്ധതികളും ഭാഗികമായോ പൂർണ്ണമായോ ഇല്ലാതാകുകയാണ്. ഈ കുറവ് പരിഹരിക്കേണ്ടത് ഉയർന്ന കേന്ദ്രവിഹിതം ലഭിക്കുന്ന സംസ്ഥാന സർക്കാറുകളാണ്. ഇവിടെയാണ് യഥാർത്ഥ പ്രശ്നം. പല സംസ്ഥാന സർക്കാരുകളുടെയും പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്ക് പ്രോൽസാഹജനകമല്ല. അത്തരം സംസ്ഥാനങ്ങളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൽക്ക് പ്രവർത്തിക്കുന്നതിനാവശ്യമായ വിഹിതം കുറയുന്നതിന് കാരണമാകും . ഉയർന്ന വിഹിതം ലഭ്യമാക്കുന്നതിനോടൊപ്പം സ്വയം പര്യാപ്തത നേടുന്നതിന് ഇന്ത്യയിലെ തദ്ദേശ സ്വയം ഭരണ സർക്കാരുകളെ പ്രോത്സാഹിപ്പിക്കേണ്ടിയിരിക്കുന്നു.

**(ഗാന്ധി മീഡിയ ഫൗണ്ടേഷന്റെ സെക്രട്ടറിയാണ് ലേഖകൻ)**

# വികസനപാത

## ● ദേശീയ ആയുഷ് ദൗത്യം

ആയൂർവേദം, യൂനാനി, യോഗ, സിദ്ധ, ഹോമിയോപ്പതി എന്നീ വൈദ്യശാസ്ത്ര വിഭാഗങ്ങളുടെ പ്രചാരണത്തിനും സാധാരണക്കാർക്ക് ചെലവു കുറഞ്ഞ ആയൂഷ് ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കുന്നതിനും, ഈ വിഭാഗങ്ങളിലെ പരിശീലനവും പഠനവും ശക്തമാക്കുന്നതിനും ഇത്തരം ഔഷധങ്ങളുടെ ഗുണനിലവാരവും, ഔഷധനിർമ്മാണത്തിന് ആവശ്യമായ അസംസ്കൃത വസ്തുക്കളുടെ സുസ്ഥിര ലഭ്യതയും ഉറപ്പാക്കുന്നതിനും ഇന്ത്യാ ഗവൺമെന്റ് ആരംഭിച്ച ക്ഷേമപദ്ധതിയാണ് ദേശീയ ആയൂഷ് ദൗത്യം.

രാജ്യത്തെ വിദൂര ഗ്രാമങ്ങളിലും അവികസിത മേഖലകളിലും ആയൂഷ് ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കുന്നതിലും അവയുടെ പരിശീലനത്തിലും വിദ്യാഭ്യാസത്തിലും സംഭവിച്ചിട്ടുള്ള വിടവ് നികത്തുന്നതിനും സംസ്ഥാന, കേന്ദ്ര ഭരണ ഗവൺമെന്റുകളെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് ദേശീയ ആയൂഷ് ദൗത്യം ആരംഭിച്ചിരിക്കുന്നത്. ഇതു പ്രകാരം രാജ്യത്തെ പിന്നോക്ക മേഖലകളുടെ ആവശ്യങ്ങൾക്ക് പ്രത്യേക ഊന്നൽ കൊടുത്തു കൊണ്ട് കൂടുതൽ വിഭവങ്ങൾക്കായി ഗവൺമെന്റുകളുടെ വാർഷിക പദ്ധതിയിൽ കൂടുതൽ തുക വകയിരുത്തും. ഇതിന് സംസ്ഥാന, കേന്ദ്ര ഭരണ ഗവൺമെന്റുകൾക്ക് 20 ശതമാനം പണം കൂടുതൽ അനുവദിക്കും.

## ● വനബന്ധു കല്യാൺ യോജന

ഗോത്രവർഗ്ഗക്കാരുടെ ക്ഷേമം മുൻനിർത്തി കേന്ദ്ര ഗവൺമെന്റ് ആരംഭിച്ചിരിക്കുന്ന പുതിയ പദ്ധതിയാണ് വനബന്ധു കല്യാൺ യോജന. ആന്ധ്രപ്രദേശ്, മധ്യപ്രദേശ്, ഹിമാചൽപ്രദേശ്, തെലുങ്കാന ,ഒറീസ, ജാർഖണ്ട്, ഛത്തിസ്ഗഡ്, രാജസ്ഥാൻ, മഹാര്ഷ്ട്ര, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങളിലെ ഓരോ ബ്ലോക്കുകളിൽ വീതം പൈലറ്റ് അടിസ്ഥാനത്തിൽ പദ്ധതി ഉടൻ നടപ്പാക്കും. ഗോത്രവർഗ്ഗക്കാർക്കായി വിവിധ ക്ഷേമ പദ്ധതികൾ തുടങ്ങാൻ ഈ ബ്ലോക്കുകൾക്ക് കേന്ദ്ര ഗവൺമെന്റ് 10 കോടി രൂപ വീതം നല്കും. വളരെ താഴ്ന്ന സാക്ഷരതാ നിരക്കുള്ള ബ്ലോക്കുകളെ വേണം ഈ പദ്ധതിക്കായി തെരഞ്ഞെടുക്കാൻ. ഗോത്ര വർഗ്ഗങ്ങളും മറ്റ് വിഭാഗങ്ങളുമായുള്ള മനുഷ്യവിഭവ ശേഷിയുടെയും അടിസ്ഥാന സൗകര്യങ്ങളുടെയും വിടവ് നികത്തുക എന്നതാണ് ഇതുകൊണ്ട് പ്രധാനമായി ഉദ്ദേശിക്കുന്നത്.

# കില@25 സാമൂഹിക ശാക്തീകരണ പാഠശാല

അനിൽകുമാർ പി.വൈ.

പൂരത്തിന്റെ മേമ്പൊടിയും സാംസ്കാരിക അക്കാദമികളുടെ ഭരണകേന്ദ്രവുമാണ് തൃശൂർ ജില്ലക്ക് സാംസ്കാരിക തലസ്ഥാനമെന്ന ഖ്യാതി നേടിക്കൊടുത്തിട്ടുള്ളത്. സർക്കാരിന്റെ കീഴിലുള്ള വിവിധ പഠന, പരിശീലന ഗവേഷണ സ്ഥാപനങ്ങൾ ഭരണസിരാകേന്ദ്രത്തോട് അരിക് ചേർന്ന് പ്രവർത്തിക്കുകയോ സ്ഥാപിക്കുകയോ ആണ് സാധാരണയായി ചെയ്യുക. എന്നാൽ തികച്ചും വ്യത്യസ്തമാണ് കേരളത്തിന്റെ ഒത്ത നടുവിൽ സംസ്ഥാന തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിൽ ഒരു കേന്ദ്രം, കില (KILA - Kerala Institute of Local Administration) എന്ന ചുരുക്കപ്പേരിലറിയുന്ന കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ എന്ന സ്വയംഭരണ പഠന, പരിശീലന ഗവേഷണ സ്ഥാപനം.

1990 ജൂൺ 16 ന് ഉദ്ഘാടനം ചെയ്ത് കാൽ നൂറ്റാണ്ട് പിന്നിടുകയാണ് കില. ഇന്ന് കേരളത്തിന്റെ മാത്രം അഭിമാനമല്ല കില, മറിച്ച് ദേശീയ അന്തർദേശീയ തലത്തിൽ തന്നെ വികേന്ദ്രീകരണ പ്രാദേശിക സർക്കാരുകളിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനം പ്രവർത്തന മികവിൽ ഉന്നത നിലവാരവും പ്രശസ്തിയും കാത്തു സൂക്ഷിക്കുന്നു. പരമ്പരാഗത വാർപ്പ് മാതൃകയിൽ നിന്നും വേറിട്ട് ചിന്തിക്കുന്ന, പ്രവർത്തിക്കുന്ന ഡയറക്ടർ ഡോ. പി.പി. ബാലന്റെ നേതൃത്വത്തിൽ നാലംഗ അക്കാദമിക് കമ്മിറ്റി, പങ്കാളിത്ത ജനാധിപത്യത്തിന്റെ പ്രകടന വേദികളായി മാറിയ ഗ്രാമപഞ്ചായത്തുകളെ വികേന്ദ്രീകൃത ആസൂത്രണത്തിന്റെ പരീക്ഷണ ശാലകളായി പരുവപ്പെടുത്തുന്നതിൽ നിർണ്ണായക പങ്ക് വഹിക്കുന്നു. കാലഘട്ടത്തിന്റെ അനിവാര്യതയായ പഞ്ചായത്തീരാജ് സ്ഥാപനങ്ങൾക്ക് ഇന്ന് ഇന്ത്യയിൽ മാതൃകകൾ സൃഷ്ടിച്ചു മുന്നേറുന്നത് കേരളത്തിലെ ത്രിതല പഞ്ചായത്തീരാജ് സ്ഥാപനങ്ങളാണ്. ഇതിന് പിന്നിലെ ചാലകശക്തി അന്വേഷിക്കാൻ ശ്രമിച്ചാൽ അത് കിലയാണെന്ന് ആരും സാക്ഷ്യപ്പെടുത്തും. പരമ്പരാഗതമായി സർക്കാർ സ്ഥാപനങ്ങൾക്ക് ചാർത്തി നൽകി വരുന്ന ചട്ടക്കൂടുകളിൽ നിന്നും വ്യത്യസ്തത പുലർത്തി വരുന്നതാണ് കിലയുടെ സമീപനവും കാഴ്ചപ്പാടും.

**കില: തുടക്കം ഇങ്ങനെ**

പരിമിതമായ അധികാരങ്ങളോടും സൗകര്യങ്ങളോടും കൂടി കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പഞ്ചായത്ത് അഡ്മിനിസ്ട്രേഷൻ എന്ന പരിശീലന കേന്ദ്രം തിരുവനന്തപുരത്തും കോഴിക്കോട്ടും പ്രവർത്തിച്ചിരുന്നു. ഒരു പരിശീലന കേന്ദ്രത്തിന് അനുകൂലമായ സാഹചര്യങ്ങൾ ഉണ്ടായിരുന്നില്ല ഈ രണ്ടു പരിശീലന കേന്ദ്രത്തിനും. ഈ അന്തരീക്ഷത്തിൽ ഒരു പരിശീലനം സാധ്യമാകുമാകുമായിരുന്നില്ല. എന്നാലും നാമമാത്രമായി ഇത് നടന്നു വന്നിരുന്നു. ഡയറക്ടറേറ്റിൽ ഉദ്യോഗസ്ഥർ അവരുടേതായ രീതിയിൽ നടത്തുന്ന ഒരു ചട്ടക്കൂ

ടുമില്ലാത്ത പരിശീലനമായിരുന്നു അക്കാലങ്ങളിൽ. അന്ന് പഞ്ചായത്ത് ഡയറക്ടറായിരുന്ന എൻ.എസ്. മാധവനാണ് ഇന്ന് കാണുന്ന കിലയുടെ അണിയറയിൽ പ്രവർത്തിച്ച വ്യക്തി. കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ സഹായവും ലഭ്യമായിരുന്നു. 1991 ൽ ആദ്യമായും അവസാനമായും നിലവിൽ വന്ന ജില്ലാ കൗൺസിൽ അംഗങ്ങൾക്ക് പരിശീലനം നൽകിക്കൊണ്ടായിരുന്നു കിലയുടെ തുടക്കം. ഇന്ന് പതിനായിരക്കണക്കിന് പരിശീലനാർത്ഥികൾ കിലയുടെ തട്ടകത്തിലെ പരിശീലനക്കളരിയിൽ നിന്നും അവരുടെ പ്രവർത്തനമേഖലകളിൽ വ്യാപരിച്ചിട്ടുണ്ട്.

**കിലയും പരിശീലനങ്ങളും**

പഞ്ചായത്തീരാജ് സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, വിവിധ വകുപ്പുകളിൽ നിന്നും കൈമാറിയ ഘടക സ്ഥാപനങ്ങളിലെ ജീവനക്കാർ, സാമൂഹ്യ പ്രവർത്തകർ എന്നിവർക്ക് പരിശീലനം നൽകുകയാണ് കിലയുടെ മുഖ്യ ഉത്തരവാദിത്തം. അധികാര വികേന്ദ്രീകരണവും പ്രാദേശിക ആസൂത്രണവും പൊതുഭരണവുമായി ബന്ധപ്പെട്ട പഠനഗവേഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും അതിനാവശ്യമായ നിയമനിർമ്മാണം, നയരൂപീകരണം എന്നിവക്കാവശ്യമായ വിദഗ്ധ ഉപദേശവും സഹായവും കില നൽകി വരുന്നു. പഞ്ചായത്തീരാജ് സ്ഥാപനങ്ങൾക്ക് ഭരണനിർവ്വഹണവുമായി ബന്ധപ്പെട്ട സംശയ നിവാരണത്തിനുള്ള ഹെൽപ്പ്ലൈൻ സംവിധാനം കിലയിലുണ്ട്. അധികാര വികേന്ദ്രീകരണ പ്രാദേശിക ആസൂത്രണ മേഖലയിൽ പരിശീലനം സംഘടിപ്പിക്കുന്നതിനുള്ള ദേശീയവും അന്തർദേശീയവുമായ പ്രാധാന്യം കൈവരിക്കാനും പരിശീലനം നൽകാനുമുള്ള ദക്ഷിണേന്ത്യയിലെ തന്നെ ശ്രദ്ധേയമായ സ്ഥാപനമാണ് കില. ജില്ലാ തലത്തിൽ വികേന്ദ്രീകൃത പരിശീലന സംവിധാനം സൃഷ്ടിച്ച് സമയബന്ധിതമായി പഞ്ചായത്തീരാജ് സ്ഥാപനങ്ങളുടെ പരിശീലന കാര്യങ്ങൾ കില നിറവേറ്റുന്നു.

അന്തർദേശീയ ഏജൻസികളായ യു.എൻ.ഡി.പി., യുനിസെഫ്, യു.എൻ-ഹാബിറ്റാറ്റ്, കോമൺവെൽത്ത് ലോക്കൽ ഗവണ്മെന്റ് ഫോറം, ലോക ബാങ്ക്, ദേശീയ തലത്തിൽ പഞ്ചായത്തീരാജ് മന്ത്രാലയം, കേന്ദ്ര നഗരവികസന മന്ത്രാലയം, ഹഡ്കോ എന്നിവയുടെ സഹകരണത്തോടെ വിവിധ പരിപാടികളും ഇതോടൊപ്പം സംഘടിപ്പിച്ചു വരുന്നു. പഞ്ചായത്തീരാജ് മന്ത്രാലയം പ്രാദേശികാസൂത്രണത്തിലും ഭരണ നിർവ്വഹണ പ്രവർത്തനങ്ങളിലും സെന്റർ ഓഫ് എക്സലൻസ് ആയി അംഗീകാരം നേടിയിട്ടുണ്ട്.

കിലയുടെ ശക്തിയും സ്രോതസ്സും കിലയ്ക്ക് നേരിട്ട് ബന്ധം അവകാശപ്പെടാനില്ലാത്ത ബന്ധുക്കളുടെ ഗണത്തിൽപ്പെട്ട എക്സ്റ്റൻഷൻ ഫാക്കൽട്ടി എന്ന വിളിപ്പേരിലറിയപ്പെടുന്ന 500 ഓളം വരുന്ന സമൂഹത്തിന്റെ പരിച്ഛേദമാണ്. ഇതിൽ അദ്ധ്യാപകർ, ഉദ്യോഗസ്ഥർ, സർക്കാർ സേവനത്തിൽ നിന്ന് വിരമിച്ചവർ, ഗവേഷകർ, അറിവും അനുഭവവും ഏറെയുള്ളവർ, ജനപ്രതിനിധികൾ, സാമൂഹിക സാംസ്കാരിക രാഷ്ട്രീയ സന്നദ്ധ പ്രവർത്തകർ ഇങ്ങനെ 'എക്സ്റ്റൻഷൻ' എന്ന വാക്കിന്റെ അർത്ഥം പോലെ തന്നെ നീണ്ടു പോകുന്നതാണ് ഈ ഫാക്കൾട്ടികളുടെ വൈവിധ്യ നിര.

ഗ്രാമസഭ, ഗ്രാമസ്വരാജ്, വാർഡ് സഭ, ഊരുക്കൂട്ടം, നഗരോദയ, ബെൽവന്തറായ് മേത്ത, അശോക് മേത്ത തുടങ്ങിയ പേരുകളിലറിയപ്പെടുന്ന കിലയിലെ പരിശീലന വേദികളിൽ ഒരേ സമയം വ്യത്യസ്ത വിഷയങ്ങളിൽ 300 ലധികം പേർക്ക് പരിശീലനം നൽകാൻ കഴിയും. കൂടാതെ ജില്ലാ തലത്തിൽ വികേന്ദ്രീകൃത രീതിയിൽ പരിശീലനം വേറെയും. ഇക്കഴിഞ്ഞ നവംബറിൽ പ്രാദേശിക ഭരണത്തിൽ വിദ്യാഭ്യാസ വിജ്ഞാന വ്യാപന ബോധനത്തിനായി ഹയർ സെക്കന്ററി വിദ്യാർത്ഥികളെ പങ്കെടുപ്പിച്ച് ഒരാഴ്ച കൊണ്ട് ഒരു ലക്ഷത്തോളം വിദ്യാർത്ഥികൾക്ക് നൽകിയ പരിശീലനം ഏറെ ശ്രദ്ധ പിടിച്ചുപറ്റിയത് വേറിട്ട അവതരണ രീതിയിലൂടെയായിരുന്നു. ഈ വിദ്യാർത്ഥികളാണ് 2015 ൽ നടക്കുന്ന പഞ്ചായത്തീരാജ് തെരഞ്ഞെടുപ്പിൽ പൗരബോധമുള്ള വോട്ടർമാരായി മാറുന്നതെന്ന പ്രത്യേകതയും ഈ പരിശീലനത്തിന് പിന്നിലുണ്ടായിരുന്നു.

12,000 ലധികം പുസ്തകശേഖരങ്ങളും 16ല

ധികം ജേർണലുകളും ആനുകാലികങ്ങളും ഉൾപ്പെടുന്ന വിശാലമായ റെഫറൻസ് ലൈബ്രറി, അതിനോടു ചേർന്ന് ഗാന്ധി ഗ്രാമസ്വരാജ് ആർട്ട് ഗ്യാലറി, പ്രസിദ്ധീകരണ വിഭാഗം, പഠനഗവേഷ ണ റിപ്പോർട്ടുകൾ, ഡോക്യുമെന്ററി പ്രദർശനങ്ങൾ എന്നിങ്ങനെ അന്താരാഷ്ട്ര നിലവാരമുള്ള പഠന പ രിശീലനകേന്ദ്രമാണ് കില.

300 ലധികം പേർക്ക് താമസിക്കാനുള്ള ഹോ സ്റ്റൽ സൗകര്യം, ആഡിറ്റോറിയം, ഗസ്റ്റ് ഹൗസ്, നക്ഷത്രവനം, പഴയകാല ഗ്രാമസഭാ മാതൃക, ഔഷധസസ്യ തോട്ടം, മഴവെള്ള സംഭരണി, മാ തൃകാ അങ്കണവാടി, സ്റ്റാഫ് ക്വാർട്ടേർസ് ഉൾപ്പെ ടെ 20 ഏക്കറിൽ വ്യാപിച്ചു കിടക്കുന്നതാണ് കില കാമ്പസ്.

**കില ജൂബിലിയുടെ നിറവിൽ**

ജൂബിലി വർഷത്തിൽ നിരവധി നവീന മായ ആശയങ്ങളാണ് കിലയ്ക്കുള്ളത്. അതിലേ റെ പ്രാധാന്യത്തോടെ കാണുന്നത് 2015 ൽ കേര ളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും വാർ ഡുകൾ കേന്ദ്രീകരിച്ച് ആരംഭിക്കുന്ന സേവാഗ്രാമം - ഗ്രാമകേന്ദ്രങ്ങളാണ്. ഇതിനു പിന്നിൽ കിലയു ടെ ഇടപെടൽ സജീവമായിരുന്നു. ഗാന്ധിജി വിഭാവനം ചെയ്ത സ്വയം പര്യാപ്തതയിലൂന്നിയ മാതൃകാ ഗ്രാമങ്ങളിലേക്കുള്ള ചുവടുവയ്പ്പായി ഇതിനെ കാണാം. അതിനുള്ള പരിശീലനം പഞ്ചായത്തീരാജ് സ്ഥാപനങ്ങളിലെ എല്ലാവർക്കും പൂർത്തിയായി. മറ്റൊന്ന് കേന്ദ്ര സംസ്ഥാന ആവി ഷ്കൃത പദ്ധതിയുടെ സംയോജനത്തിലൂന്നിയ ഗ്രാമപഞ്ചായത്തുകളുടെ വികസനാസൂത്രണം, വിഷൻ 2030 - നിയമസഭാ സാമാജികരുടെ കാഴ്ചപ്പാടുകൾക്ക് ഗ്രാമപഞ്ചായത്തിലൂന്നിയ വികസനപരിപ്രേക്ഷ്യം സൃഷ്ടിച്ചെടുക്കുക, ഇപ്പോൾ പ്രധാനമന്ത്രി പ്രഖ്യാപിച്ചിട്ടുള്ള സൻസദ് ആദർശ് പദ്ധതിക്ക് അനുയോജ്യമായി എം.പി. മാരുടെ നേതൃത്വത്തിൽ തുടക്കമിടുന്ന മാതൃകാ ഗ്രാമങ്ങൾക്കാവശ്യമായ പിന്തുണാ സംവിധാനം ഉറപ്പാക്കുക, കിലയെ ഒരു കൽപ്പിത സർവ്വകലാ ശാലയാക്കി മാറ്റുക, വികേന്ദ്രീകൃത ആസൂത്രണ പഠന ഗവേഷണ പരിപാടികളിൽ രാജ്യാന്തര വിദ്യാഭ്യാസ കേന്ദ്രമായ സൗത്ത് ഏഷ്യൻ സ്കൂൾ ഓഫ് ലോക്കൽ ഗവേർണൻസിനെ ശാക്തീക രിക്കുക തുടങ്ങിയ വൈവിധ്യമാർന്ന പ്രവർത്തന ങ്ങളാണ് ജൂബിലി വർഷത്തിൽ ലക്ഷ്യമിടുന്നത്. 2015 പഞ്ചായത്ത് തെരഞ്ഞെടുപ്പ് വർഷമാണ്. പുതുതായി തെരഞ്ഞെടുക്കുന്ന 12000 ലധികം വരുന്ന ജനപ്രതിനിധികൾക്കുള്ള പരിശീലനം സമയബന്ധിതമായി സംഘടിപ്പിക്കുക എന്ന ശ്രമകരമായ ദൗത്യം ജൂബിലി വർഷത്തിൽ കില യ്ക്കുണ്ട്.

**ലേഖകൻ കില എക്സ്റ്റൻഷൻ ഫാക്കൽറ്റിയാണ്.**



# നിങ്ങൾക്കറിയാമോ?

## നാഷണൽ എയർക്വാളിറ്റി ഇൻഡക്സ്

'ഒരു നമ്പർ, ഒരു കളർ, ഒരു വിശദീകരണം' എന്ന തത്വമനുസരിച്ച് സാധാരണക്കാരനായ ഒരാൾക്ക് തന്റെ താമസസ്ഥലത്തും പരിസര പ്രദേശത്തുമുള്ള വായുവിന്റെ ഗുണമേന്മ ഉറപ്പുവരുത്താനുള്ള സംവിധാനമാണ് AQI അഥവാ വായുവിന്റെ ഗുണമേന്മ സൂചിക. ശുചിത്വ ഭാരതം പദ്ധതിയുടെ ഭാഗമായുള്ള ഈ പദ്ധതി ലക്ഷ്യമിടുന്നത് ജനപങ്കാളിത്തത്തോടെ പരിസര മലിനീകരണം തടയുക എന്നതാണ്. ഇതുവഴി പരിസ്ഥിതിയുടെ സംരക്ഷണവും വികസനവും സംതുലനവും കൈവരിക്കാനാകും.

നല്ലത്, തൃപ്തികരം, തരക്കേടില്ല, മോശം, വളരെ മോശം, മലിനമായത് എന്നിങ്ങനെ ആറു തരത്തിലാണ് AQI ഉള്ളത്. എട്ടു തരത്തിലുള്ള വായു മിലിനീകരണങ്ങളാണ് നിർദ്ദിഷ്ട AQI യിൽ പറഞ്ഞിട്ടുള്ളത്. ഇതനുസരിച്ച് വായുവിന്റെ ഗുണമേന്മയുടെ അളവ് എത്രവേണമെന്നതിന് ദേശീയ തലത്തിൽ അനുപാതം നിശ്ചയിച്ചിട്ടുണ്ട്. പരിസ്ഥിതിയിലും ആരോഗ്യരംഗത്തും ഉണ്ടാകുന്ന മാറ്റങ്ങൾ കൂടി വിലയിരുത്തി ഓരോ മലിനീകരണ വസ്തുവിനും ഒരു ഉപസൂചിക കൂടി നൽകുന്നു. ഏറ്റവും മോശമായ ഉപസൂചികയനുസരിച്ച് വായുവിന്റെ ഗുണമേന്മാ സൂചിക മനസ്സിലാക്കാം.

വായു മലിനീകരണം പരിസ്ഥിതിയിൽ മാത്രമല്ല, ആരോഗ്യരംഗത്തും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. രാജ്യത്ത് 240 നഗരങ്ങളിൽ ദേശീയ അന്തരീക്ഷ ഗുണമേന്മാ നിരീക്ഷണ പദ്ധതികൾ കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെയും സംസ്ഥാന മലിനീകരണ ബോർഡിന്റെയും മേൽനോട്ടത്തിൽ നടപ്പിലാക്കിവരുകയാണ്. പ്രസ്തുത സാഹചര്യത്തിൽ അന്തരീക്ഷ മലിനീകരണത്തെക്കുറിച്ച് സാധാരണക്കാരിൽ അവബോധം വരുത്താൻ ഭാഷാടിസ്ഥാനത്തിൽ പദ്ധതികൾ തുടങ്ങേണ്ടതുണ്ട്. സ്കൂൾ - കോളേജ് തലത്തിൽ അവബോധ ക്ലാസുകളും കൂടുതലായി തുടങ്ങേണ്ടതുണ്ട്.

## പഹൽ പദ്ധതി

2015 ജനുവരി 1 ന് കേന്ദ്ര ഗവൺമെന്റ് എൽ.പി.ജി. ഉപഭോക്താക്കൾക്കുവേണ്ടി ആരംഭിച്ച പദ്ധതിയാണ് പഹൽ അഥവാ പ്രത്യക്ഷ ഹൻസ്താന്ത്രിക്ക് ലാഭ്. ഇതനുസരിച്ച് മാർക്കറ്റിൽ നിലവിലുള്ള വിലയ്ക്ക് ഉപഭോക്താവിന് എൽ.പി.ജി. സിലിണ്ടർ വിതരണം ചെയ്യുകയും സബ്സിഡി തുക ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിൽ നേരിട്ട് നിക്ഷേപിക്കുകയും ചെയ്യുന്നു. രണ്ടു തരത്തിലാണ് ഇത് നടപ്പിലാക്കുന്നത്.

1. പ്രൈമറി:- ഇതിനായി ആധാർ നമ്പർ സ്വന്തമായുള്ളവർ അവരുടെ കാർഡ് വിവരങ്ങൾ ബാങ്ക് അക്കൗണ്ടുമായി ബന്ധിപ്പിക്കേണ്ടതുണ്ട്. സബ്സിഡി തുക അക്കൗണ്ടിൽ നിക്ഷേപിക്കും.

2. സെക്കണ്ടറി : ആധാർ നമ്പർ ഇല്ലാത്ത ഗുണഭോക്തക്കൾ അവരുടെ ബാങ്ക് അക്കൗണ്ട് സംബന്ധിച്ച വിവരങ്ങൾ എൽ.പി.ജി. ഡീലറെ ഏൽപ്പിക്കണം. അക്കൗണ്ട് നമ്പർ, പേര്, ബാങ്ക് ഐഎഫ്എസ്സി കോഡ് എന്നിവയാണ് കൈമാറേണ്ടത്.

ബാങ്കിൽ നിന്ന് നേരിട്ട് സബ്സിഡി ലഭിക്കുന്നവർ സിടിസി (കാഷ് ട്രാൻസ്ഫർ കംപ്ലയ്ന്റ്) ഉപഭോക്താക്കൾ എന്ന് അറിയപ്പെടുന്നു. മറ്റുള്ളവർക്ക് സിട്ടിസി ഉപഭോക്താക്കളാകാൻ മൂന്നുമാസത്തെ കാലാവധി നൽകിയിട്ടുണ്ട്. എന്നാൽ ഈ കാലഘട്ടത്തിൽ അവർ മാർക്കറ്റ് വിലക്ക് സിലിണ്ടർ വാങ്ങേണ്ടതുണ്ട്.

പഹൽ പദ്ധതിയിൽ ചേരുന്നതിനായി സിടിസി ഉപഭോക്താക്കൾക്ക് ഒറ്റത്തവണ അഡ്വാൻസ് നൽകുന്നുണ്ട്. ഈ തുക ഉപഭോക്താക്കൾ കണക്ഷൻ വിച്ഛേദിക്കുന്നതുവരെ നിലനിൽക്കുന്നതുമാണ്.

കേരളം കാണാം

ഒരു വിസിറ്റ് കേരള സംരംഭം

എല്ലാ വർഷവും ലോകത്തിന്റെ നാനാഭാഗത്തു നിന്നും ഇന്ത്യയിൽ നിന്നും 1 കോടിയിൽപ്പരം സഞ്ചാരികൾ നമ്മുടെ നാടിനെ അറിയാൻ എത്തുന്നു. ശാന്തിയും സമാധാനവും സൗന്ദര്യവും ലാളിത്യവുമെല്ലാം അവർ ഇവിടെ കണ്ടെത്തുന്നു. ലോകമെമ്പാടും സഞ്ചരിച്ചറിയുന്ന മലയാളിക്കും സ്വന്തം നാട് അന്യമാകരുത്. ഇതിനുവേണ്ടിയാണ് കേരള ടൂറിസം 'കേരളം കാണാം' എന്ന പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. നമ്മുടെ നാടിന്റെ അറിയാത്ത മുഖങ്ങളും കാണാക്കാഴ്ച്ചകളും ഇനി നമുക്ക് അടുത്തറിയാം. ഈ അവധിക്കാലത്ത് തന്നെയാകട്ടെ ഹൃദ്യമായ ഈ യാത്രയുടെ തുടക്കം. കൂടുതൽ വിവരങ്ങൾക്ക് www.keralatourism.org സന്ദർശിക്കുകയോ 1800 425 4747 ൽ വിളിക്കുകയോ ചെയ്യുക.

# ഇനി കേരളം കാണാം



വയനാട് ചുരം

Yojana (Malayalam) June 2015 Rs. 10 RNI. 22588/72 Postal Regn. Regd. KL/TV (S) 29/2015-17
Licensed to post without pre-payment : KL/TV(S)/WPP/172/2015-17
Published on 1/6/2015


# Mahatma Gandhi University

*(B Accreditation by NAAC)*

Priyadarsini Hills, P.O, Kottayam – 686 560, Kerala
CAT Cell Contact No. 0481 6555562

## COMMON ADMISSION TEST FOR PG PROGRAMMES (CAT-MGU) 2015

Applications are invited for admission to PG Programmes of Mahatma Gandhi University in its Statutory Teaching Departments.

### M.Sc. PROGRAMMES

Inorganic Chemistry, Organic Chemistry, Physical Chemistry, Polymer Chemistry, Physics, Biochemistry, Biotechnology, Microbiology, Biophysics, Environment Science and Management, Environment Science and Disaster Management, Disability Studies and Rehabilitation Sciences, Psychology, Computer Science,

### M.A. PROGRAMMES

Malayalam, English, Politics & International Relations, Politics & Human Rights, Politics (Public Policy & Governance), Gandhian Studies, Development Studies, History, Anthropology

### M.T.M., M.Ed., L.L.M.

Admissions to all above programmes are through Common Admission Test (CAT). Only online registration will be considered for CAT. Registration fee also has to be paid online. Candidates who are awaiting the results of the qualifying examination can also apply. The facility for online registration, prospectus, detailed schedule, details of academic programmes, teaching Schools, eligibility conditions and other particulars are available in the websites www.mgu.ac.in and www.cat.mgu.ac.in.

KN Raj Study Centre under the University is also offering

### M.A (ECONOMICS)

for which applications can be submitted online

**Last date for online submission of applications of all programmes above: 8th June 2015.**

### OFF-LINE ADMISSION PROCESS FOR

Five-year **BBA.LLB (HON.),** Three-year **LLB, MBA**

Applications are also invited for the above programmes in off-line mode, details of which can be downloaded from www.mgu.ac.in

**Last date for offline submission of applications: 12th June 2015.**

PRO/1/Advt/10/2015-16

www.mgu.ac.in

**M.R. UNNI** (REGISTRAR)


ഇന്ത്യാ ഗവൺമെന്റിന്റെ പബ്ലിക്കേഷൻസ് ഡിവിഷനുവേണ്ടി **അഡീഷണൽ ഡയറക്ടർ ജനറൽ ഡോ. സാധനാ റാവുത്** സെന്റ് ജോസഫ്സ് പ്രസിൽ അച്ചടിച്ച് തിരുവനന്തപുരത്തെ ഗവ. പ്രസ് റോഡിൽ നിന്ന് പ്രസാധനം ചെയ്യുന്നത്.
**ചീഫ് എഡിറ്റർ – ദീപിക കച്ചൽ, സീനിയർ എഡിറ്റർ – ഡോ. നീതു സോണ എം.**